.

# കേരള സംസ്ഥാന യുവജനക്ഷേമ ബോർഡിലെ
# മനുഷ്യവിഭവശേഷി നിർണ്ണയം
## (Human Resources Planning in Kerala State Youth Welfare Board)

**പഠന റിപ്പോർട്ട്**

തയ്യാറാക്കിയത്

**ഉദ്യോഗസ്ഥ ഭരണ പരിഷ്കാര (എ ആർ 3) വകുപ്പ്**

**2019**

# കേരള സംസ്ഥാന യുവജനക്ഷേമ ബോർഡിലെ മനുഷ്യവിഭവശേഷി നിർണ്ണയം

## പഠന റിപ്പോർട്ട്

### പഠന സംഘം

| | |
|---|---|
| തയ്യാറാക്കിയത് | ശ്രീ ബിജു എസ്, സെക്ഷൻ ഓഫീസർ, പി & എ ആർ ഡി |
| | ശ്രീ ബൈജു ജി, അസിസ്റ്റന്റ് സെക്ഷൻ ഓഫീസർ, പി & എ ആർ ഡി |
| | ശ്രീ പ്രിജിത് ജി, അസിസ്റ്റന്റ് സെക്ഷൻ ഓഫീസർ, പി & എ ആർ ഡി |
| മേൽനോട്ടം വഹിച്ചത് | ശ്രീ കെ രാജേന്ദ്രൻ ചെട്ടിയാർ, അണ്ടർ സെക്രട്ടറി, പി & എ ആർ ഡി |
| | ശ്രീമതി ചിത്ര എം എസ്, ഡെപ്യൂട്ടി സെക്രട്ടറി, പി & എ ആർ ഡി |
| | ശ്രീ ഗോപാൽ വി എസ്, ജോയിന്റ് സെക്രട്ടറി, പി & എ ആർ ഡി |
| റിപ്പോർട്ട് അംഗീകരിച്ചത് | ശ്രീ കെ. ഗോപാലകൃഷ്ണ ഭട്ട് IAS , സെക്രട്ടറി, പി & എ ആർ ഡി |

# ഉള്ളടക്കം


| അധ്യായം നമ്പർ | അധ്യായം | പേജ് |
|---|---|---|
| 1 | യുവതയും കേരള സംസ്ഥാന യുവജനക്ഷേമ ബോർഡും - പൊതു അവലോകനം | 4-7 |
| 2 | പഠനത്തിന്റെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ, രീതിശാസ്ത്രം | 8-13 |
| 3 | സ്ഥാപന ഘടന, തസ്തികകൾ ,ജീവനക്കാർ | 14-16 |
| 4 | സംസ്ഥാന യുവജനക്ഷേമ ബോർഡ് പദ്ധതികൾ/പരിപാടികൾ. | 17-20 |
| 5 | ജില്ലാ യുവജന കേന്ദ്രങ്ങൾ | 21-30 |
| 6 | ദേശീയ സാഹസിക അക്കാദമികൾ | 31-34 |
| 7 | ഗ്രാന്റ് ഇൻ എയ്ഡും യുവജനക്ഷേമ പ്രോഗ്രാമുകളും | 35-40 |
| 8 | ജോലിഭാരം - അപഗ്രഥനം | 41-72 |
| 9 | അധിക തസ്തികകളുടെ ആവശ്യകത | 73-82 |
| 10 | അഭിലഷണീയ പ്രോഗ്രാമുകൾ | 83-87 |
| 11 | കണ്ടെത്തലുകളും ശുപാർശകളും | 88-102 |
| | കൃതജ്ഞത | 103 |
| | അനുബന്ധം | 104 |

## അദ്ധ്യായം 1

## യുവതയും കേരള സംസ്ഥാന യുവജനക്ഷേമ ബോർഡും - പൊതു അവലോകനം

### 1.1 ആമുഖം

ആശ്രയബന്ധിതമായ ബാല്യത്തിൽ നിന്നും സ്വാതന്ത്ര്യലബ്ധമായ യൗവനത്തിലേക്ക് മാറുന്ന കാലഘട്ടമാണ് യുവത്വം. പരമ്പരാഗതമായി കൗമാരപ്രായം മുതൽ മദ്ധ്യ വയസ്സ് വരെയുള്ള കാലഘട്ടം യുവത്വം ആയി കണക്കാക്കപ്പെടുന്നു. യുവതയുടെ നിർവ്വചനത്തിനായി കണക്കിലെടുക്കുന്ന അടിസ്ഥാന ഘടകം പ്രായമാണ്. 15 മുതൽ 24 വയസ്സിനുള്ളിൽ പ്രായമുള്ളവരെ ഐക്യരാഷ്ട്രസഭ 'യുവാവ്' എന്ന് നിർവ്വചിച്ചിരിക്കുന്നു. 2012 ലെ സംസ്ഥാന യുവജനനയം 18 - 40 പ്രായപരിധിയിലുള്ളവരെ യുവത എന്ന് വ്യാഖ്യാനിച്ചിരിക്കുന്നു. 2014 ലെ ദേശീയ യുവജനനയപ്രകാരം 15-നും 29-നും ഇടയിൽ പ്രായമുള്ളവരാണ് യുവാവ്.

ഭാവി സമൂഹസൃഷ്ടിയുടെ നെടുന്തൂണുകളാണ് യുവജനങ്ങൾ. പ്രാദേശിക സമൂഹത്തിന്റെ വികസനത്തിന് യുവതയുടെ സംഭാവന വിലമതിക്കാനാവാത്തതാണ്. നിർബന്ധിത വിദ്യാഭ്യാസ കാലഘട്ടം അവസാനിക്കുന്ന പ്രായം മുതൽ തൊഴിൽ ലഭിക്കുന്ന പ്രായം വരെയുള്ള കാലഘട്ടത്തിൽ യുവതയുടെ നാനാതലങ്ങളിലുമുള്ള കഴിവുകളെ പൂർണ്ണതയിലെത്തിക്കേണ്ടത് അത്യന്താപേക്ഷിതമാണ്. ഈ ഉദ്യമത്തിലൂന്നി, കേരളത്തിലെ യുവജനതയുടെ, വിശിഷ്യാ ഗ്രാമീണ യുവതയുടെയും പട്ടികജാതി പട്ടിക വർഗ്ഗ യുവതയുടെയും ക്ഷേമവും വളർച്ചയും ലക്ഷ്യമാക്കി അവരുടെ ശാരീരികമായും, സാംസ്കാരികമായും, ശാസ്ത്രീയമായും, സാഹിത്യപരവും തൊഴിൽപരവുമായുള്ള വികസനം ത്വരിതപ്പെടുത്തുകയും പരിപോഷിപ്പിക്കുകയും ചെയ്യുന്നതിന് പര്യാപ്തമായ പദ്ധതികളും പരിപാടികളും ആവിഷ്കരിച്ച് കൊണ്ട് യുവജനതയുടെ ശാക്തീകരണം സാധ്യമാക്കുന്നതിനായി കേരള സർക്കാർ 1979 ൽ രൂപീകരിച്ച സ്ഥാപനമാണ് **കേരള സംസ്ഥാന യുവജനക്ഷേമ ബോർഡ്**. 18.06.1985 ലെ സ.ഉ(എം.എസ്) 126/85/പൊ.വി.വ അനുസരിച്ച് 1955 ലെ തിരുവിതാംകൂർ കൊച്ചി സാഹിത്യ ശാസ്ത്ര ധർമ്മ സൗധങ്ങൾ രജിസ്റ്ററാക്കൽ ആക്ട് പ്രകാരം ഒരു സ്വയംഭരണ സ്ഥാപനമായി ബോർഡിനെ രജിസ്റ്റർ ചെയ്തിട്ടുണ്ട്. കേരള സംസ്ഥാന യുവജനക്ഷേമ ബോർഡിന്റെ ലക്ഷ്യം, ഉദ്ദേശ്യങ്ങൾ എന്നിവ തുടർന്നുള്ള ഖണ്ഡികകളിൽ വിവരിക്കുന്നു.

### 1.2 ലക്ഷ്യം

കേരളത്തിലെ യുവജനതയുടെ വ്യക്തിതലത്തിലും, കല, കായികം, ശാസ്ത്രീയം, സാംസ്കാരികം തുടങ്ങിയ തലങ്ങളിലേയും വികസനത്തിന് നെടുന്തൂണായ യൂത്ത് ക്ലബ്ബുകളെ പിന്തുണക്കുകയും, അഭിവൃദ്ധിപ്പെടുത്തുകയും, പ്രോത്സാഹിപ്പിക്കുകയും ചെയ്തുകൊണ്ട് യുവതയുടെ കഴിവുകളെ പൂർണ്ണതയിലെത്തിക്കുന്നതിനായുള്ള സാമൂഹികാന്തരീക്ഷം സൃഷ്ടിക്കുക.

## 1.3 ഉദ്ദേശ്യങ്ങൾ

**1.** സാമൂഹ്യ പ്രതിബദ്ധതയുള്ള യുവജനങ്ങളെ വാർത്തെടുക്കുന്നതിനായി സാൻമാർഗിക മൂല്യങ്ങൾ, ശാരീരികവും മാനസികവുമായ ആരോഗ്യം, സാമൂഹ്യബോധം, സാമൂഹ്യ പ്രതിബദ്ധത , സ്പോർട്സ്മാൻഷിപ്പ് എന്നിവയെക്കുറിച്ച് അവബോധം വളർത്തുന്ന തുടർ കർമ്മ പദ്ധതികൾ അവിഷ്കരിക്കുക.

**2.** യുവജനതയുടെ ശാക്തീകരണം ലക്ഷ്യമാക്കിക്കൊണ്ടുള്ള പ്രവർത്തനങ്ങൾ എകോപിപ്പിക്കുന്നതിനും നടപ്പിലാക്കുന്നതിനുമായി യുവജനക്ഷേമ സെന്ററുകൾ സംസ്ഥാന തലത്തിലും, ജില്ലാ, ബ്ലോക്ക്, പ്രാദേശിക തലങ്ങളിലും ആരംഭിക്കുക.

**3.** വിവിധ വകുപ്പുകൾ ആവിഷ്കരിക്കുന്ന തൊഴിൽ പദ്ധതികളും മറ്റ് പ്രോഗ്രാമുകളും നഗരങ്ങളിലേയും ഗ്രാമീണ മേഖലയിലേയും യുവജനതയ്ക്ക് ലഭ്യമാക്കുന്നതിനായി അന്തർവകുപ്പ് ഏകോപനം സാധ്യമാക്കുന്ന ഒരു നോഡൽ ഏജൻസിയായി പ്രവർത്തിക്കുക.

**4.** നൈപുണ്യ വികസനം, സംരംഭകത്വ വികസനം എന്നിവ പ്രോത്സാഹിപ്പിക്കുയും ആധുനിക സമൂഹത്തിന്റെ ആവശ്യങ്ങൾക്ക് അനുസൃതമായി ഈ മേഖലകളിൽ പദ്ധതികൾ ആവിഷ്കരിക്കുകയും അതുവഴി യുവജനതക്കായി തൊഴിൽ സൃഷ്ടീകരണ ഏജൻസിയായി പ്രവൃത്തിക്കുക.

**5.** ഗ്രാമീണ മേഖലയിൽ സ്വയംതൊഴിൽ/കൂട്ട്/സംയുക്ത തൊഴിൽ പദ്ധതികൾ ആരംഭിക്കുക.

6. കല, സാഹിത്യം, കരകൗശല മേളകൾ, കായിക മേളകൾ, പഞ്ചായത്ത്, ബ്ലോക്ക് തലങ്ങളിൽ സംഘടിപ്പിക്കുക

**7.** തൊഴിൽ സാദ്ധ്യതകൾ വർദ്ധിപ്പിക്കുന്നതിന് പരമ്പരാഗത/നാടൻ കലകളിൽ പരിശീലനം നൽകുക.

**8.** യുവജനതയെ സംബന്ധിക്കുന്ന വിഷയങ്ങളെ ആസ്പദമാക്കി ജേർണലുകൾ, പീരിയോഡിക്കലുകൾ എന്നിവ പ്രസിദ്ധീകരിക്കുക.

**9.** പൊതുജന താൽപര്യ വിഷയങ്ങളായ ലഹരി ദുരുപയോഗം തടയൽ, എയ്ഡ്സ് പ്രതിരോധം, പരിസ്ഥിതി സംരംക്ഷണം എന്നിവയിൽ സംസ്ഥാന തലത്തിൽ ക്യാംപയിനുകളും, പദ്ധതികളും സംഘടിപ്പിക്കുക.

**10.** ലിംഗസമത്വം ഉറപ്പാക്കുന്നതിനായി, സ്ത്രീ ശാക്തീകരണം, പെൺകുട്ടികളുടെ വിദ്യാഭ്യാസം എന്നിവയിൽ പദ്ധതികൾ ആവിഷ്കരിക്കുക.

**11.** തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സഹായത്തോടെ മാനസിക വൈകല്യമുള്ള യുവത, മാനസിക പിരിമുറുക്കം അനുഭവിക്കുന്ന യുവതീ യുവാക്കൾ, തെരുവിൽ ഉപേക്ഷിക്കപ്പെട്ട യുവത ഇവർക്കായി പുനരധിവാസ പദ്ധതികൾ നടപ്പിലാക്കുക.

**12.** നിയമനിർമ്മാതാക്കൾ, എഴുത്തുകാർ, കലാകാരൻമാർ, ഡോക്ടർമാർ, അഭിഭാഷകൻമാർ, ബിസിനസ്സുകാർ, സാമൂഹ്യ പ്രവർത്തകർ എന്നിവരെ ഉൾപ്പെടുത്തി യൂത്ത് ഫോറം രൂപീകരിക്കുകയും ഇവരുടെ സേവനങ്ങളും, വിഭവങ്ങളും സമൂഹത്തിന്റെ വികസനത്തിനും, നന്മയ്ക്കായി ഉപയോഗിക്കുക.

**13.** യുവജന ക്ഷേമ പദ്ധതികൾ ആവിഷ്ക്കരിക്കുന്നതിനും, ഏറ്റെടുത്ത് നടപ്പിലാക്കുന്നതിനുമായി യുവാക്കളുടെ സന്നദ്ധ സേന (Voluntary Youth Corps) സംസ്ഥാന തലത്തിലും, ജില്ലാ, ബ്ലോക്ക്, പ്രാദേശിക തലങ്ങളിലും രൂപീകരിക്കുക. പ്രകൃതി ദുരന്തങ്ങളിലും, അപകടങ്ങളിലും ദുരിതാശ്വാസ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നതിനും, സമൂഹത്തിൽ ദുരിതമനുഭവിക്കുന്ന ജനങ്ങളെ പുനരധിവസിപ്പിക്കുന്നതിൽ സേവനം നൽകുന്നതിനും ഇത്തരം സന്നദ്ധ സേനകൾക്ക് കഴിയും.

**14.** മികച്ച പ്രവർത്തനം കാഴ്ചവയ്ക്കുന്ന യുവജനങ്ങളുടെ സേവനങ്ങളെ അംഗീകരിക്കുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനുമായി യൂത്ത് അവാർഡ് സംസ്ഥാന, ജില്ലാ, ബ്ലോക്ക്, പ്രാദേശിക തലങ്ങളിൽ ഏർപ്പെടുത്തുക.

**15.** യുവജനതയുടെ നാനാ തലങ്ങളിലുള്ള വികസനവും, ക്ഷേമവും മുൻ നിർത്തി സാധ്യമായ അവസരങ്ങളെക്കുറിച്ച് പര്യവേഷണം നടത്തുന്നതിനായി അന്താരാഷ്ട്ര യുവജന കേന്ദ്രം സംസ്ഥാനത്ത് ആരംഭിക്കുക.

**16.** കേരളത്തിലെ യുവജനതയും ലോക യുവജനതയും തമ്മിൽ ഇടപഴകുന്നതിനും ആശയങ്ങൾ പങ്കുവയ്ക്കുന്നതിനും ഐക്യദാർഢ്യം വളർത്തുന്നതിനുമായി ദേശീയ, അന്തർദ്ദേശീയ തലങ്ങളിൽ യൂത്ത് എക്സ്ചേഞ്ച് പ്രോഗ്രാം, കോൺഫറൻസുകൾ, സാംസ്കാരിക പ്രവർത്തനങ്ങൾ, വർക് ഷോപ്പുകൾ തുടങ്ങിയവ സംഘടിപ്പിക്കുക.

2011 സെൻസസ് പ്രകാരം കേരളത്തിലെ ജനസംഖ്യ 33406061 ആണ്. ഇതിൽ 16027412 പേർ പുരുഷൻമാരും 17378649 പേർ സ്ത്രീകളും ആണ്.

## 1.4 <u>2011 സെൻസസ് പ്രകാരമുള്ള യുവതയുടെ സ്ഥിതിവിവരക്കണക്കുകൾ</u>

### ഇൻഡ്യ

പട്ടിക -1

| പ്രായം | ആൺ | പെൺ | ആകെ | ശതമാനം |
|---|---|---|---|---|
| 15-19 | 63,982,396 | 56544053 | 120526449 | 9.95 |
| 20-24 | 57584693 | 53839529 | 111424222 | 9.20 |
| 25-29 | 51344208 | 50069757 | 101413965 | 8.38 |
| 30-34 | 44660674 | 43934277 | 88594951 | 7.31 |
| 35-39 | 42919381 | 42221303 | 85140684 | 7.03 |

**കേരളം**

പട്ടിക -2

| പ്രായം | ആൺ | പെൺ | ആകെ | ശതമാനം |
|---|---|---|---|---|
| 15-19 | 1328299 | 1282253 | 2610552 | 7.8 |
| 20-24 | 1298826 | 1366983 | 2665809 | 7.98 |
| 25-29 | 1203978 | 1400114 | 2604092 | 7.79 |
| 30-34 | 1128217 | 1327284 | 2455501 | 7.35 |
| 35-39 | 1161819 | 1417854 | 2579673 | 7.72 |

2011 ലെ സെൻസസ് പ്രകാരം കേരളത്തിലെ ആകെ ജനസംഖ്യയുടെ (3,34,060,61) 23.57% 15 നും 29 നും ഇടയിൽ പ്രായമുള്ളവരാണ്. രാജ്യത്താകമാനമുള്ള യുവതയുമായി താരതമ്യം ചെയ്യുമ്പോൾ 3.96% കുറവാണ്.(2014 ലെ ദേശീയ യുവജനനയപ്രകാരം)

## 1.5 കേരളത്തിലെ പട്ടികജാതി യുവജനങ്ങളുടെ 2011 സെൻസസ് പ്രകാരമുള്ള ജനസംഖ്യ

പട്ടിക -3

| പ്രായം | ആൺ | പെൺ | ആകെ | ശതമാനം |
|---|---|---|---|---|
| 15-19 | 114858 | 112325 | 227183 | 8.70 |
| 20-24 | 123177 | 126355 | 249532 | 9.36 |
| 25-29 | 134093 | 140821 | 274914 | 10.55 |
| 30-34 | 119933 | 127259 | 247192 | 10.06 |
| 35-39 | 125461 | 140899 | 266360 | 10.32 |

## 1.6 കേരളത്തിലെ പട്ടികവർഗ്ഗ യുവജനങ്ങളുടെ 2011 സെൻസസ് പ്രകാരമുള്ള ജനസംഖ്യ

പട്ടിക -4

| പ്രായം | ആൺ | പെൺ | ആകെ | ശതമാനം |
|---|---|---|---|---|
| 15-19 | 19147 | 18740 | 37887 | 1.45 |
| 20-24 | 20186 | 22359 | 42545 | 1.59 |
| 25-29 | 22745 | 24105 | 46850 | 1.79 |
| 30-34 | 18466 | 19598 | 38064 | 1.55 |
| 35-39 | 19931 | 21836 | 41767 | 1.61 |

# അദ്ധ്യായം 2

## പഠനത്തിന്റെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ, രീതിശാസ്ത്രം

### 2.1 പഠനത്തിന്റെ ഉൽഭവം

കേരള സംസ്ഥാന യുവജനക്ഷേമ ബോർഡിൽ 29 അംഗീകൃത തസ്തികകളാണുള്ളത്. അംഗീകൃത തസ്തികകളുടെ ലിസ്റ്റ് ചുവടെ ചേർക്കുന്നു.

പട്ടിക -5

| ക്രമ നമ്പർ | തസ്തിക | എണ്ണം | നിയമനരീതി |
|---|---|---|---|
| 1 | മെമ്പർ സെക്രട്ടറി | 1 | അന്യത്രസേവനം |
| 2 | ഫിനാൻസ് ഓഫീസർ | 1 | അന്യത്രസേവനം |
| 3 | ഡെപ്യൂട്ടി ഡയറക്ടർ | 1 | അന്യത്രസേവനം |
| 4 | സീനിയർ സൂപ്രണ്ട് | 1 | അന്യത്രസേവനം |
| 5 | പ്രോജക്ട് ഓഫീസർ | 1 | കരാർ |
| 6 | സ്പെഷ്യൽ ഓഫീസർ | 2 | കരാർ |
| 7 | ജില്ലാ യൂത്ത് പ്രോഗ്രാം ഓഫീസർ | 14 | കരാർ |
| 8 | ജൂനിയർ പ്രോഗ്രാമർ | 1 | കരാർ |
| 9 | ക്ലാർക്ക് കം ഡാറ്റാ എൻട്രി ഓപ്പറേറ്റർ | 2 | സ്ഥിരം - 1<br>കരാർ - 1 |
| 10 | എൽ.ഡി.ടൈപ്പിസ്റ്റ് | 1 | സ്ഥിരം |
| 11 | ഡ്രൈവർ | 1 | ദിവസവേതനം |
| 12 | പ്യൂൺ | 1 | സ്ഥിരം |
| 13 | പാർട്ട് ടൈം സ്വീപ്പർ | 1 | കരാർ |
| 14 | നൈറ്റ് വാച്ച്മാൻ | 1 | കരാർ |

പട്ടിക -6

| നിയമനരീതി | | | |
|---|---|---|---|
| സ്ഥിര നിയമനം | കരാർ നിയമനം | ദിവസവേതനം | അന്യത്രസേവനം |
| 3 | 21 | 1 | 4 |

ആകെയുള്ള 29 അംഗീകൃത തസ്തികകളിൽ 3 എണ്ണത്തിൽ മാത്രമാണ് സ്ഥിരനിയമനം നൽകിയിട്ടുള്ളത്. ശേഷിക്കുന്ന 26 തസ്തികകളിൽ , 24 എണ്ണം കരാർ, ദിവസവേതനം, അന്യത്രസേവനം എന്നീ നിയമനരീതികൾ പ്രകാരം നികത്തപ്പെട്ടിരിക്കുന്നു. ഒരു സ്പെഷ്യൽ ഓഫീസർ തസ്തികയും പ്രോജക്ട് ഓഫീസർ തസ്തികയും ഒഴിഞ്ഞ് കിടക്കുന്നു.
ബോർഡിൽ 29 അംഗീകൃത തസ്തികകളാണ് ഉള്ളതെങ്കിലും , നിലവിൽ 52 ജീവനക്കാർ യുവജനക്ഷേമ ബോർഡിൽ ജോലി ചെയ്യുകയാണ് (ഒഴിഞ്ഞു കിടക്കുന്ന തസ്തികകൾ ഉൾപ്പടെ). ഇത്തരത്തിൽ അംഗീകൃത തസ്തികകളിലല്ലാതെ ജോലി ചെയ്യുന്ന 25 ജീവനക്കാരുടെ ലിസ്റ്റ് ചുവടെ പട്ടികയിൽ ചേർക്കുന്നു.

## 2.2 <u>കേന്ദ്ര ഓഫീസ്</u>

പട്ടിക -7

| ക്രമ നമ്പർ | തസ്തിക | എണ്ണം | നിയമനരീതി |
|---|---|---|---|
| 1 | ക്ലർക്ക് | 6 | കരാർ |
| 2 | ഡാറ്റാ എൻട്രി ഓപ്പറേറ്റർ | 1 | കരാർ |
| 3 | ഡ്രൈവർ | 1 | ദിവസവേതനം |
| 4 | പ്യൂൺ കം സ്വീപ്പർ | 1 | ദിവസവേതനം |

## 2.3 <u>ജില്ലാ ഓഫീസുകൾ</u>

പട്ടിക - 8

| ക്രമ നമ്പർ | തസ്തിക | എണ്ണം | നിയമനരീതി |
|---|---|---|---|
| 1 | ക്ലർക്ക് | 3 | കരാർ |
| 2 | ഡാറ്റാ എൻട്രി ഓപ്പറേറ്റർ | 6 | കരാർ |
| 3 | പ്യൂൺ | 7 | കരാർ |

11/07/2016-ലെ ഇ 1-3498/16/YWS നമ്പർ കത്ത് പ്രകാരം മെമ്പർ സെക്രട്ടറി സർക്കാരിൽ സമർപ്പിച്ച കേരള സംസ്ഥാന യുവജന ബോർഡിലെ ജീവനക്കാര്യം (നിയമനവും സേവന വ്യവസ്ഥകളും) സംബന്ധിച്ച കരട് റൂൾസ് & റെഗുലേഷൻസ് സംബന്ധിച്ച റിപ്പോർട്ടിൽ നിലവിലുള്ള 29 തസ്തികകൾക്ക് പുറമെ 80 തസ്തികകൾ കൂടി ബോർഡിന്റെ പ്രവർത്തനത്തിന് ആവശ്യമാണ് എന്ന് അറിയിച്ചിട്ടുണ്ട് . അധികമായി സൃഷ്ടിക്കപ്പെടേണ്ട തസ്തികകളുടെ ലിസ്റ്റ് ചുവടെ പട്ടികയിൽ ചേർക്കുന്നു.

പട്ടിക -9

| ക്രമ നമ്പർ | തസ്തിക | എണ്ണം |
|---|---|---|
| 1 | റിസർച്ച് അസോസിയേറ്റ് | 1 |
| 2 | റിസർച്ച് കോ- ഓർഡിനേറ്റർ | 1 |
| 3 | ജൂനിയർ സൂപ്രണ്ട് | 1 |
| 4 | ഹെഡ് ക്ലാർക്ക് | 1 |
| 5 | ഗ്രാഫിക് ഡിസൈനർ | 1 |
| 6 | പ്രോഗ്രാം കോ- ഓർഡിനേറ്റർ | 2 |
| 7 | യു.ഡി.ക്ലാർക്ക് | 1 |
| 8 | എൽ.ഡി.ക്ലാർക്ക് | 29 |
| 9 | ക്ലാർക്ക് കം ഡാറ്റാ എൻട്രി ഓപ്പറേറ്റർ | 17 |
| 10 | ലൈബ്രറി കം റിസപ്ഷനിസ്റ്റ് | 1 |
| 11 | ഡ്രൈവർ | 3 |
| 12 | ഓഫീസ് അറ്റൻഡന്റ് | 18 |
| 13 | സ്വീപ്പർ കം ക്ലീനർ | 1 |
| 14 | സീനിയർ ഗ്രേഡ് ടൈപ്പിസ്റ്റ് | 1 |
| 15 | യു.ഡി.ടൈപ്പിസ്റ്റ് | 1 |
| 16 | എൽ.ഡി.ടൈപ്പിസ്റ്റ് | 1 |
| | **ആകെ** | **80** |

ഇപ്രകാരം യുവജനക്ഷേമ ബോർഡിൽ 25 കാറ്റഗറികളിലായി 109 തസ്തികകൾ ആവശ്യമാണ് എന്ന് മെമ്പർ സെക്രട്ടറി അറിയിച്ചിട്ടുണ്ട്. ഇത്തരത്തിൽ 25

കാറ്റഗറികളിലുള്ള തസ്തികകളെ ഉൾപ്പെടുത്തിയ കരട് റെഗുലേഷൻ അംഗീകാരത്തിനായി മെമ്പർ സെക്രട്ടറി സർക്കാരിൽ സമർപ്പിച്ചു. പുതിയ തസ്തികകൾ അനുവദിക്കുന്നത് സംബന്ധിച്ച് പ്രവൃത്തി പഠനം നടത്താൻ കായിക യുവജനകാര്യ (ബി) വകുപ്പ് തത്വത്തിൽ തീരുമാനിക്കുകയും തുടർന്ന് 16/01/2017-ലെ 86/ബി 1/16/കാ.യു.വ നമ്പർ അനൗദ്യോഗിക കുറിപ്പ് പ്രകാരം കേരള സംസ്ഥാന യുവജനക്ഷേമ ബോർഡിൽ കരട് റെഗുലേഷൻസ് പ്രകാരം തസ്തികകൾ അനുവദിക്കേണ്ടതുണ്ടോ എന്ന വിഷയത്തിൻമേൽ work study report ലഭ്യമാക്കാൻ ഉദ്യോഗസ്ഥഭരണ പരിഷ്കാര വകുപ്പിനോട് അഭ്യർത്ഥിക്കുകയും ചെയ്തു . തുടർന്ന് നോഡൽ സെക്ഷനായ ഉദ്യോഗസ്ഥഭരണ പരിഷ്കാര (എ.ആർ 6)വകുപ്പിന്റെ 20/07/2018-ലെ എ.ആർ-6-1/3/2017/P&ARD നമ്പർ അനൗദ്യോഗിക കുറിപ്പ് പ്രകാരം യുവജനക്ഷേമ ബോർഡിൽ തസ്തികകൾ അനുവദിക്കുന്നത് സംബന്ധിച്ച് പ്രവൃത്തിപഠനം നടത്തുന്നതിനായി ഉദ്യോഗസ്ഥഭരണ പരിഷ്കാര (എ.ആർ 3)വകുപ്പിനെ ചുമതലപ്പെടുത്തി.

## 2.4 <u>പഠനത്തിന്റെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ</u>

1. കേരള സംസ്ഥാന യുവജനക്ഷേമ ബോർഡ് ശുപാർശ ചെയ്ത തസ്തികകളുടെ ആവശ്യകത ബോർഡിന്റെ പ്രവർത്തന നിലവാരവുമായി താരതമ്യം ചെയ്ത് സാധുത/ ആധികാരികത വിലയിരുത്തുകയാണ് പ്രധാന ലക്ഷ്യം.
2. മെമ്മോറാണ്ടം & ആർട്ടിക്കിൾസ് ഓഫ് അസോസിയേഷനിൽ നിഷ്കർഷിച്ചിരിക്കുന്ന ഉദ്ദേശ്യലക്ഷ്യങ്ങൾ എത്രമാത്രം നേടി എന്നത് വിലയിരുത്തുക.
3. നടപ്പിലാക്കിയ പദ്ധതികൾ, ഉദ്ദേശ്യലക്ഷ്യങ്ങൾ നേടുന്നതിൽ എത്രമാത്രം പര്യാപ്തമായിരുന്നു എന്ന് വിലയിരുത്തുക.
4. ബോർഡിന്റെ ഉദ്യമങ്ങൾക്ക് വിഘാതം സൃഷ്ടിക്കുന്ന ഘടകങ്ങൾ കണ്ടെത്തുക
5. ബോർഡിന്റെ പ്രവർത്തനങ്ങൾ സമൂഹത്തിൽ എത്രമാത്രം സ്വാധീനം ചെലുത്തി എന്നത് വിശകലനം ചെയ്യുക.

## 2.5 <u>ഉദ്യമം</u>

ബോർഡിന്റെ ഗുണകരമായ പ്രവർത്തനത്തിന് പര്യാപ്തമായ മനുഷ്യവിഭവശേഷി ആസൂത്രണം ചെയ്യുക.

## 2.6 <u>പഠനതലം / മേഖല</u>

കരട് റഗുലേഷനിൽ വ്യക്തമാക്കിയിട്ടുള്ള തസ്തികകൾ ബോർഡിന്റെ പ്രവർത്തനവുമായി താതതമ്യം ചെയ്ത് പ്രസ്തുത തസ്തികകളുടെ ആവശ്യകത വിലയിരുത്തുക എന്ന ലക്ഷ്യം മുൻനിർത്തി താഴെപ്പറയുന്ന മേഖലകളിൽ വിശദമായ വിശകലനം പഠനസംഘം നടത്തിയിട്ടുണ്ട്.

- യുവജനശാക്തീകരണം - പദ്ധതികളും പദ്ധതികൾ നടപ്പിലാക്കിയ രീതികളും
- പദ്ധതികൾ ആസൂത്രണം ചെയ്യുന്നതിലെ മികവും വിജയവും.
- നിലവിലുള്ള തസ്തികകളിലെ ജീവനക്കാരുടെ പ്രവർത്തനമികവ്.
- പദ്ധതികളുടെ വിജയം.
- ബോർഡിന്റെ പ്രവർത്തനങ്ങൾ യുവജനങ്ങൾക്കിടയിൽ ചെലുത്തുന്ന സ്വാധീനം.

## 2.7 രീതിശാസ്ത്രം (Methodology)

യൂത്ത് വെൽഫെയർ ബോർഡിന്റെ ലക്ഷ്യം, ഉദ്യമം, ദൗത്യം, എന്നിവ നിറവേറ്റുന്നതിനായി ആവിഷ്കരിച്ച പദ്ധതികളെ അടിസ്ഥാനമാക്കിയാണ് പ്രവർത്തനത്തിന്റെ തോത്/ജോലിഭാരം നിശ്ചയിച്ചിരിക്കുന്നത്. മനുഷ്യവിഭവശേഷി നിർണ്ണയത്തിനായി പഠനസംഘം അവലംബിച്ചിരിക്കുന്ന സങ്കേതം പ്രവൃത്തിപഠനം ആണ്. പ്രവൃത്തിപഠനത്തിൽ രണ്ട് പ്രക്രിയകൾ ഉൾക്കൊണ്ടിരിക്കുന്നു.

1. ജോലിഭാരം നിർണ്ണയിക്കൽ
2. രീതിപഠനം

ജോലിഭാരം നിർണ്ണയിക്കൽ

വ്യക്തമായി നിർവ്വചിക്കപ്പെട്ട ഒരു ജോലി ഒരു നിശ്ചിത നിലവാരത്തിൽ പൂർത്തീകരിക്കുന്നതിനായി ഒരു ജീവനക്കാരന് വേണ്ടിവരുന്ന സമയം നിർണ്ണയിക്കുന്ന പ്രക്രിയ ആണ് ജോലിഭാര നിർണ്ണയം.

രീതിപഠനം

ബോർഡ് വിഭാവനം ചെയ്യുന്ന പദ്ധതികൾ നടപ്പിലാക്കുന്നതിനായി അവലംബിച്ചിരിക്കുന്ന മാനദണ്ഡങ്ങൾ/മാർഗ്ഗങ്ങൾ മനസ്സിലാക്കുകയും പദ്ധതികൾ നടപ്പിലാക്കുന്നതിനായി കൂടുതൽ ഫലപ്രദമായ രീതികൾ/മാർഗ്ഗങ്ങൾ ആവിഷ്കരിക്കുക.

ജോലിഭാരം നിർണ്ണയിക്കുന്നതിനായി അവലംബിച്ചിരിക്കുന്ന സങ്കേതം *അനലറ്റിക്കൽ എസ്റ്റിമേറ്റിങ്* (Analytical Estimating) ആണ്. ഓരോ ജോലിയിലും ഉൾക്കൊണ്ടിരിക്കുന്ന പ്രവൃത്തി ഘടകങ്ങളെ (elements) വേർതിരിച്ച് ഓരോ ഘടകങ്ങൾക്കും ആവശ്യമായ സമയം കണക്കാക്കുന്നതാണ് അനലറ്റിക്കൽ എസ്റ്റിമേറ്റിങ്ങിലെ ആദ്യ പടി. തുടർന്ന് ഓരോ ജോലിയുടെയും വാർഷിക എണ്ണം കണ്ടെത്തി ഓരോ പ്രവൃത്തിയും പൂർത്തീകരിക്കുന്നതിനുള്ള സ്റ്റാൻഡേർഡ് സമയം നിർണ്ണയിക്കുന്നു. ഇത്തരത്തിൽ പ്രതിവർഷം ഒരു തസ്തികയിൽ നിക്ഷിപ്തമായ ജോലികൾ/ പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിനാവശ്യമായ സമയമാണ് *വാർഷിക മനുഷ്യപ്രയത്ന മണിക്കൂറുകൾ*. നിലവിലുള്ള വ്യവസ്ഥകൾ പ്രകാരം ഒരു വർഷം 1700 മനുഷ്യപ്രയത്ന മണിക്കൂറുകൾ (*വാർഷിക സ്റ്റാൻഡേർഡ് മനുഷ്യപ്രയത്ന മണിക്കൂറുകൾ)*

ഉണ്ടെങ്കിൽ മാത്രമെ ഒരു തസ്തിക സാധുവാണ് എന്ന് നിർവ്വചിക്കാൻ സാധിക്കുകയുള്ളൂ.

മാൻ പവർ ഇൻഡക്സ് = <u>വാർഷിക മനുഷ്യപ്രയത്ന മണിക്കൂറുകൾ</u>

വാർഷിക സ്റ്റാൻഡേർഡ് മനുഷ്യപ്രയത്ന മണിക്കൂറുകൾ

## 2.8 മനുഷ്യവിഭവശേഷി ആസൂത്രണം ചെയ്യുന്നതിൽ സ്വാധീനം ചെലുത്തുന്ന ഘടകങ്ങൾ.

യുവജന ക്ഷേമ ബോർഡിൽ നിലവിൽ 29 അംഗീകൃത തസ്തികകൾ ആണ് ഉള്ളത് . 80 തസ്തികകളാണ് യുവജനക്ഷേമ ബോർഡ് അധികമായി ആവശ്യപ്പെട്ടിട്ടുള്ളത്. ആയതിനാൽ താഴെപ്പറയുന്ന ഘടകങ്ങൾ യൂത്ത് വെൽഫെയർ ബോർഡിന്റെ മനുഷ്യവിഭവശേഷി ആസൂത്രണം ചെയ്യുന്നതിൽ സ്വാധീനം ചെലുത്തുന്നു.

1. യൂത്ത് വെൽഫെയർ ബോർഡിന്റെ പ്രവർത്തന വിപുലീകരണം.
2. ബോർഡിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ, ദൗത്യം എന്നിവയിലുള്ള പരിഷ്ക്കരണം.
3. യുവജന ശാക്തീകരണ പദ്ധതികൾ വർദ്ധിപ്പിക്കേണ്ടതിന്റെ ആവശ്യകത.
4. ജോലിയുടെ വ്യാപ്തിയിലുള്ള വർദ്ധനവ്.
5. ബോർഡിന്റെ പ്രവർത്തനങ്ങളിൽ സാങ്കേതികവിദ്യയുടെ സ്വാധീനം.
6. ജോലികൾ നിർവ്വഹിക്കുന്നതിൽ നിലവിലുള്ള ജീവനക്കാരുടെ വൈദഗ്ദ്ധ്യം.

# അധ്യായം 3

## സ്ഥാപന ഘടന, തസ്തികകൾ ,ജീവനക്കാർ

### 3.1 ഡയറക്ടർ ബോർഡ്

മെമ്മോറാണ്ടം ഓഫ് അസോസിയേഷൻ ഖണ്ഡിക 3-ൽ ഡയറക്ടർ ബോർഡിനെക്കുറിച്ച് പ്രതിപാദിക്കുന്നു. ഡയറക്ടർ ബോർഡിന്റെ കാലാവധി 5 വർഷമാണ്. ചെയർമാനും മെമ്പർ സെക്രട്ടറിയുമടക്കം ബോർഡിൽ 22 അംഗങ്ങളാണുള്ളത്. ഇതിൽ 11 പേർ ഔദ്യോഗിക അംഗങ്ങളും 11 പേർ അനൗദ്യോഗിക അംഗങ്ങളുമാണ്.

ചെയർമാൻ - യുവജനകാര്യ വകുപ്പ് മന്ത്രി

മെമ്പർ സെക്രട്ടറി - യുവജനകാര്യ വകുപ്പിലെ ഡെപ്യൂട്ടി ഡയറക്ടർ തസ്തികയിൽ കുറയാത്ത ഉദ്യോഗസ്ഥൻ

### 3.2 എക്സിക്യൂട്ടീവ് കമ്മിറ്റി

സംസ്ഥാന യുവജനക്ഷേമ ബോർഡിന്റെ ഭരണ നിർവ്വഹണ സമിതിയാണ് എക്സിക്യൂട്ടീവ് കമ്മിറ്റി. ബോർഡിന്റെ അധികാരവും പ്രവർത്തനവും എക്സിക്യൂട്ടീവ് കമ്മിറ്റിയിലൂടെ നിർവ്വഹിക്കപ്പെടുന്നു.

കായിക യുവജന ക്ഷേമ വകുപ്പ് മന്ത്രിയാണ് എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ ചെയർമാൻ. കായിക യുവജനക്ഷേമ വകുപ്പ് സെക്രട്ടറി/നോമിനി, ധനകാര്യ സെക്രട്ടറി/നോമിനി, കായിക യുവജന വകുപ്പ് ഡയറക്ടർ, ബോർഡിന്റെ മെമ്പർ സെക്രട്ടറി, ടെക്നിക്കൽ മെമ്പർ എന്നിവർ എക്സിക്യൂട്ടീവ് കമ്മിറ്റി അംഗങ്ങളാണ്.

### 3.3 പ്രധാന പദവികളും, ചുമതലയും

**ചെയർമാൻ** - ബോർഡിന്റെ നിർവ്വഹണ തലവൻ ആണ് ചെയർമാൻ. ബോർഡ് അംഗീകരിക്കുന്ന പദ്ധതികളുടെ നടത്തിപ്പ് സർക്കാർ നിഷ്കർഷിക്കുന്ന മാനദണ്ഡങ്ങൾ പാലിച്ച് നടപ്പാക്കേണ്ട ചുമതല ചെയർമാനാണ്.

**വൈസ് ചെയർമാൻ** - ബോർഡിന്റെ പ്രവർത്തനങ്ങളിൽ ചെയർമാനെ സഹായിക്കുക.

**മെമ്പർ സെക്രട്ടറി** - ബോർഡിന്റെ തീരുമാനങ്ങൾ ഫലപ്രദമായി നടപ്പിലാക്കുന്നതിൽ മെമ്പർ സെക്രട്ടറി ബോർഡിനോടും ചെയർമാനോടും ഉത്തരവാദിത്തപ്പെട്ടിരിക്കുന്നു. ബോർഡിന്റെ സാമ്പത്തികവും ധനപരവുമായ വിഷയങ്ങളിൽ മേൽനോട്ടവും നിയന്ത്രണവും മെമ്പർ സെക്രട്ടറിയിൽ നിക്ഷിപ്തമാണ്.

**3.4 യൂത്ത് വെൽഫെയർ ബോർഡിലെ അംഗീകൃത തസ്തികകളുടെ ലിസ്റ്റ് ചുവടെ ചേർക്കുന്നു.**

പട്ടിക - 10

| ക്രമ നമ്പർ | തസ്തിക | എണ്ണം | നിയമനരീതി (നിലവിൽ) |
|---|---|---|---|
| 1 | മെമ്പർ സെക്രട്ടറി | 1 | അന്യത്രസേവനം |
| 2 | ഡെപ്യൂട്ടി ഡയറക്ടർ | 1 | അന്യത്രസേവനം |
| 3 | ഫിനാൻസ് ഓഫീസർ | 1 | അന്യത്രസേവനം |
| 4 | സീനിയർ സൂപ്രണ്ട് | 1 | അന്യത്രസേവനം |
| 5 | പ്രോജക്ട് ഓഫീസർ | 1 | കരാർ |
| 6 | സ്പെഷ്യൽ ഓഫീസർ | 2 | കരാർ |
| 7 | ജില്ലാ യൂത്ത് പ്രോഗ്രാം ഓഫീസർ | 14 | കരാർ |
| 8 | ജൂനിയർ പ്രോഗ്രാമർ | 1 | കരാർ |
| 9 | ക്ലാർക്ക് കം ഡാറ്റാ എൻട്രി ഓപ്പറേറ്റർ | 2 | സ്ഥിരം - 1<br>കരാർ - 1 |
| 10 | എൽ.ഡി.ടൈപ്പിസ്റ്റ് | 1 | സ്ഥിരം |
| 11 | ഡ്രൈവർ | 1 | ദിവസവേതനം |
| 12 | പ്യൂൺ | 1 | സ്ഥിരം |
| 13 | പാർട്ട് ടൈം സ്വീപ്പർ | 1 | കരാർ |
| 14 | നൈറ്റ് വാച്ച്മാൻ | 1 | കരാർ |
| | **ആകെ** | **29** | |

### 3.5 ജീവനക്കാർ

ആസ്ഥാന മന്ദിരം,14 ജില്ലാ യുവജന കേന്ദ്രങ്ങൾ, 2 സാഹസിക അക്കാദമികൾ എന്നിവ മുഖേനയാണ് ബോർഡ് പ്രവർത്തനങ്ങൾ നിർവ്വഹിക്കുന്നത്. ബോർഡിന്റെ പ്രവർത്തനങ്ങൾക്കായി അന്യത്ര സേവനം, സ്ഥിരം, കരാർ, ദിവസ വേതനം എന്നീ വ്യവസ്ഥകളിൽ ജിവനക്കാർ നിലവിൽ ജോലി നോക്കുന്നുണ്ട്.

## 3.5(1) സ്ഥിര നിയമനം

യുവജന ക്ഷേമ ബോർഡിൽ വിവിധ സമയങ്ങളിൽ അംഗീകൃത തസ്തികകളിൽ സർക്കാർ നേരിട്ട് നിയമനം നടത്തിയിട്ടുണ്ട്. സ്ഥിര നിയമനം സംബന്ധിച്ച വിവരം ചുവടെ പട്ടികയിൽ ചേർക്കുന്നു.

പട്ടിക 11

| ക്രമനമ്പർ | തസ്തിക | എണ്ണം | ശമ്പള സ്കെയിൽ |
|---|---|---|---|
| 1 | എൽ.ഡി. ടൈപ്പിസ്റ്റ് | 1 | 9190-15780 (pre- revised) |
| 2 | ക്ലാർക്ക് കം ഡാറ്റാ എൻട്രി ഓപ്പറേറ്റർ | 1 | 9190-15780 (pre- revised) |
| 3 | പ്യൂൺ | 1 | 3500-13210 (pre- revised) |

## 3.5(2) കരാർ നിയമനം

യുവജന ക്ഷേമ ബോർഡിന്റെ വിവിധ പദ്ധതികൾ/ക്ഷേമ പരിപാടികൾ എന്നിവ നടപ്പിലാക്കുന്നതിനും ബോർഡിന്റെ പ്രവർത്തനം സുഗമമാക്കുന്നതിനും ബോർഡിന്റെ മേൽപ്പറഞ്ഞ അംഗീകൃത തസ്തികകളിലും അല്ലാതെയുള്ള തസ്തികകളിലും കരാർ അടിസ്ഥാനത്തിൽ താൽക്കാലിക ജീവനക്കാരെ നിയമിച്ചിട്ടുണ്ട്. വിവിധ തസ്തികകളിൽ കരാർ അടിസ്ഥാനത്തിൽ ജോലി നോക്കുന്ന നിലവിലെ താൽക്കാലിക ജീവനക്കാരുടെ എണ്ണം ചുവടെ പട്ടികയിൽ ചേർക്കുന്നു.

പട്ടിക 12

| **ക്രമ നമ്പർ** | **തസ്തിക** | **എണ്ണം** |
|---|---|---|
| 1 | സ്പെഷ്യൽ ഓഫീസർ | 1 |
| 2 | ജൂനിയർ പ്രോഗ്രാമർ | 1 |
| 3 | ജില്ലാ യൂത്ത് പ്രോഗ്രാം ഓഫീസർ | 14 |
| 4 | ക്ലാർക്ക് | 9 |
| 5 | ക്ലാർക്ക് കം ഡാറ്റ എൻട്രി ഓപ്പറേറ്റർ | 8 |
| 6 | പ്യൂൺ | 8 |
| 7 | നൈറ്റ് വാച്ചർ | 1 |
| 8 | പാർട്ട് ടൈം സ്വീപ്പർ | 1 |

നിലവിലെ സ്ഥിരം/താൽക്കാലിക/കരാർ ജീവനക്കാരുടെ വിവരം അനുബന്ധമായി ചേർത്തിട്ടുണ്ട്. (അനുബന്ധം I & II)

# അദ്ധ്യായം 4
# സംസ്ഥാന യുവജനക്ഷേമ ബോർഡ്
# പദ്ധതികൾ/പരിപാടികൾ

**4.1.**സംസ്ഥാന യുവജനക്ഷേമ ബോർഡിന് ലഭിച്ച പദ്ധതി വിഹിതം ഉപയോഗിച്ച് ആവിഷ്കരിച്ച് നടപ്പാക്കിയ 2017-2018, 2018-2019 വർഷങ്ങളിലെ പ്രധാന പദ്ധതി/പരിപാടികളുടെ സംക്ഷിപ്ത വിവരണം ചുവടെ ചേർക്കുന്നു.

**4.1 (I)** യുവശക്തി പദ്ധതി

കേരള സംസ്ഥാനത്തിന്റെ സുസ്ഥിര വികസനത്തിന് യുവജനങ്ങളെ വാർത്തെടുക്കുന്നതിനായി യുവജനക്ഷേമ പദ്ധതികൾ ജില്ലാ തലത്തിൽ ആസൂത്രണം ചെയ്ത് നടപ്പിലാക്കുക എന്നതാണ് യുവശക്തി പദ്ധതിയിലൂടെ ബോർഡ് ലക്ഷ്യമിടുന്നത്.

വികസനപദ്ധതികളിൽ താഴെത്തട്ടിൽ നിന്നും യുവജനങ്ങൾ ഇടപെടുന്നതിനായി പഞ്ചായത്ത്, മുനിസിപ്പാലിറ്റി, കോർപ്പറേഷൻ തലങ്ങളിൽ യൂത്ത് കോ-ഓർഡിനേറ്റർമാരെ നിയമിക്കുന്നു. ക്രിയാത്മകമായ പദ്ധതികൾ തയ്യാറാക്കുക, പഞ്ചവത്സര പദ്ധതികളിൽ യുവജന പങ്കാളിത്തം ഉറപ്പുവരുത്തുക, സ്വയംതൊഴിൽ പദ്ധതികളിൽ സഹായിക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യുക, സ്വയംതൊഴിൽ എക്സ്ചേഞ്ച്, ലേബർ ബാങ്ക് എന്നിവ രൂപീകരിച്ച് ഗ്രാമീണ യുവത്വത്തിന് സാംസ്കാരികവും, ചരിത്രപരവും സാമൂഹ്യപരവുമായ അവബോധം സൃഷ്ടിക്കുകയും അവരിൽ മതനിരപേക്ഷതയും നേതൃത്വഗുണവും വളർത്തുന്ന തരത്തിലുള്ള പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുക എന്നതാണ് യൂത്ത് കോ-ഓർഡിനേറ്റർമാരുടെ ഉത്തരവാദിത്വം. പദ്ധതിയുടെ ഭാഗമായി ജില്ലയിൽ ജില്ലാ കോ-ഓർഡിനേറ്റർ, പഞ്ചായത്ത്/ മുനിസിപ്പാലിറ്റി/ കോർപ്പറേഷൻ എന്നീ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ യുവശക്തി കോ-ഓർഡിനേറ്റർ എന്നിവരെ നിയമിക്കുന്നു.

**4.1 (2) കേരളോത്സവം**

കേരള സംസ്ഥാനത്തെ യുവജനങ്ങളുടെ കലാ-കായിക-സാഹിത്യ രംഗങ്ങളിലെ നൈപുണ്യം പരിപോഷിപ്പിക്കുന്നതിനായി കേരള സംസ്ഥാന യുവജനക്ഷേമ ബോർഡ് തദ്ദേശ സ്വയംഭരണ വകുപ്പുമായി സഹകരിച്ച് സംഘടിപ്പിക്കുന്ന ബൃഹദ് പദ്ധതിയാണ് കേരളോത്സവം. യുവജനതയ്ക്ക് കലാപരവും സാംസ്കാരികവും കായികവുമായ കഴിവുകൾ പ്രകടിപ്പിക്കുന്നതിനും, യുവജനങ്ങളിൽ സഹവർത്തിത്വം, സാഹോദര്യം എന്നിവ വളർത്തുന്നതിനും കേരളോത്സവം സഹായിക്കുന്നു. കലാമത്സരങ്ങൾ, സാംസ്കാരിക മത്സരങ്ങൾ, കായിക മത്സരങ്ങൾ, ഗെയിംസ്, കളരിപ്പയറ്റ്, അമ്പെയ്ത്ത്, കാർഷിക മത്സരങ്ങൾ എന്നിങ്ങനെ വൈവിദ്ധ്യമാർന്ന ഇനങ്ങളിൽ മത്സരങ്ങൾ സംഘടിപ്പിക്കുന്നു. കേരളോത്സവം പ്രാഥമികതല മത്സരങ്ങൾ ഗ്രാമ/മുനിസിപ്പൽ/കോർപ്പറേഷൻ തലത്തിലും രണ്ടാ ഘട്ടം ബ്ലോക്ക് തലത്തിലും മൂന്നാം ഘട്ടം ജില്ലാ തലത്തിലും സംഘടിപ്പിക്കുന്നു. ജില്ലാതല മത്സരങ്ങളിൽ വിജയിച്ചവർ

സംസ്ഥാനതല കേരളോത്സവത്തിൽ പങ്കെടുക്കുന്നു. കേരളോത്സവ വിജയികൾക്ക് ട്രോഫി, സർട്ടിഫിക്കറ്റ്, പ്രൈസ് മണി എന്നിവ ഏർപ്പെടുത്തിയിട്ടുണ്ട്. കേരളോത്സവത്തിന്റെ സംഘാടനത്തിനായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് യുവജനക്ഷേമ ബോർഡ് എല്ലാ വർഷവും ഗ്രാന്റ് അനുവദിക്കുന്നു.

കേരളോത്സവ ഇനങ്ങളായ കലാ-കായിക-കാർഷിക മത്സരങ്ങൾക്ക് 15-നും 40-നും ഇടയ്ക്ക് പ്രായമുള്ള യുവജനങ്ങൾക്ക് പങ്കെടുക്കാവുന്നതാണ്. ദേശീയ യുവജനോത്സവത്തിലെ 18 മത്സര ഇനങ്ങളിൽ 15-നും 30-നും ഇടയ്ക്ക് പ്രായമുള്ളവർക്ക് മാത്രമേ മത്സരിക്കാൻ കഴിയൂ.

## 4.1(3) കേരള വോളന്ററി യൂത്ത് ആക്ഷൻ ഫോഴ്സ്

ഡിസാസ്റ്റർ മാനേജ്മെന്റ്, ദുരിതാശ്വാസ പ്രവർത്തനം, മാലിന്യ നിർമ്മാർജ്ജനം, പാലിയേറ്റീവ് പ്രവർത്തനം,, ബോധവൽക്കരണ പ്രവർത്തനങ്ങൾ തുടങ്ങി അടിയന്തിര പ്രാധാന്യമുള്ള പ്രവർത്തനങ്ങളിൽ ഇടപെടാൻ കഴിയുന്ന ഒരു വോളന്റിയർ സേനയെ ഒരുക്കുകയാണ് കേരള വോളന്ററി യൂത്ത് ആക്ഷൻ ഫോഴ്സിന്റെ ലക്ഷ്യം. സന്നദ്ധസേവന രംഗത്ത് തൽപ്പരരായ ചെറുപ്പക്കാരുടെ വിവരങ്ങൾ ശേഖരിക്കാനും സേനയിൽ അംഗങ്ങളായവർക്ക് താൽപ്പര്യമുള്ള വിവിധ മേഖലകളിൽ പരിശീലനം നൽകി അവരെ സജ്ജരാക്കാനും ഇതുവഴി കഴിയും. കേരളത്തിലെ 14 ജില്ലകളിൽ നിന്നുമായി ഒരു ലക്ഷം യുവതിയുവാക്കളെയാണ് അംഗങ്ങളാക്കാൻ ഉദ്ദേശിച്ചിരുന്നത്. ജില്ലയിലെ കോളേജുകൾ, സ്കൂളുകൾ, യൂത്ത് ക്ലബ്ബുകൾ എന്നിവിടങ്ങൾ സന്ദർശിച്ച് ആക്ഷൻ ഫോഴ്സിൽ 18-നും 30-നും മദ്ധ്യേ പ്രായമുള്ള യുവജനങ്ങളെ ചേർക്കുന്നു. ഇതിന്റെ പ്രചാരണത്തിന്റെ ഭാഗമായി കാസർഗോഡ് നിന്ന് ആരംഭിച്ച് തിരുവനന്തപുരത്ത് സമാപിക്കുന്ന രീതിയിൽ 'ഡ്രൈവ് എ തോൺ' എന്ന പേരിൽ കലാജാഥ സംഘടിപ്പിച്ചു. ഫോഴ്സിന്റെ ഔദ്യോഗിക പ്രഖ്യാപനം തിരുവനന്തപുരത്ത് നടന്നു. തൃശ്ശൂരിൽ വെച്ച് ഫയർ ആന്റ് റസ്ക്യൂ ട്രെയിനിംഗ് നടത്തി. ഫോഴ്സിന്റെ പാസിംഗ് ഔട്ട് പരേഡ് തിരുവനന്തപുരത്ത് നടത്തി.

## 4.1. (4) യൂത്ത് കേരള എക്സ്പ്രസ്

യൂത്ത് ക്ലബ്ബുകളുടെ ശാക്തീകരണം ലക്ഷ്യമാക്കി സംസ്ഥാനതലത്തിൽ നടപ്പിലാക്കുന്ന പദ്ധതിയാണ് യൂത്ത് കേരള എക്സ്പ്രസ്. വിവിധ മേഖലകളിൽ ക്ലബ്ബുകൾ നടത്തുന്ന ഇടപെടലുകൾ കണ്ടെത്തി പൊതുസമൂഹത്തിന് മുന്നിൽ റിയാലിറ്റി ഷോയിലൂടെ അവതരിപ്പിക്കുക എന്നതാണ് ഇതിന്റെ ഉദ്ദേശ്യം. പരിസ്ഥിതി പ്രവർത്തനം, വനിതാ ശാക്തീകരണം, സാമൂഹ്യസേവനവും ബോധവൽക്കരണവും, സാംസ്കാരികം, സ്പോർട്ട്സ് എന്നീ വിഭാഗങ്ങളിലായി യൂത്ത് ക്ലബ്ബുകൾ നടത്തുന്ന പ്രവർത്തനങ്ങൾ വിലയിരുത്തിയാണ് യൂത്ത് കേരള എക്സ്പ്രസിലേക്ക് യൂത്ത് ക്ലബ്ബുകളെ തെരഞ്ഞെടുക്കുന്നത്. തെരഞ്ഞെടുക്കപ്പെടുന്ന യൂത്ത് ക്ലബ്ബുകൾക്ക് പ്രൈസ് മണി നൽകുന്നു.

## 4.1 (5) യൂത്ത് കോൺകോഡ്

(a) ആർട്ട്-ഡി-ട്ടൂർ (സാംസ്കാരിക യാത്ര)

അഭിപ്രായ ആവിഷ്കാര സ്വാതന്ത്ര്യങ്ങളുടെ സാംസ്കാരിക യാത്രയാണ് ആർട്ട്-ഡി-ട്ടൂർ എന്ന പരിപാടികൊണ്ട് ഉദ്ദേശിക്കുന്നത്. 50 കലാകാരൻമാർ, KSRTC Double Ducker Bus, മറ്റ് രണ്ട് വാഹനങ്ങൾ എന്നിവ കലാജാഥയോടൊപ്പം ഉണ്ടായിരുന്നു. 2018 മെയ് 3-ന് തിരുവനന്തപുരത്ത് നിന്ന് ആരംഭിച്ച് 2018 മെയ് 14-ന് കാസർഗോഡ് സമാപിക്കുന്ന രീതിയിലാണ് ജാഥ ക്രമീകരിച്ചിരുന്നത്. ജാഥ ഓരോ ജില്ലയിലും കടന്നുപോകുമ്പോൾ അതത് ജില്ലാ യൂത്ത് പ്രോഗ്രാം ഓഫീസറുടെ നേതൃത്വത്തിൽ യൂത്ത് കോ-ഓർഡിനേറ്റർമാർ മുഖേന ജനപങ്കാളിത്തത്തോടെയുള്ള സ്വീകരണം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നൽകുന്നു.

(b) ദേശീയ ട്രോൾ മത്സരം

നാഷണൽ യൂത്ത് കോൺകോഡ് എന്ന പരിപാടിയുടെ ഭാഗമായി യുവജനക്ഷേമ ബോർഡ് ഒരു ദേശീയ ട്രോൾ മത്സരം സംഘടിപ്പിച്ചു. 15-നും 40-നും മദ്ധ്യേ പ്രായമുള്ള യുവാക്കൾക്ക് ഇതിൽ പങ്കെടുക്കാവുന്നതാണ്. അഭിപ്രായ സ്വാതന്ത്ര്യവും ആവിഷ്കാര സ്വാതന്ത്ര്യവും വിലക്കപ്പെടുന്ന പശ്ചാത്തലത്തെ ആസ്പദമാക്കിയാണ് ട്രോളുകൾ തയ്യാറാക്കേണ്ടത്. 'മിണ്ടിപ്പോകരുത്!' (Just shut up) എന്ന വിഷയത്തിൽ സ്റ്റിൽ ആയും വീഡിയോ ആയും രണ്ട് വിഭാഗങ്ങളിലാണ് എൻട്രികൾ ക്ഷണിച്ചത്. തെരഞ്ഞെടുക്കപ്പെടുന്ന എൻട്രികൾക്ക് ക്യാഷ് പ്രൈസുകൾ നൽകുന്നു.

(c) സൈക്കിൾ റാലി

നാഷണൽ യൂത്ത് കോൺകോഡ് എന്ന പരിപാടിയുടെ ഭാഗമായി യുവജനക്ഷേമ ബോർഡ് ഒരു സൈക്കിൾ റാലി സംഘടിപ്പിച്ചു. തിരുവനന്തപുരത്ത് നിന്ന് ആരംഭിച്ച് കാസർഗോഡ് അവസാനിക്കുന്ന രീതിയിലായിരുന്നു സൈക്കിൾ റാലി.

## 4.1 (6) ലോകകപ്പ് ഫുട്ബോൾ ബിഗ് സ്ക്രീൻ പ്രദർശനം

ലോകകപ്പ് ഫുട്ബോൾ മത്സരത്തിന്റെ ഭാഗമായി പൊതുസ്ഥലങ്ങളിൽ ബിഗ് സ്ക്രീൻ വച്ച് മത്സരങ്ങൾ പ്രദർശിപ്പിക്കുന്ന പരിപാടിയായിരുന്നു ഇത്. ഇതിന്റെ ഭാഗമായ ക്വിസ് മത്സരങ്ങൾ, സംസ്ഥാനതലത്തിൽ ഘോഷയാത്ര, ജഴ്സി വിതരണം എന്നിവ നടത്തുകയുണ്ടായി. സംസ്ഥാനതലത്തിൽ പത്രപ്രവർത്തക യൂണിയൻ ആസ്ഥാനത്ത് ബിഗ് സ്ക്രീൻ പ്രദർശനം നടത്തി. വേൾഡ് കപ്പ് ഉദ്ഘാടനത്തോടനുബന്ധിച്ച് ഘോഷയാത്ര സംഘടിപ്പിച്ചു. ജില്ലാതലങ്ങളിൽ ജില്ലാ യുവജനകേന്ദ്രത്തിന്റെ ആഭിമുഖ്യത്തിലും തദ്ദേശസ്വയംഭരണ സ്ഥാപനതലത്തിൽ യൂത്ത് ക്ലബ്ബുകളുടെ നേതൃത്വത്തിലും ലോകകപ്പ് ഫുട്ബോൾ ബിഗ് സ്ക്രീൻ പ്രദർശനം സംഘടിപ്പിച്ചു.

## 4.1 (7) ദേശീയ മാദ്ധ്യമ സെമിനാർ

മാദ്ധ്യമപ്രവർത്തനങ്ങളിൽ താൽപ്പര്യമുള്ളവർക്കും മാദ്ധ്യമ

വിദ്യാർത്ഥികൾക്കുമായി ഏകദിന ദേശീയ മാദ്ധ്യമ സെമിനാർ സംഘടിപ്പിച്ചു. 'വർഗ്ഗീയ ധ്രുവീകരണ കാലഘട്ടത്തിലെ മാദ്ധ്യമപ്രവർത്തനം' എന്നതാണ് സെമിനാറിന്റെ വിഷയം. ഇതിലേയ്ക്കായി ഓരോ ജില്ലയിൽ നിന്നും 18-നും 30-നും ഇടയിൽ പ്രായമുള്ള മാദ്ധ്യമരംഗത്ത് പ്രവർത്തിക്കുന്നവരോ മാദ്ധ്യമ വിദ്യാർത്ഥികൾത്ഥികളോ ആയ 50 പേരെ പങ്കെടുപ്പിക്കുവാൻ ഉദ്ദേശിച്ചിരുന്നു. ജില്ലാതല ക്യാമ്പിൽ പങ്കെടുത്തവരിൽ നിന്നും പ്രാഗത്ഭ്യമുള്ളവരെ തെരഞ്ഞെടുത്ത് സംസ്ഥാന-ദേശീയ മാദ്ധ്യമ സെമിനാറിലേക്ക് പങ്കെടുപ്പിക്കുവാൻ കഴിയും.

## 4.1 (8) യുവസാഹിത്യ ക്യാമ്പ്

യുവാക്കളിലെ സർഗ്ഗാത്മകതയും പ്രതിഭയും പ്രോത്സാഹിപ്പിച്ച് അവരെ മുഖ്യധാരയിലേക്ക് കൊണ്ടുവരുന്നതിനായി സംസ്ഥാനതലത്തിൽ സംഘടിപ്പിച്ചതാണ് യുവ സാഹിത്യ ക്യാമ്പ്. കഥ, കവിത, നോവൽ , എഴുത്ത് അനുഭവം, തിരക്കഥ, ഗാനം, സിനിമ, ട്രാൻസ്ജെൻഡേഴ്സ് തുടങ്ങിയ വിഷയങ്ങളിൽ ക്യാമ്പംഗങ്ങൾ സംവദിക്കുന്നു. ക്യാമ്പിൽ സാഹിത്യരംഗത്തെ പ്രഗത്ഭരുടെ ക്ലാസ്സുകളും അനുഭവങ്ങളും ശ്രവിക്കുവാനും ചർച്ചകളിൽ പങ്കെടുക്കുവാനുമുള്ള അവസരം ഉണ്ടാകുന്നു. 2018 മാർച്ച് 2, 3, 4 തീയ്യതികളിൽ കോട്ടയം ജില്ലയിലെ കുമരകത്ത് വച്ച് സാഹിത്യ ക്യാമ്പ് സംഘടിപ്പിക്കുകയുണ്ടായി. സംസ്ഥാനത്തെ 14 ജില്ലകളിൽ നിന്നുമായി 175 പ്രതിനിധികൾ ക്യാമ്പിൽ പങ്കെടുത്തു.

## 4.1 (9) നാടൻ പാട്ട് മത്സരം

സമൂഹത്തിലെ സാമൂഹ്യമായും സാമ്പത്തികമായും പിന്നോക്കം നിൽക്കുന്ന മേഖലകൾ കേന്ദ്രീകരിച്ച് യുവജനക്ഷേമ ബോർഡ് യുവക്ലബ്ബുകൾ രൂപീകരിച്ചിട്ടുണ്ട് . ഇത്തരം മേഖലകളിലെ യുവജനങ്ങളുടെ കലാവാസനകളെ പരിപോഷിപ്പിക്കുന്നതിനും അവർക്ക് സമൂഹത്തിൽ ഇടപെടാൻ അവസരമൊരുക്കുന്നതിന്റെയും ഭാഗമായി യുവക്ലബ്ബുകളെ അണിനിരത്തി മണിനാദം എന്ന പേരിൽ നാടൻ പാട്ട് മത്സരം സംഘടിപ്പിച്ചു. ജില്ല, സംസ്ഥാനതലങ്ങളിൽ നാടൻ പാട്ട് മത്സരം സംഘടിപ്പിച്ചു.

## 4.1 (10) ദിനാഘോഷങ്ങൾ

ദേശീയ യുവജനദിനാഘോഷം, ഗാന്ധിജയന്തി ദിനാചരണം തുടങ്ങിയ ദിനാചരണ പരിപാടികൾ സംഘടിപ്പിച്ചു.

# അദ്ധ്യായം 5
## യുവജനക്ഷേമ കേന്ദ്രങ്ങൾ (യുവജന കേന്ദ്രങ്ങൾ)

**5.1.** യുവജനക്ഷേമ ബോർഡിന്റെ പദ്ധതികളും പ്രവർത്തനങ്ങളും നടപ്പിലാക്കുന്നതിനും ഉദ്ദേശ്യലക്ഷ്യങ്ങൾക്കനുസൃതമായി വിഭാവനം ചെയ്യുന്ന മറ്റ് യുവജനവികസന ക്ഷേമപ്രവർത്തനങ്ങൾ ഏറ്റെടുക്കുന്നതിനുമായി ജില്ല, ബ്ലോക്ക്, പ്രാദേശീയ തലങ്ങളിലായി യുവജനക്ഷേമ കേന്ദ്രങ്ങൾ സ്ഥാപിക്കേണ്ടതാണെന്ന് മെമ്മോറാണ്ടം & ആർട്ടിക്കിൾസ് ഓഫ് അസോസിയേഷനിൽ നിഷ്കർഷിച്ചിരിക്കുന്നു. മെമ്മോറാണ്ടം ഓഫ് അസോസിയേഷൻ ക്ലോസ് 17 പ്രകാരം യൂത്ത് സെന്ററുകളെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി ബന്ധിപ്പിക്കേണ്ടതും യൂത്ത് ക്ലബ്ബുകൾ, സൊസൈറ്റികൾ തുടങ്ങി യുവജനവികസനവുമായി നീണ്ടകാലമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന ഏജൻസികളുമായി ചേർന്ന് ഒരു നെറ്റ് വർക്ക് രൂപം കൊള്ളുകയും ചെയ്യേണ്ടതാണ്.

### 5.2 ജില്ലാ യുവജന കേന്ദ്രങ്ങൾ

സംസ്ഥാന യുവജനക്ഷേമ ബോർഡ് നടപ്പാക്കുന്ന പദ്ധതികൾ/പരിപാടികൾ ജില്ലകളിൽ നടപ്പിലാക്കുന്നത് ജില്ലാ യുവജന കേന്ദ്രങ്ങൾ മുഖേനയാണ്.

### 5.3 ജില്ലാ യൂത്ത് പ്രോഗ്രാം ഓഫീസർ

യുവതക്ക് സാമൂഹ്യമായും, സാംസ്കാരികമായും, വിദ്യാഭ്യാസപരമായും രാഷ്ട്രീയപരവുമായുള്ള വിവിധ പ്രവർത്തനങ്ങളിൽ ഏർപ്പെടാനുള്ള അവസരം സൃഷ്ടിക്കുകയും തൻമൂലം അവരുടെ കഴിവുകളെ പൂർണ്ണയിലെത്തിക്കുന്നതിന് സഹായിക്കുകയും ചെയ്യുക എന്ന ദൗത്യമാണ് യൂത്ത് പ്രോഗ്രാം ഓഫീസർമാർക്കുള്ളത്. യുവജനങ്ങളും അവർ ജീവിക്കുന്ന സമൂഹവുമായുള്ള ബന്ധം ദൃഢമാക്കുന്നതിൽ പ്രോഗ്രാം ഓഫീസർമാർ നിർണ്ണായക പങ്ക് വഹിക്കുന്നു.

ജില്ലാ യുവജന കേന്ദ്രത്തിന്റെ നിർവ്വഹണാധികാരിയാണ് ജില്ലാ യൂത്ത് പ്രോഗ്രാം ഓഫീസർ. ജില്ലാ യൂത്ത് പ്രോഗ്രാം ഓഫീസറുടെ പ്രവർത്തനങ്ങൾ ചുവടെ ചേർക്കുന്നു.

- യുവജനക്ഷേമ ബോർഡിന്റെ പരിപാടികൾ ജില്ലയിൽ സംഘടിപ്പിക്കുന്നു
- ജില്ലയിലെ യൂത്ത് കോ-ഓർഡിനേറ്റർമാരുടെ പ്രവർത്തനം വിലയിരുത്തുന്നതിനായി യോഗങ്ങൾ വിളിച്ചുചേർക്കുന്നു.
- ജില്ലയിലെ യൂത്ത് ക്ലബ്ബുകളുടെ യോഗം വിളിച്ചുചേർക്കുകയും പ്രവർത്തനം വിലയിരുത്തുകയും ചെയ്യുന്നു.
- ജില്ലയിലെ യൂത്ത് കോ-ഓർഡിനേറ്റർമാരുടെയും ക്ലബ്ബുകളുടെയും സഹകരണവും പങ്കാളിത്തവും ഉറപ്പാക്കി ബോർഡ് ആവിഷ്കരിച്ച് നടപ്പിലാക്കുന്ന പദ്ധതികൾ ജില്ലയിൽ വിജയപ്രദമാക്കുന്നതിനുള്ള പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നു.

- ജില്ലയിലെ യൂത്ത് ക്ലബ്ബുകൾക്ക് അഫിലിയേഷൻ നൽകുന്നു.
- യുവജനക്ഷേമവുമായി ബന്ധപ്പെട്ട് ജില്ലയിൽ മറ്റ് വകുപ്പുകൾ സംഘടിപ്പിക്കുന്ന പ്രവർത്തനങ്ങൾ/യോഗങ്ങൾ എന്നിവയിൽ പങ്കെടുക്കുകയും ക്ലബ്ബുകളെയും കോ-ഓർഡിനേറ്റർമാരേയും പങ്കെടുപ്പിക്കുകയും ചെയ്യുന്നു.
- ജില്ലയിൽ യൂത്ത് ക്ലബ്ബുകൾ/യുവ ക്ലബ്ബുകൾ സംഘടിപ്പിക്കുന്ന പരിപാടികൾക്ക് മേൽനോട്ടം വഹിക്കുന്നു.
- ബോർഡ് നടപ്പിലാക്കുന്ന പദ്ധതികൾക്ക് യുവജനങ്ങളെ പങ്കാളികളാക്കുന്നതിന് ജില്ലയിൽ സ്കൂൾ /കോളേജ് എന്നിവിടങ്ങളിൽ സന്ദർശനം നടത്തുകയും അവരുടെ പങ്കാളിത്തം ഉറപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നു.
- പ്രളയം പോലുള്ള പ്രകൃതിദുരന്തങ്ങൾ സംഭവിക്കുമ്പോൾ ജില്ലാ യുവജനകേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ ജില്ലയിലെ വിവിധ ഭാഗങ്ങളിൽ ക്യാമ്പുകൾ ക്രമീകരിക്കുകയും ക്യാമ്പുകളിൽ സാധന സാമഗ്രികൾ, വസ്തുങ്ങൾ, ഭക്ഷ്യവസ്തുക്കൾ എന്നിവ യൂത്ത് കോ-ഓർഡിനേറ്റർമാരുടെ സഹകരണത്തോടെ എത്തിക്കുകയും പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുകയും ചെയ്യുന്നു.
- യുവജനക്ഷേമ ബോർഡിന്റെ ഔദ്യോഗിക മാസികയായ 'യുവത മാഗസി'ന് വരിക്കാരെ ചേർക്കുന്ന പ്രവർത്തനങ്ങൾ നടത്തുന്നു.

## 5.4 യുവശക്തി ജില്ലാ കോ-ഓർഡിനേറ്റർ

യുവജനക്ഷേമ ബോർഡിന്റെ ആഭിമുഖ്യത്തിൽ നടപ്പിലാക്കിവരുന്ന 'യുവശക്തി' പദ്ധതിയുടെ ഭാഗമായി ഓരോ ജില്ലയിലും യുവശക്തി ജില്ലാ കോ-ഓർഡിനേറ്റർമാരെ നിയമിക്കുന്നു. കോ-ഓർഡിനേറ്റർമാരുടെ കാലാവധി കരാർ അടിസ്ഥാനത്തിൽ ഒരു വർഷം ആയിരിക്കും. ഓരോ മാസവും നടത്തിയ പ്രവർത്തനങ്ങൾ സംബന്ധിച്ച റിപ്പോർട്ടിൻമേൽ ജില്ലാ യൂത്ത് പ്രോഗ്രാം ഓഫീസർ പരിശോധിച്ച് നൽകുന്ന ശുപാർശയുടെ അടിസ്ഥാനത്തിൽ കോ-ഓർഡിനേറ്റർമാർക്ക് ഓണറേറിയം നൽകുന്നു.

### പ്രവർത്തനങ്ങൾ

- ജില്ലാ യുവജന കേന്ദ്രത്തിന്റെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നു
- ജില്ലാ യൂത്ത് പ്രോഗ്രാം ഓഫീസറുമായി സഹകരിച്ച് ബോർഡിന്റെ പരിപാടികൾ ജില്ലയിൽ നടപ്പിലാക്കുന്നു
- ജില്ലാ യുവജന കേന്ദ്രത്തിന്റെ കീഴിലുള്ള പഞ്ചായത്ത്/മുനിസിപ്പൽ കോ-ഓർഡിനേറ്റർമാരുടെ പ്രവർത്തനങ്ങൾ വിലയിരുത്തുകയും യോഗം വിളിച്ചുചേർക്കുകയും ചെയ്യുന്നു.
- കേരളോത്സവത്തിന്റെ നടത്തിപ്പിനായി ബ്ലോക്ക് പഞ്ചായത്ത്, മുനിസിപ്പാലിറ്റി ജില്ലാ പഞ്ചായത്ത് എന്നിവകളെ സഹായിക്കുന്നു.

## 5.5 യുവശക്തി പഞ്ചായത്ത്/മുനിസിപ്പാലിറ്റി കോ-ഓർഡിനേറ്റർ

യുവശക്തി പദ്ധതിയുടെ ഭാഗമായി ഓരോ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും യൂത്ത് കോ-ഓർഡിനേറ്റർമാരെ നിയമിക്കുന്നു. ഓരോ മാസവും

യൂത്ത് കോ-ഓർഡിനേറ്റർമാർ നടത്തിയ പ്രവർത്തനങ്ങൾ വിലയിരുത്തി അവർക്ക് ഓണറേറിയം അനുവദിക്കുന്നു. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നാമനിർദ്ദേശം ചെയ്യുന്ന യുവാക്കളെ സംസ്ഥാന യുവജനക്ഷേമ ബോർഡ് അതാത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ യൂത്ത് കോ-ഓർഡിനേറ്റർമാരെ നിയമിക്കുന്നു.

<u>പ്രവർത്തനങ്ങൾ</u>

ഗ്രാമ/മുനിസിപ്പൽ/കോർപ്പറേഷൻ തലത്തിൽ യൂത്ത് ക്ലബ്ബുകൾ/യുവ ക്ലബ്ബുകൾ രൂപീകരിക്കുന്നതിന് നേതൃത്വം നൽകുന്നു.

ക്ലബ്ബുകളെ യുവജന കേന്ദ്രത്തിൽ അഫിലിയേഷൻ നടത്തുന്നതിൽ സഹായിക്കുന്നു.

യുവജനക്ഷേമ ബോർഡിന്റെ ജില്ലാതല പ്രവർത്തനങ്ങൾ തദ്ദേശ സ്വയംഭരണ സ്ഥാപന തലത്തിൽ ഏകോപിപ്പിക്കുന്നു.

ട്രെയിനിംഗ് പ്രോഗ്രാമുകളിൽ യുവജനങ്ങളെ പങ്കെടുപ്പിക്കുന്നു.

ലഹരി ബോധവൽക്കരണ സെമിനാറുകൾ നടത്തുന്നു.

ബോർഡിന്റെ ആഭിമുഖ്യത്തിൽ നടത്തുന്ന ജില്ലാ സംസ്ഥാനതല മീറ്റിംഗുകളിൽ പങ്കെടുക്കുന്നു.

പ്രവർത്തന റിപ്പോർട്ടും അറ്റൻഡൻസും ജില്ലാ ഓഫീസിൽ ഓരോ മാസവും സമർപ്പിക്കുന്നു.

### 5.6 യുവശക്തി കോ-ഓർഡിനേറ്റർമാരുടെ പ്രതിമാസ ഓണറേറിയം.

പട്ടിക 13

| ക്രമനമ്പർ | തസ്തിക | ഓണറേറിയം |
|---|---|---|
| 1 | യുവശക്തി ജില്ലാ കോ-ഓർഡിനേറ്റർ | 15,000/- രൂപ |
| 2 | യുവശക്തി കോർപ്പറേഷൻ കോ-ഓർഡിനേറ്റർ | 5,000/- രൂപ |
| 3 | യുവശക്തി മുനിസിപ്പാലിറ്റി കോ-ഓർഡിനേറ്റർ | 3,000/- രൂപ |
| 4 | യുവശക്തി പഞ്ചായത്ത് കോ-ഓർഡിനേറ്റർ | 2,500/- രൂപ |

### 5.7 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും കോ ഓർഡിനേറ്റർ മാരുടെ നിയമനനിലയും.

പഞ്ചായത്ത് /നഗരസഭ/ജില്ലാ തലങ്ങളിൽ യൂത്ത് കോ ഓർഡിനേറ്റർമാർ പ്രവർത്തിക്കുന്നു. കേരളത്തിലെ ജില്ല തിരിച്ചുള്ള പഞ്ചായത്ത്/നഗരസഭ കോ

ഓർഡിനേറ്റർമാരുടെ എണ്ണം ചുവടെ ചേർക്കുന്നു.

**പട്ടിക - 14**

| | പഞ്ചായത്ത് | | നഗരസഭ | | കോർപ്പറേഷൻ | |
|---|---|---|---|---|---|---|
| | എണ്ണം | കോ ഓർഡിനേറ്റർ മാർ | എണ്ണം | കോ ഓർഡിനേറ്റർ മാർ | എണ്ണം | കോ ഓർഡിനേറ്റർ മാർ |
| തിരുവനന്തപുരം | 73 | 35 | 4 | 4 | 1 | 2 |
| കൊല്ലം | 68 | 37 | 4 | 1 | 1 | |
| പത്തനംതിട്ട | 53 | 17 | 4 | 7 | - | |
| ആലപ്പുഴ | 72 | 43 | 6 | 1 | - | |
| കോട്ടയം | 71 | 29 | 6 | | - | |
| ഇടുക്കി | 52 | 39 | 2 | 2 | - | |
| എറണാകുളം | 82 | 45 | 13 | 7 | 1 | |
| തൃശ്ശൂർ | 86 | 38 | 7 | 1 | 1 | 1 |
| പാലക്കാട് | 88 | 60 | 7 | 2 | - | |
| മലപ്പുറം | 94 | 57 | 12 | 7 | - | |
| കോഴിക്കോട് | 70 | 34 | 7 | 4 | 1 | |
| വയനാട് | 23 | 15 | 3 | 3 | - | |
| കണ്ണൂർ | 71 | 43 | 9 | 6 | 1 | |
| കാസർഗോഡ് | 38 | 26 | 3 | 26 | - | |
| **ആകെ** | **941** | **518** | **87** | **67** | **6** | **3** |

കേരളത്തിലെ പഞ്ചായത്ത്, നഗരസഭ, മുനിസിപ്പൽ കോർപ്പറേഷൻ എന്നീ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ആകെ എണ്ണം നിലവിൽ 1034 ആണ്. 1034 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും കോ-ഓർഡിനേറ്റർമാരെ നിയമിക്കുവാനുള്ള അധികാരം ബോർഡിൽ നിക്ഷിപ്തമാണ്. കൂടാതെ 14 ജില്ലകളിലും ജില്ലാ കോ-ഓർഡിനേറ്റർ എന്ന തസ്തികയിലും ബോർഡ് നിയമനം നടത്തുന്നുണ്ട്.

## 5.8 യൂത്ത് ക്ലബ്ബുകൾ

യുവതയുടെ വികസനം യുവതയാൽ സാധ്യമാക്കുന്നു എന്ന ആശയത്തിലൂന്നി

പ്രവർത്തിക്കുന്ന സമൂഹാധിഷ്ഠിതമായ ഒരു സംഘടനയാണ് യൂത്ത് ക്ലബ്ബ്. മതേതരവും, ആധുനികവുമായ രാജ്യസൃഷ്ടിക്ക് അനുഗുണമാം വിധം ക്രിയാത്മകവും, ഉത്തരവാദപൂർണ്ണവുമായ പൗരൻമാരെ വാർത്തെടുക്കുന്നതിനായി യുവാക്കളിൽ നൈപുണ്യം, സാൻമാർഗ്ഗിക മൂല്യങ്ങൾ എന്നിവ രൂപപ്പെടുത്തുന്നതിൽ യൂത്ത് ക്ലബ്ബുകൾ നിർണ്ണായക പങ്ക് വഹിക്കുന്നു. യൂത്ത് ക്ലബ്ബുകളിലൂടെ നേടുവാനുദ്ദേശിക്കുന്ന ലക്ഷ്യങ്ങൾ താഴെപ്പറയുന്നവയാണ്

- യുവതയുടെ നേതൃത്വ പാടവം വളർത്തുക
- നൂതനവും, സൃഷ്ടിപരമായ ആശയങ്ങളെ രൂപപ്പെടുത്തുന്നതിനായി യുവതയുടെ കഴിവുകളെ ഉദ്ദീപിപ്പിക്കുക
- യുവജനാധിഷ്ഠിത ആശയങ്ങളുടെയും യുവജന കേന്ദ്രീകൃതമായ നിർവ്വഹണത്തിന്റെയും വിശ്വാസ്യത സ്ഥാപിക്കുക

### 5.9 **യുവജനക്ഷേമ ബോർഡുമായി അഫിലിയേറ്റ് ചെയ്യപ്പെട്ട യൂത്ത് ക്ലബ്ബുകളുടെ ജില്ലാടിസ്ഥാനത്തിലുള്ള എണ്ണം ചുവടെ ചേർക്കുന്നു.**

പട്ടിക - 15

| ജില്ല | യൂത്ത് ക്ലബ്ബുകൾ |
|---|---|
| തിരുവനന്തപുരം | 927 |
| കൊല്ലം | 515 |
| പത്തനംതിട്ട | 305 |
| കോട്ടയം | 161 |
| ആലപ്പുഴ | 748 |
| ഇടുക്കി | 507 |
| എറണാകുളം | 654 |
| തൃശ്ശൂർ | 554 |
| പാലക്കാട് | 305 |
| മലപ്പുറം | 1194 |
| കോഴിക്കോട് | 143 |
| വയനാട് | 303 |
| കണ്ണൂർ | 514 |
| കാസർകോട് | 437 |
| **ആകെ** | **7267** |

## 5.10 യൂത്ത് ക്ലബ്ബുകൾ നേരിടുന്ന വെല്ലുവിളികൾ

ജനാധിപത്യത്തിന്റെ വിത്തുകൾ പാകുന്ന നഴ്സറികളാണ് യൂത്ത് ക്ലബ്ബുകൾ. എന്നാൽ കേരളത്തിലെ യൂത്ത് ക്ലബ്ബുകളുടെ ഫലപ്രദമായ പ്രവർത്തനത്തെ പ്രതികൂലമായി ബാധിക്കുന്ന നിരവധി ഘടകങ്ങൾ നിലനിൽക്കുന്നു.

1. അടിസ്ഥാന സൗകര്യങ്ങളുടെ അഭാവം
2. സാമ്പത്തിക ഉറവിടങ്ങളുടെ അഭാവം
3. പ്രോത്സാഹനത്തിന്റെ അഭാവം
4. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും നേരിടുന്ന അവഗണന
5. യുവതയുടെ പങ്കാളിത്തത്തിന്റെ അഭാവം

## 5.11 യൂത്ത് ക്ലബ്ബുകളെ പുനരുജ്ജീവിപ്പിക്കൽ

ഒരു കൂട്ടം ചെറുപ്പക്കാർക്ക് അവർ ജീവിക്കുന്ന സമൂഹക്രമത്തിൽ മാറ്റം വരുത്താൻ കഴിയുമെന്ന തത്വത്തിലാണ് യൂത്ത് ക്ലബ്ബുകൾ പ്രവർത്തിക്കുന്നത്. യുവതയിൽ ജനാധിപത്യമൂല്യങ്ങൾ ഊട്ടിയുറപ്പിക്കുന്നതിനും സാമൂഹ്യ വികസനത്തിന്റെ വിവിധ മേഖലകളിൽ യുവതയുടെ പങ്കാളിത്തം ഉറപ്പാക്കുന്നതിനായും, കേരളത്തിൽ യൂത്ത് ക്ലബ്ബുകൾ സ്ഥാപിക്കുന്നതിലും പരിപോഷിപ്പിക്കുന്നതിലും ബാധ്യസ്ഥരായ കേരള യുവജന ക്ഷേമ ബോർഡ്, യൂത്ത് ക്ലബ്ബുകളുടെ ഇപ്പോഴത്തെ അവസ്ഥക്ക് പരിഹാരം കാണുന്നതിനായി താഴെ വിവരിക്കുന്ന മാർഗ്ഗങ്ങൾ അവലംബിക്കേണ്ടതാണ്.

### I. യുവത വിവരശേഖരണം

ഓരോ നഗര/ ഗ്രാമ പ്രദേശങ്ങളിലേയും യുവതയെ സംബന്ധിച്ച പ്രാഥമിക വിവരശേഖരണം നടത്തുന്നതിനും യൂത്ത് ക്ലബ്ബുകൾ തുടങ്ങാൻ അനുയോജ്യമായ പ്രദേശങ്ങൾ കണ്ടെത്തുന്നതിനായുമുള്ള നടപടികൾ സ്വീകരിക്കണം.

### II. യൂത്ത് ക്ലബ്ബുകളുടെ പ്രവർത്തന ചട്ടക്കൂട്

യൂത്ത് ക്ലബ്ബുകളുടെ രക്ഷാധികാരിയായി അതത് ക്ലബ്ബ് സ്ഥിതിചെയ്യുന്ന വാർഡിലെ മെമ്പറെ നോമിനേറ്റ് ചെയ്യണം. യുവജന സന്നദ്ധ / രാഷ്ട്രീയ സംഘടന ഭാരവാഹികൾ, പ്രദേശത്തെ സ്കൂൾ / കോളേജുകളിലെ കലാ- കായിക അഭിരുചിയുള്ള അദ്ധ്യാപകർ, കലാ- കായിക മേഖലകളിൽ പ്രാഗത്ഭ്യം തെളിയിച്ച പ്രദേശവാസികൾ, പ്രദേശത്തെ മറ്റ് യൂത്ത് ക്ലബ്ബുകളുടെ ഭാരവാഹികൾ തുടങ്ങിയവരെ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള ഉപദേശക സമിതി എല്ലാ ക്ലബ്ബുകൾക്കും ഉണ്ടായിരിക്കേണ്ടതാണ്.

**III. ഗ്രേഡിംഗ് സമ്പ്രദായം** യൂത്ത് ക്ലബ്ബുകളുടെ പ്രവർത്തനമികവിനെ അടിസ്ഥാനമാക്കി ക്ലബ്ബുകൾക്ക് ഗ്രേഡിംഗ് സമ്പ്രദായം ഏർപ്പെടുത്തുക. ക്ലബ്ബുകൾ തമ്മിലുള്ള താരതമ്യ പഠനത്തിനും ന്യൂനതകൾ പരിഹരിക്കാനും യൂത്ത് ക്ലബ്ബുകളുടെ

പ്രവർത്തനം മെച്ചപ്പെടുത്താനും ഇതുപകരിക്കും.

**IV. യൂത്ത് ക്ലബ്ബുകൾക്ക് സാമ്പത്തിക സഹായം**

യുവജനക്ഷേമ ബോർഡിന്റെ പ്രവർത്തനത്തിന്റെ ആണിക്കല്ലാണ് യൂത്ത് ക്ലബ്ബുകൾ. എന്നാൽ യുവജനക്ഷേമ ബോർഡുമായി അഫിലിയേറ്റ് ചെയ്യപ്പെട്ട യൂത്ത് ക്ലബ്ബുകൾക്ക് ഏതാനും വർഷങ്ങളായി ബോർഡ് സാമ്പത്തിക സഹായം നൽകുന്നില്ല. ഗ്രേഡിംഗിന്റെ അടിസ്ഥാനത്തിൽ യൂത്ത് ക്ലബ്ബുകൾക്ക് സാമ്പത്തിക സഹായം ഏർപ്പെടുത്തുക. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും യൂത്ത് ക്ലബ്ബുകൾക്ക് സാമ്പത്തിക സഹായം ലഭ്യമാക്കുന്നതിനായുള്ള പ്രവർത്തനങ്ങൾ ബോർഡ് ആവിഷ്ക്കരിക്കേണ്ടതാണ്.

**V. വികസന വകുപ്പുകളുമായുള്ള പങ്കാളിത്തം**

തദ്ദേശ സ്വയംഭരണ വകുപ്പ്, പട്ടിക ജാതി/ പട്ടിക വർഗ്ഗ വികസന വകുപ്പ്, തൊഴിലും, നൈപുണ്യവും വകുപ്പ് തുടങ്ങിയ സർക്കാർ വകുപ്പുകൾ മറ്റ് സർക്കാർ ഏജൻസികൾ എന്നിവയുമായി സഹകരിച്ച് യുവജന വികസന പദ്ധതികൾ ആവിഷ്ക്കരിക്കുകയും ക്ലബ്ബുകൾ കേന്ദ്രീകൃതമായ പ്രവർത്തനങ്ങൾക്ക് ധനസഹായം ലഭ്യമാകാനുതകുന്ന വിധം ബോർഡിന്റെ പ്രവർത്തനങ്ങൾ വിപുലീകരിക്കേണ്ടതുമാണ്.

**VI. അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നത്**

യൂത്ത് ക്ലബ്ബുകൾ ആരംഭിക്കുന്ന വേളയിൽ യുവത അഭിമുഖീകരിക്കുന്ന ഏറ്റവും വലിയ വെല്ലുവിളി സ്ഥല സൗകര്യങ്ങളുടെ അപര്യാപ്തതയാണ്. ഓരോ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെയും അധികാരപരിധിയിൽ ഏറ്റവും കുറഞ്ഞത് മൂന്ന് യൂത്ത് ക്ലബ്ബുകൾക്കെങ്കിലും അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കി പുതുതായി ആരംഭിക്കുകയോ, നിലവിലുള്ളവയെ പുനരുജ്ജീവിപ്പിക്കുകയോ ചെയ്യുന്ന വിഷയം യുവജനകാര്യ വകുപ്പ് പരിശോധിക്കേണ്ടതാണ്. ഈ ഒരു ഉദ്യമം, യുവജന ക്ഷേമ ബോർഡും തദ്ദേശ സ്വയംഭരണ വകുപ്പും ചേർന്നുള്ള സംരംഭമായി നടപ്പാക്കുന്ന കാര്യം പരിഗണിക്കേണ്ടതാണ്.

**VII. യുവതയുടെ പങ്കാളിത്തം**

ബോർഡിന്റെ പരിശീലന പരിപാടികൾ / പദ്ധതികൾ എല്ലാ യൂത്ത് ക്ലബ്ബ് അംഗങ്ങൾക്കും ലഭ്യമാകുന്നവിധം ഫലപ്രദമായും, കഴിവുറ്റതുമായി ആസൂത്രണം ചെയ്യേണ്ടതാണ്.

**5.12 മോഡൽ യൂത്ത് ക്ലബ്ബുകൾ**

യൂത്ത് ക്ലബ്ബുകളുടെ ശോചനീയാവസ്ഥക്ക് പരിഹാരം കാണാനും, പ്രവർത്തനത്തിന് പുതിയ ദിശാ ബോധം നൽകാനും, പ്രവർത്തനം കാര്യക്ഷമമാക്കാനും യൂത്ത് ക്ലബ്ബുകൾക്ക് മാതൃക സൃഷ്ടിക്കേണ്ടതാണ്. ഇതിന്റെ അടിസ്ഥാനത്തിൽ മറ്റ് യൂത്ത് ക്ലബ്ബുകൾക്ക് പ്രവർത്തന മാതൃകയായി സംസ്ഥാനത്തെ എല്ലാ പഞ്ചായത്ത്/

മുൻസിപ്പാലിറ്റി/ കോർപ്പറേഷൻ -കളിലും യുവജനകാര്യ വകുപ്പിന്റേയും, തദ്ദേശ സ്വയംഭരണ വകുപ്പിന്റേയും സംയുക്ത സംരംഭമായി യുവജനക്ഷേമ ബോർഡിന്റെ നേരിട്ടുള്ള നിയന്ത്രണത്തിൽ മോഡൽ യൂത്ത് ക്ലബ്ബുകൾ ആരംഭിക്കണം.

മോഡൽ യൂത്ത് ക്ലബ്ബുകൾ വഴി സംഘടിപ്പിക്കുന്ന പരിപാടികൾ സാമ്പത്തിക വർഷ ക്രമത്തിൽ മുൻകൂട്ടി ആസൂത്രണം ചെയ്യേണ്ടതാണ്. ഇത്തരത്തിൽ ഒരു സാമ്പത്തിക വർഷത്തിൽ സംഘടിപ്പിക്കാവുന്ന പരിപാടികൾക്കുണ്ടാകുന്ന ചെലവിന് ആനുപാതികമായി ഫണ്ട് ബോർഡ് അനുവദിച്ച് നൽകേണ്ടതാണ്. മോഡൽ യൂത്ത് ക്ലബ്ബുകളുടെ പ്രവർത്തനം ഡിസ്ട്രിക്ട് യൂത്ത് പ്രോഗ്രാം ഓഫീസറുടെ നേരിട്ടുള്ള മേൽനോട്ടത്തിലും, നിയന്ത്രണത്തിലും ആയതിനാൽ ഫണ്ട് വിനിയോഗത്തിൽ "ഉത്തരവാദിത്തം" ഉറപ്പിക്കാൻ കഴിയും.

## 5.13 യുവ ക്ലബ്ബുകൾ

പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട യുവജനങ്ങൾ, സാമൂഹികമായും, സാമ്പത്തികമായും പിന്നോക്കം നിൽക്കുന്ന ഗ്രാമങ്ങൾ, തീരദേശ മേഖലകൾ, മലയോരപ്രദേശങ്ങൾ എന്നിവിടങ്ങളിലെ യുവജനങ്ങൾ തുടങ്ങിയവരുടെ കലാപരവും കായികപരവുമായ വികാസം ലക്ഷ്യമാക്കി ആരംഭിച്ചതാണ് യുവ ക്ലബ്ബുകൾ. യുവക്ലബ്ബുകളുടെ ജില്ലതിരിച്ചുള്ള എണ്ണം ചുവടെ ചേർക്കുന്നു.

പട്ടിക - 16

| നം. | ജില്ല | യുവ ക്ലബ്ബ് |
|---|---|---|
| 1 | തിരുവനന്തപുരം | 60 |
| 2 | കൊല്ലം | 121 |
| 3 | കോട്ടയം | 59 |
| 4 | ആലപ്പുഴ | 86 |
| 5 | പത്തനംതിട്ട | 45 |
| 6 | എറണാകുളം | 122 |
| 7 | ഇടുക്കി | 64 |
| 8 | തൃശ്ശൂർ | 135 |
| 9 | മലപ്പുറം | 48 |
| 10 | വയനാട് | 65 |
| 11 | പാലക്കാട് | |
| 12 | കോഴിക്കോട് | 104 |
| 13 | കണ്ണൂർ | 75 |
| 14 | കാസർഗോഡ് | 108 |

## 5.14 യുവ ക്ലബ്ബ്- പ്രധാനപ്പെട്ട വസ്തുതകൾ

1. യുവ ക്ലബ്ബുകൾ നാടൻ കലാരൂപങ്ങളുടെയും, ഗോത്ര കലകളുടെയും, പാരമ്പര്യ കലകളുടെയും പരിപോഷണത്തിന് നിർണ്ണായക പങ്ക് വഹിക്കുന്നു.
2. ഭൂരിഭാഗം യുവ ക്ലബ്ബുകളിലും നാടൻ കലാരൂപങ്ങളിൽ പരിശീലനം നൽകുകയും ജീവനോപാധിയായി നാടൻ കലകളെ പ്രയോജനപ്പെടുത്തുകയും ചെയ്യുക എന്നത് ആശാവഹമായ കാര്യമാണ്. മാത്രമല്ല യുവ ക്ലബ്ബുകളിൽ 30 ശതമാനം യുവതി പ്രാതിനിധ്യം ഉറപ്പാക്കുന്നുണ്ട്.

സാമ്പത്തിക ഉറവിടങ്ങളുടെ അഭാവം തന്നെയാണ് യുവ ക്ലബ്ബുകൾ നേരിടുന്ന വെല്ലുവിളി. വാദ്യോപകരണങ്ങളുടെയും മറ്റും ലഭ്യത ക്ലബ്ബുകളെ അലട്ടുന്ന പ്രശ്നമാണ്.

## 5.15 ശുപാർശകൾ

1. യുവ ക്ലബ്ബുകളുടെ പ്രാധാന്യം മുൻനിർത്തി ക്ലബ്ബുകൾ പ്രവർത്തിക്കുന്ന കെട്ടിടങ്ങളുടെ വാടക ബോർഡ് വഹിക്കുന്നത് അത്യന്തം ഉചിതമായിരിക്കും. ഈ വിഷയത്തിൽ ബോർഡ് തീരുമാനം കൈക്കൊള്ളേണ്ടതാണ്.
2. ആദിവാസി മേഖലകളിൽ യുവ ക്ലബ്ബുകൾ ആരംഭിക്കുന്നതിനായി സ്ഥലസൗകര്യം ലഭ്യമാക്കുന്ന കാര്യം യുവജനകാര്യ വകുപ്പ്, പട്ടികജാതി പട്ടിക വർഗ്ഗ വികസന വകുപ്പുമായി ആലോചിച്ച് തീരുമാനമെടുക്കേണ്ടതാണ്.
3. വാദ്യോപകരണങ്ങൾ യുവ ക്ലബ്ബുകൾക്ക് സൗജന്യമായി ലഭ്യമാക്കേണ്ടതാണ്.
4. ആധുനിക വാദ്യോപകരണങ്ങളിൽ പട്ടികജാതി/പട്ടികവർഗ്ഗ യുവതയ്ക്ക് പരിശീലനം ലഭ്യമാക്കാൻ ബോർഡ് നടപടികൾ സ്വീകരിക്കേണ്ടതാണ്.
5. സമീപകാലത്തുണ്ടായ വെള്ളപ്പൊക്കത്തിൽ പല യുവ ക്ലബ്ബുകൾക്കും നാശനഷ്ടങ്ങൾ ഉണ്ടായിട്ടുണ്ട്. ഇത് പരിഹരിക്കുന്നതിന് തക്കതായ നടപടികൾ ബോർഡിന്റെ ഭാഗത്തുനിന്നും സ്വീകരിക്കേണ്ടത് അത്യന്താപേക്ഷിതമാണ്.

## 5.16 യുവതാ മാഗസിൻ

കേരളീയ സമൂഹത്തിൽ കലാ, സാഹിത്യ, സാംസ്കാരിക രംഗങ്ങളിൽ നിറഞ്ഞുനിൽക്കുന്ന വ്യക്തികളുടെ ആശയങ്ങളും ചിന്തകളും ഉൾപ്പെടുത്തിയ ലേഖനങ്ങൾക്ക് മാത്രം മുന്തിയ പരിഗണന നൽകി യുവതാ മാഗസിനിൽ പ്രസിദ്ധീകരിക്കുന്നത് ഉചിതമല്ല. യുവജനക്ഷേമ ബോർഡ് നടപ്പിലാക്കുന്ന പദ്ധതികളെക്കുറിച്ച് യുവതയ്ക്ക് അറിവ് നൽകുന്നതിനും ബോർഡിന്റെ പ്രവർത്തനങ്ങളിൽ പങ്കാളികളാകുന്നതിന് യുവതയ്ക്ക് അവസരം നൽകുന്ന തരത്തിലും രൂപകൽപ്പന ചെയ്യേണ്ട മാധ്യമമാണ് 'യുവതാ മാഗസിൻ'. താഴെ പറയുന്ന രീതിയിൽ യുവതാ മാഗസിൻ പരിഷ്കരിക്കുന്ന കാര്യം പരിഗണിക്കേണ്ടതാണ്.

1. യുവതാ മാഗസിൻ വരിക്കാർ 'യൂത്ത് ക്ലബ്ബുകൾ' ആണെന്ന വസ്തുത മുൻനിർത്തി

മികച്ച പ്രവർത്തനം കാഴ്ചവയ്ക്കുന്ന യൂത്ത് ക്ലബ്ബുകളെക്കുറിച്ചും അവർ നടപ്പിലാക്കുന്ന പരിപാടികളെക്കുറിച്ചും പ്രതിപാദിക്കുന്ന ഫീച്ചറുകൾ ഉൾപ്പെടുത്തേണ്ടതാണ്.

2. യുവജനക്ഷേമ ബോർഡിന്റെ മാസംതോറുമുള്ള പ്രവർത്തന റിപ്പോർട്ട് (ജില്ല തിരിച്ച്) മാഗസിനിൽ ഉൾപ്പെടുത്തേണ്ടതാണ്.
3. യൂത്ത് ക്ലബ്ബിന്റെ ഭാവിപദ്ധതികളെക്കുറിച്ച് മാഗസീനിലൂടെ യുവതയ്ക്ക് അറിവ് നൽകേണ്ടതാണ്.
4. യൂത്ത് ക്ലബ്ബ് അംഗങ്ങളുടെയും യൂത്ത് ക്ലബ്ബിന്റെ ഭാഗഭാക്കാകുന്ന വ്യക്തികളുടെയും ലേഖനങ്ങൾ മാഗസിനിൽ ഉൾപ്പെടുത്തേണ്ടതാണ്.
5. യുവാക്കളുടെ ആശയം പ്രചരിപ്പിക്കുന്നതിനും അവരുടെ നേട്ടങ്ങൾ യവതയെ അറിയിക്കുന്നതിനുമായി യുവതാ മാഗസിൻ പ്രയോജനപ്പെടുത്തുക.

### 5.17 യുവത മാസിക രണ്ടാം എഡിഷൻ വരിക്കാരുടെ വിശദ വിവരം

പട്ടിക 17

| ക്രമ നമ്പർ | ജില്ല | ക്വാട്ട | ചേർത്ത വരുക്കാരുട എണ്ണം |
|---|---|---|---|
| 1 | തിരുവനന്തപുരം | 1000 | 494 |
| 2 | കൊല്ലം | 1000 | 351 |
| 3 | പത്തനംതിട്ട | 700 | 226 |
| 4 | ആലപ്പുഴ | 1000 | 555 |
| 5 | കോട്ടയം | 800 | 615 |
| 6 | ഇടുക്കി | 500 | 400 |
| 7 | എറണാകുളം | 1000 | 231 |
| 8 | തൃശ്ശൂർ | 1000 | 535 |
| 9 | പാലക്കാട് | 1000 | 228 |
| 10 | മലപ്പുറം | 1000 | 315 |
| 11 | കോഴിക്കോട് | 1000 | 437 |
| 12 | വയനാട് | 500 | 113 |
| 13 | കണ്ണൂർ | 1000 | 655 |
| 14 | കാസർഗോഡ് | 1000 | 409 |
| ആകെ | | 12500 | 5564 |

ജില്ലാ യുവജനകേന്ദ്രത്തിന്റെ നേതൃത്വത്തിൽ യൂത്ത് കോ-ഓർഡിനേറ്റർമാർ മുഖാന്തിരം യുവത മാഗസിന്റെ വാർഷിക വരിക്കാരെ ചേർക്കുന്ന രീതിയാണ് നിലവിലുള്ളത്.

## അദ്ധ്യായം 6
## ദേശീയ സാഹസിക അക്കാദമികൾ

6.1 യുവജനങ്ങളിൽ സാഹസികത പ്രോത്സാഹിപ്പിക്കുക എന്ന ലക്ഷ്യത്തോടെ കേരള സംസ്ഥാന യുവജനക്ഷേമ ബോർഡിന്റെ കീഴിൽ ഇടുക്കി, കണ്ണൂർ ജില്ലകളിൽ ദേശീയ സാഹസിക അക്കാഡമികൾ പ്രവർത്തിക്കുന്നു.

### 6.2 ഉദ്ദേശ്യങ്ങൾ

1. യുവജനങ്ങളിൽ സാഹസികത പ്രോത്സാഹിപ്പിക്കുക
2. യുവജനങ്ങളിൽ ആത്മവിശ്വാസം വളർത്തുക
3. പ്രകൃതി വിഭവങ്ങളെക്കുറിച്ച് അറിവ് നൽകുക
4. പ്രകൃതി സംരക്ഷണത്തിന്റെ ആവശ്യകതയെക്കുറിച്ച് യുവജനങ്ങളെ ബോധവാൻമാരാക്കുക

### 6.3 ദേശീയ സാഹസിക അക്കാദമി, ദേവികുളം

യുവജനങ്ങളിലെ സാഹസിക അവബോധം വളർത്തുന്നതിനായി പരിശീലന പരിപാടികൾ സംഘടിപ്പിക്കുന്നതിനായി 16/04/2000 ൽ ഇടുക്കി ജില്ലയിൽ ദേവികുളത്ത് പ്രവർത്തനമാരംഭിച്ചു.

പ്രവർത്തനങ്ങൾ

1) വിനോദ സഞ്ചാര കേന്ദ്രമായ മൂന്നാറിന് സമീപമുള്ള ദേവികുളത്ത് സ്ഥിതി ചെയ്യുന്നതിനാൽ അക്കാഡമിയിൽ ടൂറിസം വകുപ്പുമായി ചേർന്ന് വിനോദ സഞ്ചാരികൾക്ക് സാഹസിക വിനോദങ്ങളിൽ ഏർപ്പെടാനുള്ള സംവിധാനം ഒരുക്കുന്നു.

2) ട്രക്കിംഗ്, റോക്ക് ക്ലൈംബിംഗ്, പാരാഗ്ലൈഡിംഗ്, അഡ്വഞ്ചർ കാർണിവൽ, അഡ്വഞ്ചർ ഫോട്ടോഗ്രഫി, മൺസൂൺ ട്രക്കിംഗ് പോലുള്ള സാഹസിക ഇനങ്ങളിൽ പങ്കെടുക്കാനുള്ള അവസരം ഒരുക്കുന്നതിനുള്ള പദ്ധതികൾ നടപ്പാക്കുന്നു.

3) പോലീസ് കമാൻഡോകൾക്കും, നാവികസേനാ ട്രെയിനികൾക്കുമുള്ള സാഹസിക പരിശീലനം നടത്തുന്നു.

4) പരിസ്ഥിതി പഠന ക്യാമ്പുകൾക്കും വിവിധ സാഹസിക പരിപാടികൾക്കുമായി കേരളത്തിൽ നിന്നും മറ്റു സംസ്ഥാനങ്ങളിൽ നിന്നുമുള്ള യുവതി യുവാക്കൾക്ക് (സ്കൂൾ, കോളേജ് വിദ്യാർത്ഥികൾക്ക്) യാത്രകൾ സംഘടിപ്പിക്കുവാനും, താമസ സൗകര്യം ഒരുക്കുവാനും അക്കാഡമി സൗകര്യം ചെയ്യുന്നു.

**6.4** ദേവികുളം സാഹസിക അക്കാഡമിയിൽ മുൻ വർഷം നടത്തിയിട്ടുള്ള പ്രധാന പരിപാടികളുടെ ലഘു വിവരണം ചുവടെ ചേർത്തിരിക്കുന്നു

### 6.4(1) മൺസൂൺ ട്രക്കിംഗ് (Monsoon Trekking)

കേരളത്തിന്റെ വിവിധ ജില്ലകളിൽ നിന്നുള്ള 30 യുവതി യുവാക്കൾക്കായി ബോർഡിന്റെ

ധന സഹായത്തോടെ നടപ്പിലാക്കിയ 5 ദിവസം നീണ്ടുനിന്ന പരിപാടിയായിരുന്നു നോർത്ത് ഈസ്റ്റ് മൺസൂൺ ട്രക്കിംഗ്. ഒരു കായിക വിനോദത്തിനപ്പുറം പ്രകൃതിയെ അറിയുന്നതിനുള്ള ഒരു പഠന യാത്രയാക്കി മാറ്റുകയും കാൽനടയാത്ര വ്യത്യസ്തങ്ങളായ ഭൂപ്രകൃതികളിലൂടെ കടന്നു പോകുന്നതോടൊപ്പം അവിടത്തെ ആവാസ വ്യവസ്ഥയെയും ജൈവവൈവിദ്ധ്യത്തെയും അറിയുവാനുള്ള അവസരവും നൽകി. ട്രക്കിംഗിന് അനുബന്ധമായി വിവിധ വിഷയങ്ങളിൽ ക്ലാസ്സുകൾ സംഘടിപ്പിച്ചു. കൊടുമുടികളായ ചൊക്രമുടി, മീശപ്പുലിമല എന്നിവിടങ്ങളിലാണ് ട്രക്കിംഗ് നടത്തിയത്. മികച്ച ട്രക്കർക്ക് ട്രോഫിയും പങ്കെടുത്തവർക്ക് സർട്ടിഫിക്കറ്റും വിതരണം ചെയ്തു.

## 6.4 (2) സാഹസിക പരിശീലനം (Adventure Training)

കേരളത്തിലെ വിവിധ ജില്ലകളിൽ നിന്നുള്ള സാഹസിക കാര്യങ്ങളിൽ താൽപര്യമുള്ള ഏതാണ്ട് 30 ഓളം യുവതി യുവാക്കളാണ് ഇതിൽ പങ്കെടുത്തത്.10 ദിവസം വരെയായിരുന്നു പരിശീലന കാലാവധി, റോക്ക് ക്ലയിമ്പിങ് , റാഷലിംങ്, റിവർ ക്രോസ്സിംഗ്, ജുമ്മറിംഗ്, ട്രക്കിംഗ് എന്നിവയുടെ പരിശീനങ്ങളാണ് നടത്തിയത്. പർവ്വതാരോഹണത്തിന്റെ അടിസ്ഥാന പഠന ക്ലാസ്സുകൾ ഉൾപ്പടെയുള്ള വിവിധ പഠന ക്ലാസ്സുകൾ നടത്തി. ഐസ് ബ്രേക്കിഗ്, ഗ്രൂപ്പ് തിരിക്കൽ, മോട്ടിവേഷൻ ക്ലാസ്സ്, വ്യായാമം, പതാക ഉയർത്തൽ എന്നീ വിവിധ ഘട്ടങ്ങൾ പരിശീലന പരിപാടിയിൽ ഉൾപ്പെടുന്നു. സാഹസിക പ്രവർത്തനങ്ങളെക്കുറിച്ചും ഉപയോഗിക്കുന്ന ഉപകരണങ്ങളെക്കുറിച്ചുമുള്ള ബോധവൽക്കരണ ക്ലാസ്സുകൾ സംഘടിപ്പിച്ചു.

## 6.4 (3) അഡ്വഞ്ചർ കാർണിവൽ

സാഹസികതയുടെ പുതിയ ഇനങ്ങൾ ഏവർക്കും പരിചയപ്പെടുത്തുക എന്ന ലക്ഷ്യത്തോടെ പൊതുജനങ്ങൾക്ക് സൗകര്യമായി പഴയ മൂന്നാറിലുള്ള ഹൈ ആൾട്ടിട്യൂഡ് സ്പോർട്സ് ട്രെയിനിംഗ് സെന്ററിൽ 4 ദിവസം നീണ്ടുനിന്ന പരിപാടിയായിരുന്നു ഇത്. ഏതാണ്ട് 5000 ൽ പരം ആളുകൾ വേദി സന്ദർശിച്ചതായി കണക്കാക്കുന്നു., Hot Air balloon, Pressure Rocket, Verticle Bungee, Trampoline, Loud Zorbing, Water Zorbing, Archery, Paint Ball, Obstacle Cycling, ATV, ZIP line, Commando Bridge, Cargo net, Burma Bridge, Burma Bucket, Munnar Photos Exhibition എന്നീ ഇനങ്ങളാണ് കാർണിവലിൽ സംഘടിപ്പിച്ചത്.

## 6.5 ലക്ഷ്യമിടുന്ന ഭാവി പരിപാടികൾ

1) സാഹസിക വിനോദ സഞ്ചാരം പ്രോത്സാഹിപ്പിക്കുന്ന വിധത്തിലുള്ള നൂതന പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കൽ.

2) സംസ്ഥാനത്ത് സാഹസിക പ്രവർത്തനങ്ങളിൽ യുവജനങ്ങളെ പരിശീലിപ്പിക്കുന്നതിന് ആവശ്യമായ സർട്ടിഫിക്കറ്റ് കോഴ്സുകൾ സംഘടിപ്പിച്ച്

കോഴ്സ് സർട്ടിഫിക്കറ്റ് നൽകുന്ന രീതിയിലേക്ക് ആക്കാഡമിയുടെ പ്രവർത്തനം വിപുലീകരിക്കൽ.

3) സ്കൂൾ കോളേജ് തലങ്ങളിലുള്ള വിദ്യാർത്ഥികൾക്ക് ബാച്ച് തിരിച്ച് ട്രക്കിംഗ് പോലുള്ള പരിപാടികൾ സ്ഥിരമായി സംഘടിപ്പിക്കൽ.

4) സ്പോർട്സ് കൗൺസിലിന്റെ കീഴിൽ നെടുങ്കണ്ടത്ത് പ്രവർത്തിക്കുന്ന ആർച്ചറി പരിശീലന കേന്ദ്രവുമായി സഹകരിച്ച് അമ്പെയ്ത്ത് മത്സരങ്ങൾ സംഘടിപ്പിക്കൽ.

5) യുവജനങ്ങളെയും വിനോദ സഞ്ചാരികളെയും ഒരു പോലെ ആകർഷിക്കുന്ന അഡ്വഞ്ചർ കാർണിവൽ സംഘടിപ്പിക്കൽ.

6) വിനോദ സഞ്ചാര വകുപ്പിന്റെയും ഹൈഡൽ ടൂറിസത്തിന്റെയും വിവിധ സർക്കാർ വകുപ്പുകളുടെയും സഹകരണത്തോടുകൂടി , സ്ഥിരം സാഹസിക പരിപാടികൾക്കുള്ള വേദിയാക്കി മാറ്റൽ.

7) സാഹസിക മേഖലയിലെ ഗവേഷണങ്ങൾക്കും പഠനങ്ങൾക്കും നവീന ആശയങ്ങൾ നടപ്പിലാക്കുന്നതിനുള്ള വേദിയായും ദേശീയ തലത്തിൽ അംഗീകാരമുള്ള സ്ഥാപനമായും അക്കാഡമിയെ വളർത്തിയെടുക്കൽ.

## 6.6 ദേശീയ സാഹസിക അക്കാദമി, (ഉപ കേന്ദ്രം) കണ്ണൂർ

കേരള സംസ്ഥാന യുവജനക്ഷേമ ബോർഡിന്റെ കീഴിൽ ദേശീയ സാഹസിക അക്കാഡമി ഉപകേന്ദ്രം 2003 ൽ കണ്ണൂരിൽ പ്രവർത്തനം ആരംഭിച്ചു. ഉപകേന്ദ്രത്തിന്റെ ഓഫീസ് ഏഷ്യയിലെ ഏക ഡ്രൈവ് ഇൻ ബീച്ചായ കണ്ണൂരിലെ മുഴപ്പിലങ്ങാട് ബീച്ചിലാണ്. 4 കിലോമീറ്ററോളം വ്യാപിച്ച് കിടക്കുന്ന കടൽത്തീരമുള്ള മുഴപ്പിലങ്ങാട് ബീച്ചിലും കണ്ണൂർ ടൗണിലുള്ള പയ്യാമ്പലം ബിച്ചിലുമാണ് ജലാധിഷ്ഠിതമായ സാഹസിക പരിപാടികൾ സംഘടിപ്പിക്കുന്നത്. സാഹസിക ക്യാമ്പ്, ട്രക്കിംഗ് എന്നിവ മലയോര മേഖലകളിലും ആർച്ചറി തുടങ്ങിയ പരിശീലന പരിപാടികൾ കണ്ണൂർ ടൗൺ പ്രദേശത്തുമാണ് സംഘടിപ്പിക്കുന്നത്.

## 6.7 പരിപാടികൾ

1) സാഹസിക പരിശീലന പരിപാടികളായ അമ്പെയ്ത്ത് പരിശീലനം, സാഹസിക ട്രക്കിംഗ്, പാരാസെയിലിംഗ്, ട്രൊമകെയർ പരിശീലനം, സ്ത്രീ സുരക്ഷ ,സ്വയം പ്രതിരോധ പരിശീലനം, ജൈവ വൈവിധ്യ പഠന ക്യാമ്പ് തുടങ്ങിയവ സംഘടിപ്പിക്കുന്നു.

2) സാഹസിക വിനോദ പരിപാടിയായ പാരാഗ്ലൈഡിംഗ്, അഡ്വഞ്ചർ കാർണിവൽ, ബീച്ച് മാരത്തോൺ, കടലിലെ നീന്തൽ മത്സരം, ബൈക്ക് റെയ്സ്, അഡ്വഞ്ചർ ഫോട്ടോഗ്രഫി അവാർഡ് തുടങ്ങിയവ സംഘടിപ്പിക്കുന്നു.

## 6.8 ലക്ഷ്യമിടുന്ന ഭാവി പരിപാടികൾ

1) കണ്ണൂരിലെ പയ്യാമ്പലം ബീച്ചിൽ സാഹസിക അക്കാദമിയും ടൂറിസം വകുപ്പുമായി ബന്ധപ്പെടുത്തിക്കൊണ്ട് സാഹസിക വിനോദ പരിപാടികൾ സ്ഥിരമായി നടപ്പിലാക്കാനുള്ള സംവിധാനം ഉണ്ടാകുന്ന തരത്തിലുള്ള പദ്ധതികൾ ആരംഭിക്കൽ

2) ദേശീയ ദുരന്ത നിവാരണ സേനയുടെ സേവനം ഉപയോഗിച്ച് ദുരന്ത നിവാരണ പരിശീലനത്തിന്റെ ഭാഗമായുള്ള 'വാട്ടർ റെസ്ക്യൂ' വിന്റെ പരിശീലന കേന്ദ്രമാക്കാൻ കഴിയുന്നതാണ്.

3) സ്പോർട്സ് വകുപ്പുമായി ബന്ധപ്പെടുത്തിക്കൊണ്ട് സാഹസിക കായിക പരിപാടികളായ മൗണ്ടൻ സൈക്ലിംഗ്, റൈഫ്ളിംഗ്, റോക്ക് ക്ലൈംബിംഗ്, റിവർ റാഫ്റ്റിംഗ് എന്നിവ ആരംഭിക്കുന്നതിനും ആർച്ചറി പരിശീലനം സ്ഥിരമായി ലഭ്യമാക്കാനും കഴിയുന്നതാണ്.

4) മുഴപ്പിലങ്ങാട് ബിച്ചിൽ 3500 ഏക്കറോളം വിസ്തൃതിയിൽ വ്യാപിച്ച് കിടക്കുന്ന ദ്വീപായ ധർമ്മടം തുരുത്തിലേക്ക് സാഹസികയാത്ര നടത്താനുള്ള സംവിധാനം ടൂറിസം വകുപ്പും സാഹസിക അക്കാഡമിയും ചേർന്ന് നടപ്പിലാക്കാവുന്നതാണ്.

## 6.9 ഗുണഭോക്താക്കൾ

18 നും 40 നും മധ്യേ പ്രായമുള്ള യുവതി യുവാക്കളാണ് ഗുണഭോക്താക്കൾ. പരിപാടി സംബന്ധിച്ച് പത്ര-നവ മാധ്യമങ്ങളിലൂടെ അറിയിപ്പ് നൽകുകയും ലഭ്യമായ അപേക്ഷകൾ സൂക്ഷ്മ പരിശോധന നടത്തിയതിന് ശേഷം തെരെഞ്ഞെടുക്കപ്പെട്ട 30-35 പേർക്കാണ് പരിശീലന പരിപാടിയിൽ പങ്കെടുക്കാൻ അവസരം ലഭിക്കുന്നത്.

# അധ്യായം 7

## ഗ്രാന്റ് ഇൻ എയ്ഡും, യുവജനക്ഷേമ പ്രോഗ്രാമുകളും

### 7.1 ആമുഖം

2013-14 സാമ്പത്തിക വർഷം മുതൽ 2018-19 വരെ സംസ്ഥാന യുവജനക്ഷേമ ബോർഡിന് ലഭിച്ച ഗ്രാന്റ് ഇൻ എയ്ഡും 2016-17 മുതൽ 2018-19 വരെ ബോർഡ് ആവിഷ്കരിച്ച് നടപ്പിലാക്കിയ യുവജനക്ഷേമ പദ്ധതികളുടെ വിജയത്തെയും അവലോകനം ചെയ്യുന്ന അദ്ധ്യായമാണിത്.

**7.2** 2013-14 സാമ്പത്തിക വർഷം മുതൽ 2018-19 സാമ്പത്തിക വർഷം വരെ സംസ്ഥാന യുവജനക്ഷേമ ബോർഡിന് ലഭിച്ച **ഗ്രാന്റ് ഇൻ എയ്ഡ്** സംബന്ധിച്ച വിവരങ്ങൾ ചുവടെ പട്ടികയിൽ ചേർക്കുന്നു.

പട്ടിക - 18

| സാമ്പത്തിക വർഷം | ബഡ്ജറ്റ് എസ്റ്റിമേറ്റ്സ് പ്രകാരമുള്ള ഗ്രാന്റ് ഇൻ എയ്ഡ് | സർക്കാർ അനുവദിച്ച ഫണ്ട് | ആകെ ചെലവ് | ഗ്രാന്റ് ഇൻ എയ്ഡിൽ നിന്നും ചെലവായ തുകയുടെ ശതമാനം |
|---|---|---|---|---|
| 2013-14 | 1750 | 1283.03 | 1283.60 | 73.3 |
| 2014-15 | 1864 | 1300 | 1421.73 | 76.3 |
| 2015-16 | 1864 | 1340 | 1340 | 71.9 |
| 2016-17 | 1865 | 861 | 875.46 | 46.9 |
| 2017-18 | 2100 | 1260 | 1260 | 60 |
| 2018-19 | 2300 | 975.87 | 855.14 | 37.18 |

## 7.3 2016-17,2017-18, 2018-19 കാലഘട്ടത്തിൽ ബോർഡ് നടപ്പിലാക്കിയ പ്രധാന പരിപാടികൾ

## 7.4 വർഷം - 2016-17

പട്ടിക -19

| പ്രോഗ്രാം | നടത്തപ്പെട്ട ജില്ലകളുടെ എണ്ണം | അലോട്ട്മെന്റ് |
|---|---|---|
| ദേശീയ യുവജന ദിനം | 14 | 70000 |
| എയ്ഡ്സ് ദിനം | 14 | 70000 |
| വനിതാ ശില്പ ശാല | 14 | 700000 |
| മീഡിയ ക്യാമ്പ് | 5 | 250000 |
| സാഹിത്യ ക്യാമ്പ് | 1 | 900000 |
| യുവശക്തി | 2 | 11029500 |
| കേരളോത്സവം | 14 | 39256404 |

## 7.5 വർഷം - 2017 -18

പട്ടിക - 20

| പ്രോഗ്രാം | നടത്തപ്പെട്ട ജില്ലകളുടെ എണ്ണം | അലോട്ട്മെന്റ് |
|---|---|---|
| യുവശക്തി | 14 | 13454452 |
| പരിസ്ഥിതി ദിനാചരണം | 14 | 140000 |
| പരിസ്ഥിതി ദിനാചരണം - യൂത്ത് ക്ലബ്ബുകൾ | 14 | 201200 |
| SC/ST യൂത്ത് ക്ലബ്ബ് ഉദ്ഘാടനം | 1 | 124000 |
| യുവ ക്ലബ്ബ് | | 1532700 |
| പി എസ് സി പരിശീലനം | | 2515000 |
| ഷോർട്ട് ഫിലിം ഫെസ്റ്റിവൽ | 1 | 2500000 |
| യുവ സാഹിത്യ ക്യാമ്പ് | 1 | 1000000 |

| | | |
|---|---|---|
| ദേശീയ യുവജന ദിനം | 13 | 65000 |
| യോഗ പരിശീലനം | 1 | 5000 |
| ട്രെക്കിംഗ് | സാഹസിക അക്കാദമി | 64000 |
| കരിയർ പരിശീലനം | 1 | 50000 |
| കേരളോത്സവം | 14 | 46747920 |

**7.6 വർഷം - 2018-19**

പട്ടിക -21

| പ്രോഗ്രാം | നടത്തപ്പെട്ട ജില്ലകളുടെ എണ്ണം | അലോട്ട്മെന്റ് |
|---|---|---|
| യുവശക്തി | 14 | 15707889 |
| പരിസ്ഥിതി ദിനാചരണം | 11 | 569000 |
| മീഡിയ സെമിനാർ | 14 | 350000 |
| മീഡിയ സെമിനാർ സംസ്ഥാനതലം | 1 | 2500000 |
| ദേശീയ യുവജന ദിനം | 14 | 294000 |
| ദേശീയ യുവജന ദിനം സംസ്ഥാനതലം | 1 | 500000 |
| ജോബ് ഫെയർ | 1 | 400000 |
| ആർട്ട് ഡി ടൂർ | 7 | 1255956 |
| ബിഗ് സ്ക്രീൻ പ്രദർശനം - ഫുട്ബോൾ | 14 | 2940150 |
| വോളന്ററി യൂത്ത് ആക്ഷൻ ഫോഴ്സ് | 14 | 5230770 |
| യുവ ക്ലബ്ബ് | 3 | 195000 |
| ദേശീയ ഫോൾക്ക് ഫെസ്റ്റ് | 1 | 2500000 |
| നാടൻ പാട്ട് മത്സരം | 14 | 1800000 |
| നാടൻ പാട്ട് മത്സരം- സംസ്ഥാന തലം | 1 | 676023 |

## 7.7 പരിപാടികൾ സംബന്ധിച്ച പ്രധാന വസ്തുതകൾ താഴെപ്പറയുന്നവയാണ്.

1. യൂത്ത് വെൽഫെയർ ബോർഡ് ആവിഷ്കരിക്കുന്ന യുവജനക്ഷേമ പരിപാടികൾ സർക്കാരിൽനിന്നും ഭരണാനുമതി ലഭിച്ചതിനുശേഷം മാത്രമാണ് നടപ്പിലാക്കുന്നത്. കേന്ദ്ര ഓഫീസ് ആസൂത്രണ വിംഗ് ആയി പ്രവർത്തിക്കുന്നു. അതേസമയം ജില്ലാ ഓഫീസുകൾ നിർവ്വഹണ കേന്ദ്രങ്ങൾ ആയി പ്രവർത്തിക്കുന്നു.

2. ജില്ലാ സെന്ററുകൾ സ്വതന്ത്രമായി പരിപാടികൾ ആവിഷ്കരിക്കുകയോ നടപ്പിലാക്കുകയോ ചെയ്യുന്നത് വളരെ കുറവാണ്. എല്ലാ ജില്ലാ സെന്ററുകളിലും ഒരേ പ്രോഗ്രാമുകൾ ആണ് നടത്തപ്പെടുന്നത്.

## 7.8 നിരീക്ഷണങ്ങൾ

2016-17 മുതൽ 2018-19 വരെയുള്ള സാമ്പത്തിക വർഷ കാലയളവിൽ നടത്തപ്പെട്ട കേരളോത്സവം ഒഴികെയുള്ള പ്രോഗ്രാമുകളുടെ സംക്ഷിപ്തം

പട്ടിക - 22

| പ്രോഗ്രാം | 2016 -17 | 2017-18 | 2018 -19 |
|---|---|---|---|
| ദിനാചരണം | 2 | 2 | 2 |
| ബോധവൽക്കരണം /വ്യക്തിവികസനം | 4 | 7 | 8 |

I. യുവജനക്ഷേമ ബോർഡ് ഓരോ സാമ്പത്തിക വർഷങ്ങളിലും നടത്തപ്പെടുന്ന പ്രോഗ്രാമുകളുടെ എണ്ണം നാമമാത്രമാണ്. ഇതിൽ ചിലത് എല്ലാ ജില്ലകളിലും നടത്തപ്പെടുന്നില്ല. ഒരു പ്രോഗ്രാം നടത്തുന്നതിനായി 10 ദിവസങ്ങൾ ആവശ്യമാണ് എന്ന് കണക്കാക്കിയാൽ പോലും ഒരുവർഷം 100 ൽ താഴെ പ്രവൃത്തി ദിനങ്ങൾ മാത്രമെ പ്രോഗ്രാം അനുബന്ധ പ്രവൃത്തികൾക്കായി വേണ്ടിവരുന്നുള്ളൂ. യുവജനക്ഷേമ ബോർഡ് പ്രവർത്തനം വിപുലീകരിക്കേണ്ടതിന്റെ ആവശ്യകതയെയാണ് ഇത് സൂചിപ്പിക്കുന്നത്.

II. യുവജനക്ഷേമ ബോർഡ് പ്രോഗ്രാമുകൾ സംസ്ഥാന/ ജില്ലാ തലങ്ങളിൽ മാത്രമായി ചുരുക്കപ്പെടുന്നു. ക്ലബ്ബ് തലത്തിലും, പഞ്ചായത്ത്/ നഗരസഭ തലങ്ങളിലും പ്രോഗ്രാമുകളുടെ എണ്ണം ഏറെക്കുറെ ശൂന്യമാണ്.

III. യുവജനക്ഷേമബോർഡിന്റെ ഗ്രാന്റ് ഇൻ എയ്ഡ് വിനിയോഗം പരിശോധിച്ചാൽ ആകെ വിനിയോഗത്തിന്റെ പകുതിയോളം വകയിരുത്തപ്പെടുന്നത് കേരളോത്സവം, യൂത്ത് കോ- ഓർഡിനേറ്റർമാരുടെ ഓണറേറിയം (യുവശക്തി) എന്നീ ഇനങ്ങളിലാണ് എന്ന് കാണാം.

IV. 2018-2019-ൽ സംഘടിപ്പിച്ച യുവസാഹിത്യക്യാമ്പ്, യുവമാധ്യമ ക്യാമ്പ്, ഷോർട്ട് ഫിലിം ഫെസ്റ്റിവൽ, എന്നീ പ്രോഗ്രാമുകൾ പരിശോധിച്ചാൽ ചെലവുകൾ പ്രധാനമായും

ഭക്ഷണം, യാത്ര, തുടങ്ങിയ അനുബന്ധ ചെലവുകൾക്കാണ് ഉണ്ടായിരിക്കുന്നത് എന്ന് കാണാം..

VII. മത്സരാടിസ്ഥാനത്തിലുള്ളവയാണ് പ്രോഗ്രാമുകളിൽ ഏറെയും. യുവജനങ്ങളുടെ പങ്കാളിത്തം ആവശ്യമായ രീതിയിൽ ലഭിക്കുന്നില്ല എന്നതാണ് പ്രോഗ്രാമുകളുടെ വിജയത്തെ പ്രതികൂലമായി ബാധിക്കുന്ന പ്രധാന ഘടകം.

VIII. ഓരോ ഗ്രാമ പ്രദേശത്തേയും യുവജനങ്ങളെ ഒരു കുടക്കീഴിൽ ഒരുമിപ്പിക്കാനും അതുവഴി വ്യക്തി വികസനം സാധ്യമാക്കാനും യൂത്ത് ക്ലബ്ബുകൾക്ക് സാധിക്കും. എന്നാൽ ഓരോ ജില്ലയിലും 200 ൽ കൂടുതൽ യൂത്ത് ക്ലബ്ബുകൾ ഉണ്ടെന്നിരിക്കിലും പ്രസ്തുത ക്ലബ്ബുകളിലെ അംഗങ്ങൾക്കായി വ്യക്തി വികസന പരിപാടികൾ ആവിഷ്ക്കരിക്കുന്നതിലും, ക്ലബ്ബുകൾക്ക് ധനസഹായം നൽകുന്നതിലും ബോർഡ് വേണ്ടത്ര ജാഗ്രത കാണിക്കേണ്ടതാണ്

## 7.9 ശുപാർശകൾ

**1.** യൂത്ത് വെൽഫെയർ ബോർഡിന്റെ പ്രോഗ്രാമുകൾ പ്രധാനമായും താഴെപ്പറയുന്ന തലങ്ങളിലുള്ളവയാണ്.

- വ്യക്തിവികസന പരിപാടികൾ
- സാമൂഹ്യ വികസന പരിപാടികൾ
- ബോധവൽക്കരണ പരിപാടികൾ
- വിദ്യാഭ്യാസ പരിപാടികൾ
- ആരോഗ്യം, ശുചിത്വം
- കൃഷി സംബന്ധമായ പരിപാടികൾ
- തൊഴിൽ, വരുമാനം സൃഷ്ടിക്കൽ
- ദുരന്തനിവാരണ പരിപാടികൾ
- പരിസ്ഥിതി സംരക്ഷണ പരിപാടികൾ

മേൽ വിവരിച്ച തലങ്ങളിലുള്ള പ്രോഗ്രാമുകൾ ക്ലബ്ബ് തലത്തിലും (തെരഞ്ഞെടുത്ത ക്ലബ്ബുകൾ), പഞ്ചായത്ത്/ നഗരസഭ തലത്തിലും നിർബന്ധമായും നടത്തപ്പെടേണ്ടതാണ്. **പ്രോഗ്രാമുകളുടെ എണ്ണം നിശ്ചയിക്കുന്നതിന് താഴെപ്പറയുന്ന ഘടകങ്ങൾ പരിഗണിക്കേണ്ടതാണ്.**

| ക്രമ നമ്പർ | ഘടകങ്ങൾ |
|---|---|
| i | പ്രോഗ്രാമിന്റെ കാലദൈർഘ്യം |
| ii | ജില്ല അടിസ്ഥാനത്തിൽ പ്രോഗ്രാം നടത്തപ്പെടുന്ന തദ്ദേശസ്വയംഭരണ മേഖല / ക്ലബ്ബുകളുടെ എണ്ണം |
| iii | ഓരോ പ്രോഗ്രാം നടത്തിപ്പിനായും പ്രോഗ്രാം ഓഫീസർക്ക് ആവശ്യമായ ഫീൽഡ് സന്ദർശനങ്ങളുടെ എണ്ണം |

| | |
|---|---|
| iv | പ്രോഗ്രാമിന് മുന്നോടിയായി തദ്ദേശസ്വയംഭരണസ്ഥാപന അധികൃതർ, എൻ. ജി. ഒ കൾ, സാമൂഹ്യ സാംസ്കാരിക പ്രവർത്തകർ തുടങ്ങിയവരുമായി വേണ്ടിവരുന്ന ചർച്ചകൾ, മീറ്റിംഗുകൾ എന്നിവയുടെ ഏകദേശ എണ്ണം |

**2.** ചുവടെചേർക്കുന്ന ദിനാചരണങ്ങൾ ക്ലബ്ബ് തലത്തിലും (തെരഞ്ഞെടുത്ത ക്ലബ്ബുകൾ), പഞ്ചായത്ത്/ നഗരസഭ തലത്തിലും നടത്തപ്പെടേണ്ടതാണ്.

1. ജനുവരി 12 - ദേശീയ യുവജനദിനം
2. മാർച്ച് 8 - അന്താരാഷ്ട്ര വനിതാദിനം
3. മാർച്ച് 21 - വനദിനം
4. എപ്രിൽ 7 - ലോകാരോഗ്യദിനം
5. മെയ് 31 - ലഹരി വിരുദ്ധ ദിനം
6. ജൂൺ 5 - പരിസ്ഥിതി ദിനം
7. ആഗസ്റ്റ് 29 - ദേശീയ കായികദിനം.
8. ഡിസംബർ 1 - എയ്ഡ്സ് ദിനം

**3.** യുവജനക്ഷേമ ബോർഡ്, പ്രോഗ്രാമുകൾ സാമ്പത്തിക വർഷം ആരംഭിക്കുന്നതിന് മുൻപ് തന്നെ ആസൂത്രണം ചെയ്യേണ്ടതും, നടപ്പിലാക്കുന്നതിനുള്ള മാർഗ്ഗരേഖ തയ്യാറാക്കേണ്ടതുമാണ്.

**4.** യൂത്ത് ക്ലബ്ബുകൾ പ്രോഗ്രാം അവതരിപ്പിക്കുമ്പോൾ ബന്ധപ്പെട്ട പ്രോഗ്രാം ഓഫീസർ, യൂത്ത് കോ - ഓർഡിനേറ്റർ എന്നിവരുടെ സാന്നിദ്ധ്യം നിർബന്ധമായും ഉണ്ടായിരിക്കേണ്ടതാണ്.

5. ബോർഡിന്റെ പ്രോഗ്രാമുകൾ നടപ്പിലാക്കുന്നതിനായി കൃത്യമായ ആക്ഷൻ പ്ലാൻ ഉണ്ടായിരിക്കേണ്ടതും ആക്ഷൻ പ്ലാനിൽ താഴെപ്പറയുന്നവ ഉൾപ്പെടുത്തേണ്ടതുമാണ്.

a) ഓരോ പ്രോഗ്രാമിന്റെയും വിവിധ ഇനങ്ങളിൽ ചെലവഴിക്കാവുന്ന പരമാവധി തുക നിശ്ചയിച്ചുകൊണ്ട് ചെലവഴിക്കുന്ന തുകയ്ക്ക് നിയന്ത്രണം ഏർപ്പെടുത്തണം.

b) ഓരോ പ്രോഗ്രാമിനും നിശ്ചിത എണ്ണം ഗുണഭോക്താക്കളെ പങ്കെടുപ്പിക്കണം എന്ന നിർദ്ദേശം യൂത്ത് പ്രോഗ്രാം ഓഫീസർക്ക് നൽകേണ്ടതാണ്

# അധ്യായം 8
## ജോലിഭാരം അപഗ്രഥനം

8.1 തിരുവനന്തപുരം ആസ്ഥാനമായി പ്രവർത്തിക്കുന്ന കേന്ദ്ര ഓഫീസ്, യുവജനക്ഷേമ കേന്ദ്രങ്ങൾ എന്നറിയപ്പെടുന്ന ജില്ലാതല ഓഫീസുകൾ, ഇടുക്കി, കണ്ണൂർ ജില്ലകളിൽ പ്രവർത്തിക്കുന്ന സാഹസിക അക്കാദമികൾ എന്നിവ അടങ്ങിയതാണ് യുവജനക്ഷേമ ബോർഡ്. ഈ മൂന്ന് തലങ്ങളിലുള്ള ഓഫീസുകൾ വഴിയാണ് യുവജനക്ഷേമ ബോർഡ് യുവജനക്ഷേമ പ്രവർത്തനങ്ങൾ നിർവ്വഹിക്കുന്നത്.

### ആസ്ഥാന ഓഫീസ്

8.2 ആസ്ഥാന ഓഫീസിൽ നിലവിൽ ജോലി നോക്കുന്ന ജീവനക്കാരുടെ എണ്ണം തസ്തിക തിരിച്ച് ചുവടെ ചേർക്കുന്നു.

പട്ടിക - 23

| ക്രമ നമ്പർ | തസ്തിക | എണ്ണം | നിയമനരീതി |
|---|---|---|---|
| 1 | മെമ്പർ സെക്രട്ടറി | 1 | അന്യത്രസേവനം |
| 2 | ഡെപ്യൂട്ടി ഡയറക്ടർ | 1 | അന്യത്രസേവനം |
| 3 | ഫിനാൻസ് ഓഫീസർ | 1 | അന്യത്രസേവനം |
| 4 | സീനിയർ സൂപ്രണ്ട് | 1 | അന്യത്രസേവനം |
| 5 | ജൂനിയർ പ്രോഗ്രാമർ | 1 | കരാർ |
| 6 | ക്ലാർക്ക് | 6 | കരാർ |
| 7 | ക്ലാർക്ക് കം ഡാറ്റാ എൻട്രി ഓപ്പറേറ്റർ | 2 | കരാർ |
| 8 | എൽ.ഡി.ടൈപ്പിസ്റ്റ് | 1 | സ്ഥിരം |
| 9 | ഡ്രൈവർ | 2 | ദിവസവേതനം |
| 10 | പ്യൂൺ | 1 | കരാർ |
| 11 | നൈറ്റ് വാച്ചർ | 1 | കരാർ |
| 12 | പാർട്ട് ടൈം സ്വീപ്പർ | 1 | കരാർ |
| 13 | പ്യൂൺ കം സ്വീപ്പർ | 1 | ദിവസവേതനം |
| | **ആകെ** | 20 | |

## 8.2 (1) മെമ്പർ സെക്രട്ടറി

മെമ്പർ സെക്രട്ടറി തസ്തിക മെമ്മോറാണ്ടം ഓഫ് അസ്സോസിയേഷനിലെ ഐറ്റം നമ്പർ 12 ൽ പരാമർശിക്കുന്നതും ഘടനാപരമായ തസ്തികയുമാണ്. തസ്തികകളിലെ ക്രമ നമ്പർ 2 മുതൽ 4 വരെയുള്ള തസ്തികകളും പ്രോജക്ട് ഓഫീസർ തസ്തികയും യുവജനക്ഷേമ ബോർഡിന്റെ **'പദ്ധതി ആസൂത്രണവും മേൽനോട്ടവും'** എന്ന തന്ത്രപ്രധാന വിഭാഗത്തിൽ ഉൾപ്പെടുന്നവയാണ്. ആയതിനാൽ പ്രസ്തുത തസ്തികകൾ ബോർഡിന്റെ പ്രവർത്തനത്തിന് അത്യന്താപേക്ഷിതമാണ്. ടി തസ്തികകളിലെ ചുമതലകൾ ചുവടെ ചേർക്കുന്നു.

## 8.2(2) ഡെപ്യൂട്ടി ഡയറക്ടർ

യൂത്ത് വെൽഫയർ ബോർഡിന്റെ പദ്ധതികൾ ആസൂത്രണം ചെയ്യുന്നതിൽ മെമ്പർ സെക്രട്ടറിയെ സഹായിക്കുക, സബോർഡിനേറ്റ് ജീവനക്കാർ കൃത്യനിർവ്വഹണത്തിൽ വീഴ്ച വരുത്തുന്നില്ല എന്ന് ഉറപ്പ് വരുത്തുക, ഓഫീസിലെ അച്ചടക്കം ഉറപ്പ് വരുത്തുക, പദ്ധതി നടത്തിപ്പ് കുറ്റമറ്റ രീതിയിലും ഫലപ്രദമായും നടത്തപ്പെടുന്നുവെന്ന് ഉറപ്പ് വരുത്തുക, ജില്ല യുവജനക്ഷേമ കേന്ദ്രങ്ങളിൽ പരിശോധന നടത്തുക.

## 8.2 (3) ഫിനാൻസ് ഓഫീസർ

യുവജനക്ഷേമ ബോർഡിന്റെ ധനകാര്യ വിഷയങ്ങൾ സർക്കാർ മാനദണ്ഡങ്ങൾക്ക് വിധേയമായാണ് കൈകാര്യം ചെയ്യുന്നത് എന്ന് ഉറപ്പ് വരുത്തേണ്ടത് ഫിനാൻസ് ഓഫീസറുടെ ചുമതലയാണ്. ബോർഡിന്റെ ബജറ്റ് തയ്യാറാക്കുക, സാമ്പത്തിക റിപ്പോർട്ടുകൾ തയ്യാറാക്കുക, അക്കൗണ്ടന്റ് ജനറലുമായി ബന്ധപ്പെട്ട വിഷയങ്ങളിൽ സമയബന്ധിതമായി റിപ്പോർട്ട് നൽകുക എന്നിവയാണ് മറ്റു ചുമതലകൾ.

## 8.2(4) പ്രോജക്ട് ഓഫീസർ

കേരളീയ യുവതയുടെ വ്യക്തിപരവും, സാമൂഹ്യപരവുമായ വികസനം ലക്ഷ്യമാക്കി അനുയോജ്യമായ പദ്ധതികൾ ആസൂത്രണം ചെയ്യുന്നതിനായി ഗവേഷണം നടത്തുക, കേരളീയ യുവത അഭിമുഖീകരിക്കുന്ന സാമൂഹ്യപരമായ വെല്ലുവിളികൾ സംബന്ധിച്ച് പഠനം നടത്തുക, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, സാമൂഹിക സംഘടനകൾ തുടങ്ങിയവയുമായി പ്രവർത്തിക്കുകയും യുവതയെ സംബന്ധിച്ച വിവര ശേഖരണം നടത്തുക. നിലവിൽ പ്രൊജക്ട് ഓഫീസർ തസ്തികയിൽ നിയമനം നടത്തിയിട്ടില്ല.

## 8.2(5) സീനിയർ സൂപ്രണ്ട്

മിനിസ്റ്റീരിയൽ സ്റ്റാഫ് തയ്യാറാക്കുന്ന കുറിപ്പുകൾ, കത്തുകൾ എന്നിവയുടെ കൃത്യത ഉറപ്പു വരുത്തേണ്ടത് സീനിയർ സൂപ്രണ്ടിന്റെ ഉത്തരവാദിത്തമാണ്. പ്രോഗ്രാമുകൾ ആവിഷ്കരിക്കുന്നതിൽ പങ്കു വഹിക്കുക, സബോർഡിനേറ്റ് ഓഫീസുകളുടെ പ്രവർത്തനം വിലയിരുത്തുന്നതിനുള്ള പരിശോധനകളിൽ പങ്കെടുക്കുക, ക്ലറിക്കൽ സ്റ്റാഫിന്റെ ജോലികളിൽ മാർഗ്ഗ നിർദ്ദേശം നൽകുക തുടങ്ങിയവയാണ് സീനിയർ സൂപ്രണ്ടിന്റെ ചുമതലകൾ. ക്ലറിക്കൽ സ്റ്റാഫിന് ഏൽപിക്കപ്പെട്ടിരിക്കുന്ന ജോലികളിൽ വ്യക്തമായ ദിശാബോധം നൽകുന്നതിന് സീനിയർ സൂപ്രണ്ട് തസ്തിക അത്യന്താപേക്ഷിതമാണ്.

പട്ടിക 23 ലെ ക്രമ നമ്പർ 5 മുതൽ 13 വരെയുള്ള തസ്തികകളിലെ ജോലിഭാര അപഗ്രഥനം ചുവടെ ചേർക്കുന്നു.

## 8.2(6) ജൂനിയർ പ്രോഗ്രാമർ

ബോർഡിന്റെ ഔദ്യോഗിക വെബ് സൈറ്റിന്റെ കുറ്റമറ്റ അപ്ഡേഷനും സാങ്കേതിക മേൽനോട്ടവും ജൂനിയർ പ്രോഗ്രാമറിൽ നിക്ഷിപ്തമാണ്. ബോർഡിന്റെ പ്രവർത്തനങ്ങൾ യുവജനങ്ങളിൽ എത്തിക്കുന്നതിനും പുതിയ പദ്ധതികൾ അറിയിക്കുന്നതിനും വളരെയധികം പ്രയോജനപ്രദമാണ് ഔദ്യോഗിക വെബ് സൈറ്റ്. പല പദ്ധതികളിലും യുവജനങ്ങളെ പങ്കെടുപ്പിക്കുന്നത് ഓൺലൈൻ രജിസ്ട്രേഷൻ വഴിയാണ്. ആയതിനാൽ ജൂനിയർ പ്രോഗ്രാമർ തസ്തിക അത്യന്താപേക്ഷിതമാണ്.

## 8.2(7) ക്ലർക്ക് കം ഡാറ്റാ എൻട്രി ഓപ്പറേറ്റർ/ക്ലാർക്ക്

മിനിസ്റ്റീരിയൽ ജോലികൾ നിർവ്വഹിക്കുന്നതിനായി ക്ലർക്ക് കം ഡാറ്റാ എൻട്രി ഓപ്പറേറ്റർ എന്ന തസ്തികയാണ് യുവജനക്ഷേമ ബോർഡിൽ അനുവദിച്ചിരിക്കുന്നത്. 'ക്ലർക്ക് ' എന്ന പേരിൽ തസ്തികകൾ അനുവദിച്ചിട്ടില്ല. എന്നിരുന്നാലും ബോർഡിന്റെ ആസ്ഥാന ഓഫീസിൽ മിനിസ്റ്റീരിയൽ വിഭാഗത്തിൽ ക്ലാർക്ക് തസ്തികയിൽ 6 ജീവനക്കാരുണ്ട്. മിനിസ്റ്റീരിയൽ വിഭാഗം ജീവനക്കാരിൽ നിക്ഷിപ്തമായ ചുമതലകൾ താഴെപ്പറയുന്നവയാണ്.

1. നോട്ടുകൾ, കുറിപ്പുകൾ എന്നിവ തയ്യാറാക്കുക.
2. പ്രോഗ്രാമുകളുമായി ബന്ധപ്പെട്ട ഫയലുകൾ കൈകാര്യം ചെയ്യുക.
3. രജിസ്റ്ററുകൾ കൃത്യമായി സൂക്ഷിക്കുക
4. അക്കൗണ്ട്സ് സംബന്ധമായ വിഷയങ്ങൾ കൈകാര്യം ചെയ്യുക
5. യുവജനകാര്യ വകുപ്പ്, ജില്ലാ യുവജന ഓഫീസുകൾ, തദ്ദേശസ്വയംഭരണ

സ്ഥാപനങ്ങൾ, മറ്റ് സർക്കാർ വകുപ്പുകൾ, ഏജൻസികൾ എന്നിവയുമായുള്ള കമ്മ്യൂണിക്കേഷനുവേണ്ടിയുള്ള കത്തുകളുടെ കരട് തയ്യാറാക്കുക.

## 8.2(8) ക്ലാർക്ക്/ക്ലാർക്ക് കം ഡാറ്റാ എൻട്രി ഓപ്പറേറ്റർ തസ്തികയിലെ ജോലിഭാര അപഗ്രഥനം

പട്ടിക -24 പതിവ് ജോലികൾ

| ക്ര.നം | ജോലി വിശദീകരണം | വാർഷിക എണ്ണം | ശരാശരി സമയം (മിനിറ്റ്) | ആകെ സമയം (മിനിറ്റ്) |
|---|---|---|---|---|
| 1. | തപാൽ രജിസ്ട്രേഷൻ | 1000 | 3 | 3000 |
| 2. | പഴയ ഫയലുകൾ എടുത്തെഴുതൽ | 100 | 3 | 300 |
| 4. | ഡോക്കറ്റിംഗ് | 50 | 5 | 250 |
| 5. | സ്റ്റോക്ക് ഫയൽ പരിപാലനം | 6 | 120 | 720 |
| | **ആകെ സമയം** | | | **4270** |

പട്ടിക -25 ഫയലിതര ജോലികൾ

| ക്ര.നം | ജോലി വിശദീകരണം | വാർഷിക എണ്ണം | ശരാശരി സമയം (മിനിറ്റ്) | ആകെ സമയം (മിനിറ്റ്) |
|---|---|---|---|---|
| 1 | ഔട്ട് സൈഡ് ഡ്യൂട്ടി | 30 | 420 | 12600 |
| 2 | സന്ദർശകരുമായി ആശയവിനിമയം | 270 | 5 | 1350 |
| 3 | ടെലഫോൺ | 1000 | 3 | 3000 |

| ക്ര.നം | ജോലി വിശദീകരണം | വാർഷിക എണ്ണം | ശരാശരി സമയം (മിനിറ്റ്) | ആകെ സമയം (മിനിറ്റ്) |
|---|---|---|---|---|
| 4 | ഓഫീസർമാരുമായുള്ള ചർച്ച | 50 | 5 | 250 |
| 5 | മറ്റ് ഫയലിതര ജോലികൾ | - | - | 900 |
| | **ആകെ സമയം** | | | **18100** |

**<u>എസ്റ്റാബ്ലിഷ്മെന്റ് ജോലികൾ</u>**

പട്ടിക -26

| ക്ര. നം | ജോലി വിശദീകരണം | വാർഷിക എണ്ണം | ശരാശരി സമയം | ആകെ സമയം (മിനിറ്റ്) |
|---|---|---|---|---|
| 1 | SANCTIONING OF | | | |
| a | ഇൻക്രിമെന്റ് (SB entry) | 65 | 15 | 975 |
| b | പ്രമോഷൻ (SB entry) | 2 | 15 | 30 |
| c | ഗ്രേഡ് പ്രമോഷൻ (SB entry) | 5 | 15 | 75 |
| d | പെൻഷൻ / പെൻഷൻ പരിഷ്കരണം (pension book entry) | 5 | 15 | 75 |
| e | IFMA / കണ്ണട അലവൻസ് (SB entry) | 5 | 15 | 75 |
| 2 | ADMISSION TO | | | |
| i | GPF | 3 | 150 | 450 |
| ii | LIC | 3 | 30 | 90 |
| iii | Group Insurance | 3 | 60 | 180 |
| 3 | APPLICATION FOR CLOSURE OF | | | |
| A | GPF | 3 | 240 | 720 |

| | | | | |
|---|---|---|---|---|
| C | LIC | 3 | 180 | 540 |
| D | SLI | 3 | 180 | 540 |
| E | ഗ്രൂപ്പ് ഇൻഷ്വറൻസ് | 3 | 180 | 540 |
| **4** | **EL/HPL/Comm. Leave - Calculation and SB entry** | | | |
| I | ജീവനക്കാർ | 65 (HPL/CML/EL) | 120 | 7800 |
| III | **ലീവ് സറണ്ടർ** | | | |
| IV | ജീവനക്കാർ | 60 | 120 | 7200 |
| **5** | **ലീവ് (SB entry)** | | | |
| a | മെഡിക്കൽ ലീവ് | 5 | 15 | 75 |
| b | LWA | 1 | 15 | 15 |
| **6** | **Loans/ advance** | | | |
| 1 | GPF Temporary Advance (SB entry) | 20 | 15 | 300 |
| 2 | GPF NRA (SB entry) | 10 | 15 | 150 |
| 3 | Application for sanction for credit purchase of handloom cloth | 10 | 15 | 150 |
| 4 | Intimation of co-op recoveries (No. of societies) | 2 | 15 | 30 |
| **9** | **SANCTION OF** | | | |
| a | ശമ്പള പുനർനിർണ്ണയം | 5 | 240 | 1200 |
| b | സീനിയോറിറ്റി ലിസ്റ്റ് തയ്യാറാക്കൽ | 2 | 600 | 1200 |
| d | ജീവനക്കാരിൽ നിന്നുള്ള നിവേദങ്ങൾ | 10 | 120 | 1200 |
| E | സാലറി സർട്ടിഫിക്കറ്റ് | 20 | 60 | 1200 |
| f | സർവ്വീസ് ബുക്ക് ആരംഭിക്കുന്നത്<br>**ആകെ സമയം** | 3 | 180 | 540<br>**25350** |

(ബോർഡിലെ മൊത്തം ജീവനക്കാരുടെ എണ്ണം 65 ആയി കണക്കാക്കിയാണ് സർവ്വീസ് സംബന്ധമായ കാര്യങ്ങൾ കൈകാര്യം ചെയ്യുന്നതിന് ആവശ്യമായ സമയം നിർണ്ണയിച്ചിരിക്കുന്നത്)

ബില്ലുകൾ (Establishment bills)

പട്ടിക -27

| ക്രമ നമ്പർ | ജോലി വിശദീകരണം | വാർഷിക എണ്ണം | ജീവനക്കാരുടെ എണ്ണം | യൂണിറ്റ് സമയം | ആകെ സമയം |
|---|---|---|---|---|---|
| a | ശമ്പള ബില്ല് | 12 | 65 (15 min per staff) | 975 | 11700 |
| b | ബോണസ് ബില്ല് | 1 | 20 (15 min per staff) | 300 | 300 |
| c | ഫെസ്റ്റിവൽ അഡ്വാൻസ് | 1 | 50 (20 min per staff) | 1000 | 1000 |
| d | ശമ്പള കുടിശ്ശിക ബില്ല് | 2 | 65 (60 min per staff) | 3900 | 7800 |
| e | ലീവ് സറണ്ടർ | 1 | 60 (30 min per staff) | 1800 | 1800 |
| f | കണ്ടിൻജന്റ് ജീവനക്കാർ - ശമ്പളം | 12 | 2 (20 min per staff) | 40 | 480 |
| | **ആകെ സമയം** | | | | **23080** |

(ബോർഡിലെ മൊത്തം ജീവനക്കാരുടെ എണ്ണം 65 ആയി കണക്കാക്കിയാണ് സർവ്വീസ് സംബന്ധമായ കാര്യങ്ങൾ കൈകാര്യം ചെയ്യുന്നതിന് ആവശ്യമായ സമയം നിർണ്ണയിച്ചിരിക്കുന്നത്)

കണ്ടിൻജന്റ് ചെലവുകൾ/ പർച്ചേസ്

പട്ടിക -28

| ക്രമ നമ്പർ | ജോലി വിശദീകരണം | വാർഷിക എണ്ണം | യൂണിറ്റ് സമയം | ആകെ സമയം |
|---|---|---|---|---|
| A | വൈദ്യുതി ചാർജ്ജ് | 6 | 30 | 180 |
| B | ടെലഫോൺ | 12 | 30 | 360 |
| C | വെള്ളക്കരം | 12 | 30 | 360 |
| D | സ്റ്റാമ്പ് | 4 | 30 | 120 |
| E | സ്റ്റേഷനറി | 2 | 120 | 240 |
| G | ലൈബ്രറി ബുക്കുകൾ | 1 | 240 | 240 |
| H | ഫർണ്ണിച്ചർ | 1 | 120 | 120 |
| I | കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും | 1 | 300 | 300 |
| J | ഇലക്ട്രോണിക് ഉപകരണങ്ങളുടെ പരിപാലനം | 5 | 120 | 600 |
| | **ആകെ സമയം** | | | **2520** |

പ്രോഗ്രാം ജോലികൾ

**പട്ടിക -29**

| പ്രോഗ്രാം | ജോലി വിശദീകരണം | വാർഷിക എണ്ണം | യൂണിറ്റ് സമയം | ആകെ സമയം |
|---|---|---|---|---|
| കേരളോത്സവം | കുറിപ്പ് തയ്യാറാക്കൽ | 50 | 15 | 750 |
| | കത്തുകൾ / നടപടിക്രമം തയ്യാറാക്കൽ | 50 | 30 | 1500 |
| | മീറ്റിംഗുകൾ | 10 | 180 | 1800 |
| പരിസ്ഥിതി ദിനാചരണം | കുറിപ്പ് തയ്യാറാക്കൽ | 10 | 15 | 150 |
| | കത്തുകൾ/ നടപടിക്രമംതയ്യാറാക്കൽ | 5 | 30 | 150 |
| | മീറ്റിംഗുകൾ | 3 | 180 | 540 |
| മീഡിയ സെമിനാർ | കുറിപ്പ് തയ്യാറാക്കൽ | 10 | 15 | 150 |
| | കത്തുകൾ/ നടപടിക്രമം തയ്യാറാക്കൽ | 5 | 30 | 150 |
| | മീറ്റിംഗുകൾ | 5 | 180 | 900 |

| | | | | |
|---|---|---|---|---|
| ദേശീയ യുവജന ദിനം | കുറിപ്പ് തയ്യാറാക്കൽ | 5 | 15 | 75 |
| | കത്തുകൾ / നടപടിക്രമം തയ്യാറാക്കൽ | 5 | 30 | 150 |
| | മീറ്റിംഗുകൾ | 2 | 120 | 240 |
| ജോബ് ഫെയർ | കുറിപ്പ് തയ്യാറാക്കൽ | 10 | 15 | 150 |
| | കത്തുകൾ / നടപടിക്രമം തയ്യാറാക്കൽ | 5 | 30 | 150 |
| | മീറ്റിംഗുകൾ | 2 | 120 | 240 |
| ക്ലബ്ബുകൾക്ക് ധനസഹായം | കുറിപ്പ് തയ്യാറാക്കൽ | 30 | 15 | 450 |
| | കത്തുകൾ / നടപടിക്രമം തയ്യാറാക്കൽ | 30 | 30 | 900 |
| ആർട്ട് ഡി ടൂർ | കുറിപ്പ് തയ്യാറാക്കൽ | 20 | 15 | 300 |
| | കത്തുകൾ / നടപടിക്രമം തയ്യാറാക്കൽ | 20 | 20 | 400 |
| | മീറ്റിംഗുകൾ | 10 | 120 | 1200 |
| ബിഗ് സ്ക്രീൻ പ്രദർശനം - ഫുട്ബോൾ | കുറിപ്പ് തയ്യാറാക്കൽ | 10 | 15 | 150 |
| | കത്തുകൾ/ നടപടിക്രമം തയ്യാറാക്കൽ | 25 | 60 | 1500 |
| | മീറ്റിംഗുകൾ | 2 | 120 | 240 |
| വോളന്റിയർ യൂത്ത് ആക്ഷൻ ഫോഴ്സ് | കുറിപ്പ് തയ്യാറാക്കൽ | 30 | 15 | 450 |
| | കത്തുകൾ / നടപടിക്രമംതയ്യാറാക്കൽ | 25 | 30 | 750 |
| | ട്രെയിനിംഗ് ചുമതലകൾ | 2 | 300 | 600 |
| | മീറ്റിംഗുകൾ | 10 | 120 | 1200 |
| യുവ ക്ലബ്ബ് സാമ്പത്തിക സഹായം | കുറിപ്പ് തയ്യാറാക്കൽ | 10 | 15 | 150 |
| | കത്തുകൾ / നടപടിക്രമംതയ്യാറാക്കൽ | 25 | 20 | 500 |
| | മീറ്റിംഗുകൾ | - | - | - |
| നാടൻ പാട്ട് മത്സരം | കുറിപ്പ് തയ്യാറാക്കൽ | 10 | 15 | 150 |
| | കത്തുകൾ / നടപടിക്രമംതയ്യാറാക്കൽ | 10 | 30 | 300 |
| | മീറ്റിംഗുകൾ | 2 | 180 | 360 |

| | | | | |
|---|---|---|---|---|
| യൂത്ത് ക്ലബ്ബ് അഫിലിയേഷൻ | കുറിപ്പ് തയ്യാറാക്കൽ | 20 | 15 | 300 |
| | കത്തുകൾ / നടപടിക്രമംതയ്യാറാക്കൽ | 10 | 20 | 200 |
| | മീറ്റിംഗുകൾ | - | - | - |
| യൂത്ത് അവാർഡ് | കുറിപ്പ് തയ്യാറാക്കൽ | 20 | 15 | 300 |
| | കത്തുകൾ / നടപടിക്രമംതയ്യാറാക്കൽ | 5 | 30 | 150 |
| | മീറ്റിംഗുകൾ | 2 | 120 | 240 |
| ജില്ലാ യുവജനകേന്ദ്രം പ്രൊജക്ടുകൾ | കുറിപ്പ് തയ്യാറാക്കൽ | 15 | 15 | 225 |
| | പ്രൊജക്ട് പരിശോധന | 20 | 120 | 2400 |
| | കത്ത്/നടപടിക്രമം | 30 | 30 | 900 |
| യുവ ശക്തി | കുറിപ്പ് തയ്യാറാക്കൽ | 50 | 15 | 750 |
| | കത്തുകൾ / നടപടിക്രമംതയ്യാറാക്കൽ | 100 | 15 | 1500 |
| | ജില്ലാ കോ- ഓർഡിനേറ്റർ മീറ്റിംഗുകൾ | 4 | 180 | 720 |
| സാഹസിക അക്കാദമിയുടെ പരിപാടികൾ | കുറിപ്പ് തയ്യാറാക്കൽ | 40 | 20 | 800 |
| | കത്തുകൾ / നടപടിക്രമംതയ്യാറാക്കൽ | 50 | 30 | 1500 |
| | മീറ്റിംഗുകൾ | 5 | 120 | 600 |
| ഷോർട്ട്ഫിലിം പരിപാടികൾ | കുറിപ്പ് | 5 | 20 | 100 |
| | കത്ത്/നടപടിക്രമം | 10 | 30 | 300 |
| | മീറ്റിംഗുകൾ | 3 | 180 | 540 |
| | **ആകെ സമയം** | | | **28220** |

ഫയൽ ജോലികൾ

പട്ടിക -30

| ക്രമ നമ്പർ | വിഷയം | ജോലി വിശദീകരണം | വാർഷിക എണ്ണം | യൂണിറ്റ് സമയം | ആകെ സമയം |
|---|---|---|---|---|---|
| 1 | തൊഴിൽ നികുതി | കുറിപ്പ് തയ്യാറാക്കൽ | 2 | 15 | 30 |
| | | കത്തുകൾ / നടപടിക്രമം തയ്യാറാക്കൽ | 2 | 30 | 60 |
| 2 | ആദായ നികുതി | ആദായ നികുതി സ്റ്റേറ്റ്മെന്റ് പരിശോധന | 40 | 20 | 800 |
| | | ആദായ നികുതി സ്റ്റേറ്റ്മെന്റ് പരിശോധന(anticipatory) | 40 | 30 | 1200 |
| | | ഫോം 16 തയ്യാറാക്കൽ | 40 | 30 | 1200 |
| 3 | TDS ഫയലിംഗ് - ത്രൈമാസം | കുറിപ്പ് തയ്യാറാക്കൽ | 4 | 20 | 80 |
| | | കത്തുകൾ / നടപടിക്രമംതയ്യാറാക്കൽ | 4 | 20 | 80 |
| | | മറ്റ് ജോലികൾ | 4 | 30 | 120 |
| 5 | ശമ്പള സർട്ടിഫിക്കറ്റ് | കത്തിടപാടുകൾ | 30 | 20 | 600 |
| 6 | റിട്ടയർമെന്റ് | കുറിപ്പ് തയ്യാറാക്കൽ | 2 | 180 | 360 |
| | | കത്തുകൾ / നടപടിക്രമംതയ്യാറാ | 2 | 30 | 60 |

| ക്രമ നമ്പർ | വിഷയം | ജോലി വിശദീകരണം | വാർഷിക എണ്ണം | യൂണിറ്റ് സമയം | ആകെ സമയം |
|---|---|---|---|---|---|
| | | ക്കൽ | | | |
| 7 | NOC passport | കുറിപ്പ് തയ്യാറാക്കൽ | 2 | 15 | 30 |
| | | കത്തുകൾ / നടപടിക്രമംതയ്യാറാക്കൽ | 2 | 20 | 40 |
| 8 | കോടതി വ്യവഹാരം | കുറിപ്പുകൾ, തയ്യാറാക്കുന്നത് | 2 | 30 | 60 |
| | | കത്തുകൾ തയ്യാറാക്കുന്നത് | 5 | 30 | 300 |
| | | സത്യവാങ്മൂലം നൽകുന്നത് | 2 | 600 | 1200 |
| 12 | സ്ഥാനക്കയറ്റം | കുറിപ്പ് തയ്യാറാക്കൽ | 2 | 30 | 60 |
| | | കത്തുകൾ / നടപടിക്രമംതയ്യാറാക്കൽ | 2 | 15 | 30 |
| 13 | സ്ഥാനക്കയറ്റം (ഗ്രേഡ്) | കുറിപ്പ് തയ്യാറാക്കൽ | 5 | 30 | 150 |
| | | കത്തുകൾ / നടപടിക്രമംതയ്യാറാക്കൽ | 5 | 60 | 300 |
| 14 | പെൻഷൻ | കുറിപ്പ് തയ്യാറാക്കൽ | 1 | 15 | 15 |
| | | കത്തുകൾ / നടപടിക്രമംതയ്യാറാക്കൽ | 1 | 30 | 30 |
| 15 | MRI / IFMA | കുറിപ്പ് തയ്യാറാക്കൽ | 5 | 30 | 150 |
| | | കത്തുകൾ / | 10 | 60 | 600 |

| ക്രമ നമ്പർ | വിഷയം | ജോലി വിശദീകരണം | വാർഷിക എണ്ണം | യൂണിറ്റ് സമയം | ആകെ സമയം |
|---|---|---|---|---|---|
| | | നടപടിക്രമംതയ്യാറാക്കൽ | | | |
| | | ബില്ല് പരിശോധന | 5 | 60 | 300 |
| 16 | EL/ HPL /CML അപേക്ഷ | കുറിപ്പ് തയ്യാറാക്കൽ | 60 | 10 | 600 |
| | | കത്തുകൾ / നടപടിക്രമംതയ്യാറാക്കൽ | 60 | 30 | 1800 |
| 18 | EL സറണ്ടർ | കുറിപ്പ് തയ്യാറാക്കൽ | 65 | 10 | 650 |
| | | കത്തുകൾ / നടപടിക്രമംതയ്യാറാക്കൽ | 65 | 30 | 1950 |
| 19 | LWA | കുറിപ്പ് തയ്യാറാക്കൽ | 1 | 10 | 10 |
| | | കത്തുകൾ / നടപടിക്രമംതയ്യാറാക്കൽ | 1 | 60 | 60 |
| 20 | G P F- Temporary advance | കുറിപ്പ് തയ്യാറാക്കൽ | 25 | 10 | 250 |
| | | കത്തുകൾ / നടപടിക്രമംതയ്യാറാക്കൽ | 25 | 60 | 1500 |
| | | Proceedings | 25 | 30 | 750 |
| 21 | G P F - NRA | കുറിപ്പ് തയ്യാറാക്കൽ | 10 | 10 | 100 |
| | | കത്തുകൾ / നടപടിക്രമംതയ്യാറാക്കൽ | 10 | 60 | 600 |

| ക്രമ നമ്പർ | വിഷയം | ജോലി വിശദീകരണം | വാർഷിക എണ്ണം | യൂണിറ്റ് സമയം | ആകെ സമയം |
|---|---|---|---|---|---|
| 22 | ആഡിറ്റ് റിമാർക്സ് | കുറിപ്പ് തയ്യാറാക്കൽ | 10 | 20 | 200 |
| | | കത്തുകൾ / നടപടിക്രമംതയ്യാറാക്കൽ | 10 | 60 | 600 |
| | | മറുപടി റിപ്പോർട്ട് | 3 | 180 | 540 |
| 23 | സീനിയോറിറ്റി ലിസ്റ്റ് | കുറിപ്പ് തയ്യാറാക്കൽ & സൂക്ഷ്മ പരിശോധന | 2 | 300 | 600 |
| | | കത്തുകൾ തയ്യാറാക്കൽ | 2 | 20 | 40 |
| | | നോട്ടീസ് | 2 | 30 | 60 |
| 24 | സീനിയോറിറ്റി തർക്കം | കുറിപ്പ് തയ്യാറാക്കൽ | 3 | 20 | 60 |
| | | കത്തുകൾ തയ്യാറാക്കൽ | 3 | 30 | 90 |
| 25 | അച്ചടക്ക നടപടി | കുറിപ്പ് തയ്യാറാക്കൽ | 5 | 10 | 50 |
| | | കത്തുകൾ/ മെമ്മോ തയ്യാറാക്കൽ | 3 | 60 | 180 |
| 26 | ധനകാര്യ ഇൻസ്പെക്ഷൻ | കുറിപ്പ് | 5 | 15 | 75 |
| | | കത്ത് | 5 | 30 | 150 |
| | | മറുപടി | 2 | 300 | 600 |
| 31 | ബഡ്ജറ്റ് | കുറിപ്പ് തയ്യാറാക്കൽ | 20 | 20 | 400 |
| | | കത്തുകൾ തയ്യാറാക്കൽ | 25 | 30 | 750 |
| | | വിശദമായ പദ്ധതി | 1 | 1200 | 1200 |

| ക്രമ നമ്പർ | വിഷയം | ജോലി വിശദീകരണം | വാർഷിക എണ്ണം | യൂണിറ്റ് സമയം | ആകെ സമയം |
|---|---|---|---|---|---|
| | | നിർദ്ദേശം തയ്യാറാക്കൽ | | | |
| | | വാർഷിക ആസൂത്രണ പത്രിക തയ്യാറാക്കൽ | 1 | 300 | 300 |
| | | പരിഷ്കരിച്ച പദ്ധതി നിർദ്ദേശം തയ്യാറാക്കൽ | 1 | 420 | 420 |
| | | ബഡ്ജറ്റ് - ഓൺലൈൻ സമർപ്പണം | 1 | 1260 | 1260 |
| | | ബഡ്ജറ്റ് പ്രസംഗം-കുറിപ്പ് തയ്യാറാക്കൽ | 1 | 180 | 180 |
| | | വിഷയ നിർണ്ണയ സമിതി കുറിപ്പ് തയ്യാറാക്കൽ | 1 | 600 | 600 |
| | | വർക്കിംഗ് ഗ്രൂപ്പ് | 2 | 600 | 1200 |
| | | അലോട്ട്മെന്റ് അഭ്യർത്ഥന | 12 | 30 | 360 |
| | | അലോട്ട്മെന്റ് ടി പി അക്കൗണ്ട് | 12 | 30 | 360 |
| | | യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് തയ്യാറാക്കൽ | 1 | 60 | 60 |
| | | ചെലവ് സ്റ്റേറ്റ്മെന്റ് തയ്യാറാക്കൽ | 12 | 60 | 720 |
| | | റീഫണ്ട് സ്റ്റേറ്റ്മെന്റ് | 2 | 60 | 120 |
| | | ഫണ്ട് | 1 | 300 | 300 |

| **ക്രമ നമ്പർ** | **വിഷയം** | **ജോലി വിശദീകരണം** | **വാർഷിക എണ്ണം** | **യൂണിറ്റ് സമയം** | **ആകെ സമയം** |
|---|---|---|---|---|---|
| | | ക്രമവത്ക്കരണം | | | |
| | | അധിക ഫണ്ട് പ്രൊപ്പോസൽ | 1 | 300 | 300 |
| | **ആകെ സമയം** | | | | **27900** |

മറ്റ് ജോലികൾ

പട്ടിക -31

| **ക്രമ നമ്പർ** | **ജോലി വിശദീകരണം** | **വാർഷിക എണ്ണം** | **ശരാശരി സമയം** | **ആകെ സമയം** |
|---|---|---|---|---|
| A | യൂത്ത് ക്ലബ്ബ് അഫിലിയേഷൻ മറ്റ് വിഷയങ്ങൾ | 300 | 30 | 900 |
| B | യുവ ക്ലബ്ബ് | 300 | 30 | 900 |
| C | ബോർഡ് മെമ്പർമാർ / ഉദ്യോഗസ്ഥർ - യാത്രാ ബത്ത | 50 | 180 | 9000 |
| D | മൊബൈൽ ഫോൺ ചാർജ്ജ് റി-ഇമ്പേഴ്സ്മെന്റ് | 12 | 120 | 1440 |
| E | പ്രസിദ്ധികരണങ്ങളിൽ പരസ്യം നൽകുന്നത് | 5 | 180 | 900 |
| F | വാർഷിക ഭരണ റിപ്പോർട്ട് | 1 | 6000 | 6000 |
| G | എം. പി കോൺഫറൺസ് | 2 | 180 | 360 |
| H | കളക്ടേഴ്സ് കോൺഫറൺസ് | 2 | 180 | 360 |
| I | ബോർഡ് മീറ്റിങ് | 8 | 180 | 1440 |
| J | എക്സിക്യൂട്ടീവ് കമ്മിറ്റി മീറ്റിംഗ് | 4 | 180 | 720 |

| ക്രമ നമ്പർ | ജോലി വിശദീകരണം | വാർഷിക എണ്ണം | ശരാശരി സമയം | ആകെ സമയം |
|---|---|---|---|---|
| K | മീറ്റിങ് മിനിറ്റ്സ് തയ്യാറാക്കൽ | 30 | 300 | 9000 |
| L | യുവത മാഗസീൻ | 12 | 600 | 7200 |
| M | ഓഫീസ് വാഹനങ്ങൾ (അറ്റകുറ്റപ്പണി)- 3 വാഹനങ്ങൾ | 6 | 180 | 1080 |
| N | ഓഫീസ് വാഹനങ്ങൾ (ഇന്ധനം) - 3 വാഹനങ്ങൾ | 36 | 60 | 2160 |
| O | ഹൗസ് കീപ്പിംഗ് | 2 | 300 | 600 |
| P | സ്റ്റേഷനറി പർച്ചേസ് | 2 | 600 | 1200 |
| Q | നിയമസഭ ചോദ്യം | 3 | 300 | 900 |
| R | വിവരാവകാശ നിയമം അപേക്ഷകൾ | 20 | 180 | 3600 |
| S | നിയമസഭ സമിതി | 4 | 240 | 960 |
| T<br>U | യുവജന നയവുമായി ബന്ധപ്പെട്ട പേപ്പറുകൾ<br>പഞ്ചിംഗ് മോണിറ്ററിംഗ് | 1<br>12 | 300<br>120 | 300<br>1440 |
| | **ആകെ സമയം** | | | **50460** |

രജിസ്റ്ററുകൾ

പട്ടിക -32

| ക്രമ നമ്പർ | ജോലി വിശദീകരണം | വാർഷിക എൻട്രി | ശരാശരി സമയം | ആകെ സമം |
|---|---|---|---|---|
| 1 | കാഷ് ബുക്ക് | 270 | 5 | 1350 |
| 2 | ബിൽ ബുക്ക് | 100 | 5 | 500 |
| 3 | ബിൽ രജിസ്റ്റർ | 100 | 5 | 500 |
| 4 | അലോട്ട്മെന്റ് രജിസ്റ്റർ | 25 | 5 | 125 |

| | | | | |
|---|---|---|---|---|
| 5 | ഓണറേറിയം രജിസ്റ്റർ | 25 | 5 | 125 |
| 6 | സ്റ്റാമ്പ് രജിസ്റ്റർ | 200 | 3 | 600 |
| 7 | ഡെസ്പാച്ച് രജിസ്റ്റർ | 1000 | 3 | 3000 |
| 8 | ഇൻവേഡ് രജിസ്റ്റർ | 2000 | 3 | 6000 |
| 9 | ലോക്കൽ ഡെലിവറി രജിസ്റ്റർ | 50 | 3 | 150 |
| 10 | അക്വിറ്റൻസ് രജിസ്റ്റർ | 20* 12 | 3 | 720 |
| 11 | RTI രജിസ്റ്റർ | 25 | 5 | 125 |
| 12 | അറ്റൻഡൻസ് രജിസ്റ്റർ | 20*12 | 2 | 480 |
| 13 | കാഷ്വൽ ലീവ് രജിസ്റ്റർ | 20 * 20 leaves | 2 | 800 |
| 14 | ഇൻക്രിമെന്റ് രജിസ്റ്റർ | 60 | 5 | 300 |
| 15 | SLI രജിസ്റ്റർ | 60 | 5 | 300 |
| 16 | GIS രജിസ്റ്റർ | 60 | 5 | 300 |
| 1 | പേ ബിൽ രജിസ്റ്റർ | 60 | 4 | 240 |
| 7 | PF ലോൺ രജിസ്റ്റർ | 10 | 5 | 50 |
| 18 | സാലറി സർട്ടിഫിക്കറ്റ് രജിസ്റ്റർ | 15 | 4 | 60 |
| 19 | ചെക്ക് ഇഷ്യൂ രജിസ്റ്റർ | 150 | 5 | 750 |
| 20 | ആസ്തി രജിസ്റ്റർ | 10 | 5 | 50 |
| 21 | ലോഗ് ബുക്ക് | 300 | 3 | 900 |
| 22 | വെഹിക്കിൾ രജിസ്റ്റർ | 30 | 3 | 90 |
| 23 | പേഴസ്ണൽ രജിസ്റ്റർ | 2000 | 5 | 10000 |
| 24 | മിനിറ്റ്സ് ബുക്ക്-ബോർഡ് മീറ്റിംഗ് | 10 | 120 | 1200 |
| 25 | മിനിറ്റ്സ് ബുക്ക്-എക്സിക്യൂട്ടീവ് കമ്മിറ്റി മീറ്റിംഗ് | 4 | 120 | 480 |
| 26 | അപ്രോപ്രിയേഷൻ രജിസ്റ്റർ | 25 | 5 | 125 |

| | | | | |
|---|---|---|---|---|
| 27 | TR5 റസീപ്റ്റ് ബുക്ക് | 10 | 5 | 50 |
| 28 | എ എസ് രജിസ്റ്റർ | 10 | 5 | 50 |
| 29 | ടെൻഡർ രജിസ്റ്റർ | 10 | 5 | 50 |
| 30 | ക്വട്ടേഷൻ രജിസ്റ്റർ | 10 | 5 | 50 |
| 31 | യുവത മാഗസിൻ രജിസ്റ്റർ | 5564 | 3 | 16692 |
| 32 | യുവത മാഗസിൻ-റെമ്യൂണറേഷൻ രജിസ്റ്റർ | 40 | 3 | 120 |
| | **ആകെ സമയം** | | | **46332** |

ഔട്ട് സൈഡ് ഡ്യൂട്ടി

പട്ടിക -33

| **ക്രമ നമ്പർ** | **ജോലി വിശദീകരണം** | **വാർഷിക എണ്ണം** | **ശരാശരി സമയം** | **ആകെ സമയം** |
|---|---|---|---|---|
| 1 | പ്രോഗ്രാമുകളുമായി ബന്ധപ്പെട്ട് വിവിധ ജില്ലകളിലേക്കുള്ള യാത്രകൾ | *30 * 6 | 420 | 75600 |
| 2 | മീറ്റിംഗുകളിൽ പങ്കെടുക്കുന്നത് | 30 | 240 | 7200 |
| | **ആകെ സമയം** | | | **82800** |

* യാത്രകൾ - ട്രാൻസിറ്റ് സമയം ഉൾപ്പെടെ

** നിലവിലെ ക്ലർക്കുകളുടെ എണ്ണം - 6

## 5.1 (8) ജോലിഭാര - അപഗ്രഥനം (സംക്ഷിപ്തം)

പട്ടിക -34

| **ക്രമ നമ്പർ** | **ടൈറ്റിൽ** | **ആവശ്യമായ സമയം (മിനിറ്റിൽ)** |
|---|---|---|
| 1 | പതിവ് ജോലികൾ | 4270 |
| 2 | ഫയലിതര ജോലികൾ | 18100 |
| 3 | എസ്റ്റാബ്ളിഷ്മെന്റ് ജോലികൾ | 25350 |

| ക്രമ നമ്പർ | ടൈറ്റിൽ | ആവശ്യമായ സമയം (മിനിറ്റിൽ) |
|---|---|---|
| 4 | എസ്റ്റാബ്ളിഷ്മെന്റ് ബില്ലുകൾ | 23080 |
| 5 | കണ്ടിൻജന്റ് ബില്ലുകൾ | 2520 |
| 6 | പ്രോഗ്രാം ജോലികൾ | 28220 |
| 7 | ഫയൽ സംബന്ധമായ ജോലികൾ | 27900 |
| 8 | മറ്റ് ജോലികൾ | 50460 |
| 9 | രജിസ്റ്ററുകൾ - പരിപാലനം | 46332 |
| 10 | ഔട്ട് സൈഡ് ഡ്യൂട്ടി | 82800 |
| | **ആകെ സമയം** | **309032(5151 Hrs)** |

8.2(9) ശ്രദ്ധിക്കേണ്ടവ

I. യുവജനക്ഷേമ ബോർഡിലെ ജീവനക്കാരിൽ അന്യത്ര സേവനം-4, സ്ഥിര നിയമനം-3 ഒഴികെയുള്ളവർ കരാർ അടിസ്ഥാനത്തിലും, ദിവസക്കൂലി അടിസ്ഥാനത്തിലുമാണ് നിയമിതരായിരിക്കുന്നത്. ആയതിനാൽ മുകളിലെ പട്ടികകളിൽ ചേർത്തിട്ടുള്ള ജോലികളിൽ പലതും നിർവ്വഹിക്കപ്പെടുന്നില്ല. എന്നിരുന്നാലും ഒരു സർക്കാർ സ്ഥാപനത്തിന്റെ സ്ഥിര എസ്റ്റാബ്ളിഷ്മെന്റ് ജോലികൾ നിർവ്വഹിക്കാൻ ആവശ്യമായ പരമാവധി സമയമാണിവിടെ നിർണ്ണയിച്ചിരിക്കുന്നത്.

ii. ബോർഡിലെ മൊത്തം ജീവനക്കാരുടെ എണ്ണം 65 ആയും കേന്ദ്ര ഓഫീസിലെ ജീവനക്കാരുടെ എണ്ണം 20 ആയും കണക്കാക്കിയാണ് സർവ്വീസ് സംബന്ധമായ കാര്യങ്ങൾ കൈകാര്യം ചെയ്യുന്നതിന് ആവശ്യമായ സമയം നിർണ്ണയിച്ചിരിക്കുന്നത്

ക്ലറിക്കൽ ജോലികൾ നിർവ്വഹിക്കുന്നതിന് ആവശ്യമായ മനുഷ്യപ്രയത്ന മണിക്കൂറുകൾ

= 5924 hours (including 15% fatigue allowance)

$$\text{മാൻ പവർ ഇൻഡക്സ്} = \frac{\text{വാർഷിക മനുഷ്യപ്രയത്ന മണിക്കൂറുകൾ}}{\text{വാർഷിക സ്റ്റാൻഡേർഡ് മനുഷ്യപ്രയത്ന മണിക്കൂറുകൾ}} = \frac{5924}{1700} = 3.48$$

കേന്ദ്ര ഓഫീസിൽ ആവശ്യമായ ക്ലാർക്ക് / ക്ലർക്ക് കം ഡാറ്റാ എൻട്രി ഓപ്പറേറ്റർമാരുടെ എണ്ണം =4

ആകെ ജോലി ഭാരത്തെ 1700 കൊണ്ട് ഹരിച്ച് മനുഷ്യ പ്രയത്ന സൂചിക കണക്കാക്കുന്നു .ഇവിടെ മനുഷ്യ പ്രയത്ന സൂചിക 3.48 ആണെന്ന് കണ്ടെത്തിയിട്ടുണ്ട്. ഈ സൂചികയിലെ ദശാംശ സ്ഥാനം 0.3 നേക്കാൾ കൂടുതലാകയാൽ ഒരു ജീവനക്കാരനെ ആവശ്യമുണ്ടെന്ന് കണക്കാക്കുന്നു.

## 8.2(10) ഡ്രൈവർ

യുവജനക്ഷേമ ബോർഡിന്റെ ആസ്ഥാനഓഫീസിൽ കെ.എൽ,01-ബി.ജി 8868 നമ്പർ ഇന്നോവ, കെ.എൽ 01 എ.പി 8012 നമ്പർ അംബാസിഡർ കാറുകൾ യഥാക്രമം വൈസ് ചെയർമാൻ, മെമ്പർ സെക്രട്ടറി എന്നിവരുടെ ഉപയോഗത്തിനായി അനുവദിച്ചിരിക്കുന്നു. ഇവ കൂടാതെ ഓഫീസ് ആവശ്യങ്ങൾക്കായി മറ്റൊരു വാഹനം വാർഷിക കരാർ വ്യവസ്ഥയിൽ വാടകയ്ക്കെടുത്ത് ഉപയോഗിക്കുന്നു. യുവജനക്ഷേമ ബോർഡിൽ ഒരു ഡ്രൈവർ തസ്തികയാണ് അംഗീകൃതമായിട്ടുള്ളത്. ഡ്രൈവർ തസ്തികയിൽ ദിവസവേതനാടിസ്ഥാനത്തിൽ ജീവനക്കാരെ നിയോഗിച്ചിരിക്കുന്നു. സംസ്ഥാന/ജില്ല പരിപാടികളുടെ സംഘാടനത്തിനും ഏകോപനത്തിനും മേൽനോട്ടത്തിനും ആസ്ഥാന ഓഫീസിൽ വാഹനങ്ങൾ അത്യാവശ്യമാണ്.

## 8.2 (11) ഓഫീസ് അറ്റൻഡന്റ്

ബാങ്ക്, പോസ്റ്റ് ഓഫീസ് ജോലികൾ നിർവ്വഹിക്കുക, വിവിധ സർക്കാർ ഓഫീസുകളുമായി ബന്ധപ്പെട്ട് ലെയ്സൺ വർക്ക് ചെയ്യുക, തപാൽ എൻട്രി, ഡെസ്പാച്ച് ജോലികൾ ചെയ്യുക, വിവിധ സെക്ഷനുകളിലെ ജോലികൾ നിർവ്വഹിക്കുക, വൈസ് ചെയർമാൻ, മെമ്പർസെക്രട്ടറി തുടങ്ങിയവരെ അനുഗമിക്കുക എന്നീ ജോലികളാണ് ഓഫീസ് അറ്റൻഡന്റിൽ നിക്ഷിപ്തമായത്. നിലവിൽ ഒരു ഓഫീസ് അറ്റൻഡന്റ് കരാർ അടിസ്ഥാനത്തിൽ ജോലി നോക്കുന്ന തസ്തികയാണ് കേന്ദ്ര ഓഫീസിൽ അനുവദിച്ചിരിക്കുന്നത്. **എന്നാൽ മേൽ വിവരിച്ച ചുമതലകൾ നിർവ്വഹിക്കുന്നതിന് ഒരു തസ്തിക അപര്യാപ്തമാണ് എന്ന് പഠനസംഘം വിലയിരുത്തുന്നു.**

**8.2(12) എൽ.ഡി.ടൈപ്പിസ്റ്റ് -1, പാർട്ട് ടൈം സ്വീപ്പർ -1 നൈറ്റ് വാച്ച്മാൻ -1** എന്നീ അംഗീകൃത തസ്തികകൾ ഓഫീസിന്റെ സുഗമമായ പ്രവർത്തനത്തിന് ആവശ്യമായതിനാൽ ടി തസ്തികകൾ കേന്ദ്ര ഓഫീസിൽ നിലനിർത്താവുന്നതാണ്.

## യുവജനക്ഷേമ കേന്ദ്രങ്ങൾ

**8.2** യുവജനക്ഷേമ ബോർഡിന്റെ പദ്ധതികളും പ്രവർത്തനങ്ങളും നടപ്പിലാക്കുന്നതിനും ഉദ്ദേശ്യലക്ഷ്യങ്ങൾക്കനുസൃതമായി വിഭാവനം ചെയ്യുന്ന മറ്റ് യുവജനവികസന ക്ഷേമ പ്രവർത്തനങ്ങൾ ഏറ്റെടുക്കുന്നതിനുമായി ജില്ല, ബ്ലോക്ക്, പ്രാദേശിക തലങ്ങളിലായി യുവജനക്ഷേമ കേന്ദ്രങ്ങൾ സ്ഥാപിക്കേണ്ടതാണെന്ന് മെമ്മോറാണ്ടം & ആർട്ടിക്കിൾസ് ഓഫ് അസോസിയേഷനിൽ നിഷ്കർഷിക്കുന്നു. മെമ്മോറാണ്ടം ഓഫ് അസോസിയേഷൻ ക്ലോസ് 17 പ്രകാരം യൂത്ത് സെന്ററുകളെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി ബന്ധിപ്പിക്കേണ്ടതും യൂത്ത് ക്ലബ്ബുകൾ, സൊസൈറ്റികൾ തുടങ്ങി യുവജനവികസനവുമായി നീണ്ടകാലമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന ഏജൻസികളുമായി ചേർന്ന് ഒരു നെറ്റ് വർക്ക് രൂപംകൊള്ളുകയും ചെയ്യേണ്ടതാണ്.

കേരളത്തിലെ 14 ജില്ലകളിലും യുവജനക്ഷേമ കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നു. ജില്ലാ യുവജനക്ഷേമ കേന്ദ്രത്തിലെ നിലവിൽ ജോലി നോക്കുന്ന ജീവനക്കാരുടെ എണ്ണം ചുവടെ പട്ടികയിൽ ചേർക്കുന്നു.

പട്ടിക -35

| ക്രമ നമ്പർ | തസ്തിക | എണ്ണം |
|---|---|---|
| 1 | യൂത്ത് പ്രോഗ്രാം ഓഫീസർ | 14 |
| 2 | ക്ലാർക്ക് | 3 |
| 2 | ക്ലാർക്ക് കം ഡാറ്റാ എൻട്രി ഓപ്പറേറ്റർ | 7 |
| 3 | ഓഫീസ് അറ്റൻഡന്റ് | 8 |
| | **ആകെ** | **32** |

### 8.3 ജില്ലാ യൂത്ത് പ്രോഗ്രാം ഓഫീസർ

യുവജനക്ഷേമ ബോർഡിന്റെ പരിപാടികൾ ജില്ലയിൽ നടപ്പിലാക്കുന്നത് ജില്ലാ യുവജന കേന്ദ്രം മുഖേനയാണ്. ജില്ലാ യുവജന കേന്ദ്രം നടപ്പിലാക്കിയിട്ടുള്ള പ്രധാന പരിപാടികൾ.

1) ദിനാചരണം (പരിസ്ഥിതി ദിനം/ദേശിയ യുവജനദിനം)
2) മീഡിയ സെമിനാർ

3) പി.എസ്.സി. കോച്ചിംഗ്
4) ആർട്ട് ഡി ടൂർ
5) ബിഗ് സ്ക്രീൻ പ്രദർശനം (ലോകകപ്പ് ഫുട്ബോൾ മത്സരം)
6) വോളന്ററി യൂത്ത് ആക്ഷൻ ഫോഴ്സ്
7) നാടൻപാട്ട് മത്സരം.
8) കേരളോത്സവം
9) ജില്ലാ യുവജന കേന്ദ്രം ആവിഷ്ക്കരിച്ച് നടപ്പിലാക്കുന്ന പരിപാടികൾ

പരിപാടികളുടെ മുഖ്യനിർവ്വഹണ അധികാരി ജില്ലാ യൂത്ത് പ്രോഗ്രാം ഓഫീസറാണ്, യുവജനക്ഷേമ ബോർഡിൽ 14 ജില്ലാ യൂത്ത് പ്രോഗ്രാം ഓഫീസർ തസ്തിക സർക്കാർ സൃഷ്ടിച്ചിട്ടുണ്ട്. ജില്ലാ യൂത്ത് പ്രോഗ്രാം ഓഫീസറുടെ പ്രവർത്തനങ്ങൾ അദ്ധ്യായം 5 - ൽ പ്രതിപാദിച്ചിട്ടുണ്ട്

## 8.4 ജില്ലാ യുവജന കേന്ദ്രം - മിനിസ്റ്റീരിയൽ വിഭാഗം ജീവനക്കാർ

ജില്ലാ യുവജന കേന്ദ്രങ്ങളിൽ മിനിസ്റ്റീരിയൽ ജോലികൾ നിർവ്വഹിക്കുന്നത് നിലവിൽ ക്ലാർക്ക്, ക്ലാർക്ക് കം ഡേറ്റാ എൻട്രി ഓപ്പറേറ്റർ, ഓഫീസ് അറ്റൻഡന്റ് എന്നീ വിഭാഗം ജീവനക്കാരാണ്. കൂടാതെ അത്യാവശ്യഘട്ടങ്ങളിൽ ഭരണനിർവ്വഹണ സഹായി എന്ന പേരിൽ താൽക്കാലികമായി ദിവസവേതനാടിസ്ഥാനത്തിൽ ജീവനക്കാരെ നിയോഗിച്ചിട്ടുണ്ട്. ജില്ലാ യുവജന കേന്ദ്രാടിസ്ഥാനത്തിലുള്ള മിനിസ്റ്റീരിയൽ വിഭാഗം ജീവനക്കാരുടെ വിവരം.

പട്ടിക 36

| ക്രമ നമ്പർ | തസ്തികയുടെ പേര് | ജില്ലാ യുവജന കേന്ദ്രം |
|---|---|---|
| 1 | ക്ലാർക്ക് (1 വീതം) | കൊല്ലം, കോട്ടയം,ഇടുക്കി, |
| 2 | ക്ലാർക്ക് കം ഡേറ്റാ എൻട്രി ഓപ്പറേറ്റർ (1 വീതം) | തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ പാലക്കാട് തൃശ്ശൂർ, കോഴിക്കോട്, കണ്ണൂർ, |
| 3 | ഓഫീസ് അറ്റൻഡന്റ് (1 വീതം) | തിരുവനന്തപുരം, പത്തനംതിട്ട, എറണാകുളം, പാലക്കാട്, മലപ്പുറം, വയനാട്, കണ്ണൂർ,കാസർഗോഡ്. |

പാലക്കാട് കേന്ദ്രത്തിൽ ക്ലാർക്ക് കം ഡേറ്റാ എൻട്രി ഓപ്പറേറ്റർ - 1 (സ്ഥിരനിയമനം)

തിരുവനന്തപുരം കേന്ദ്രത്തിൽ ഓഫീസ് അറ്റൻഡന്റ് - 1 (സ്ഥിരനിയമനം)

മറ്റുള്ളവർ - കരാർ നിയമനം.

## 8.5 ക്ലാർക്ക് കം ഡേറ്റാ എൻട്രി ഓപ്പറേറ്റർ

ജില്ലാ യുവജന കേന്ദ്രം ഓഫീസിലെ ദൈനംദിന പ്രവർത്തനങ്ങളിലും പ്രോഗ്രാം നടത്തിപ്പിലും ജില്ലാ പ്രോഗ്രാം ഓഫീസറെ സഹായിക്കുകയാണ് ക്ലാർക്ക് കം ഡേറ്റാ എൻട്രി ഓപ്പറേറ്ററുടെ പ്രധാന ചുമതല.

ക്ലാർക്ക് കം ഡേറ്റാ എൻട്രി ഓപ്പറേറ്റർ തസ്തികയിലെ ജോലിഭാര അപഗ്രഥനം.

പതിവ് ജോലികൾ

പട്ടിക 37

| ക്രമ നമ്പർ | ജോലി വിശദീകരണം | വാർഷിക എണ്ണം | ശരാശരി സമയം /എണ്ണം | ആകെ സമയം (മിനിറ്റ്) |
|---|---|---|---|---|
| 1 | തപാൽ രജിസ്ട്രേഷൻ | 250 | 3 | 750 |
| 2 | പഴയ ഫയലുകൾ എടുത്തെഴുതൽ | 15 | 3 | 45 |
| 3 | ഡോക്കറ്റിംഗ് | 25 | 5 | 125 |
| 4 | സ്റ്റോക്ക് ഫയൽ പരിപാലനം | 1 | 50 | 50 |
| ആകെ സമയം | | | | 970 |

ഫയലിതര ജോലികൾ

പട്ടിക 38

| ക്രമ നമ്പർ | ജോലി വിശദീകരണം | വാർഷിക എണ്ണം | ശരാശരി സമയം | ആകെ സമയം (മിനിറ്റ്) |
|---|---|---|---|---|
| 1 | ഔട്ട്സൈഡ് ഡ്യൂട്ടി | 15 | 180 | 2700 |
| 2 | സന്ദർശകരുമായി ആശയ വിനിമയം | 150 | 5 | 750 |
| 3 | ടെലഫോൺ | 300 | 3 | 900 |
| 4 | മറ്റ് ഫയലിതര ജോലികൾ | | | 500 |
| ആകെ സമയം | | | | 4850 |

ഫയൽ ജോലികൾ

പട്ടിക 39

| ക്രമ നമ്പർ | ജോലി വിശദീകരണം | വാർഷിക എണ്ണം | ശരാശരി സമയം /എണ്ണം | ആകെ സമയം (മിനിറ്റ്) |
|---|---|---|---|---|
| 1 | ലീവ്, സാലറി സർട്ടിഫിക്കറ്റ് തുടങ്ങിയ ജീവനക്കാരുടെ എസ്റ്റാബ്ലിഷ്മെന്റ് കാര്യങ്ങൾ | 30 | 5 | 150 |
| 2 | എസ്റ്റാബ്ലിഷ്മെന്റ് ബില്ലുകൾ | 60 | 10 | 600 |
| 3 | യൂത്ത് ക്ലബ്ബ് സംബന്ധിച്ച ഫയൽ ജോലികൾ | 100 | 30 | 3000 |
| 4 | യുവ ക്ലബ്ബ് സംബന്ധിച്ച ഫയൽ ജോലികൾ | 75 | 30 | 2250 |
| 5 | ക്ലബ്ബുകളുടെ അഫിലിയെഷൻ /പുതുക്കൽ | 50 | 30 | 1500 |
| 6 | യുവത മാഗസിൻ സംബന്ധിച്ച ഫയൽ | 350 | 15 | 5250 |

കണ്ടിൻജന്റ് ചെലവുകൾ/പർച്ചേസ്

പട്ടിക 40

| ക്രമ നമ്പർ | ജോലി വിശദീകരണം | വാർഷിക എണ്ണം | യൂണിറ്റ് സമയം | ആകെ സമയം |
|---|---|---|---|---|
| 1 | വൈദ്യുതി ചാർജ്ജ് | 6 | 30 | 180 |
| 2 | ടെലഫോൺ/വെള്ളക്കരം | 12 | 15 | 180 |
| 3 | സ്റ്റാമ്പ് | 4 | 30 | 120 |
| 4 | സ്റ്റേഷനറി | 1 | 60 | 60 |

| | | | | |
|---|---|---|---|---|
| 5 | ഫർണിച്ചർ /ബുക്ക്സ്/മാഗസിൻ | 15 | 60 | 900 |
| 6 | ഇലക്ട്രോണിക്സ് ഉപകരണങ്ങളുടെ പരിപാലനം | 5 | 60 | 300 |
| ആകെ സമയം | | | | 1740 |

<u>പ്രോഗ്രാം ജോലികൾ</u>

പട്ടിക 41

| ക്രമ നമ്പർ | ജോലി വിശദീകരണം | വാർഷിക എണ്ണം | യൂണിറ്റ് സമയം | ആകെ സമയം |
|---|---|---|---|---|
| 1 | കത്തുകൾ, നോട്ടീസുകൾ തയ്യാറാക്കൽ | 12 | 30 | 360 |
| 2 | രജിസ്ട്രേഷൻ | 12 | 60 | 720 |
| 3 | റിപ്പോർട്ട്, ധനകാര്യ പത്രിക | 12 | 60 | 720 |
| 4 | തുക അനുവദിക്കൽ | 3 | 30 | 90 |
| 5 | യാത്ര ബത്ത നൽകൽ | 5 | 120 | 600 |
| 6 | സർട്ടിഫിക്കറ്റ് വിതരണം | 200 | 10 | 2000 |
| 7 | യുവശക്തി കോ-ഓർഡിനേറ്റർക്ക് ഓണറേറിയം | 375 | 10 | 3750 |
| 8 | മീറ്റിംഗ് മിനിട്ട്സ് തയ്യാറാക്കൽ | 12 | 60 | 720 |
| 9 | ക്ലബ്ബുകളുടെ അഫിലിയെഷൻ /പുതുക്കൽ | 50 | 30 | 1500 |
| ആകെ സമയം | | | | 10460 |

ഡേറ്റാ എൻട്രി ജോലികൾ

പട്ടിക 42

| ക്രമ നമ്പർ | പ്രവൃത്തി വിവരം | എൻട്രികളുടെ എണ്ണം | ശരാശരി സമയം | ആകെ സമയം |
|---|---|---|---|---|
| 1 | കേരളോത്സവം, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ അക്കൗണ്ട് നമ്പർ എൻട്രി | 90 | 2 | 180 |
| 2 | യൂത്ത് ക്ലബ്ബ്/യുവ ക്ലബ്ബ് ലിസ്റ്റ് | 350 | 2 | 700 |
| 3 | കളിസ്ഥലം/നീന്തൽക്കുളം ലിസ്റ്റ് | 500 | 2 | 1000 |
| 4 | ക്ലബ്ബുകൾക്ക് സ്പോർട്ട് കിറ്റ് ലിസ്റ്റ് | 400 | 2 | 800 |
| 5 | യുവതാ മാഗസിൻ വരിക്കാർ-ലിസ്റ്റ് | 500 | 2 | 1000 |
| 6 | കേരള വോളന്ററി യൂത്ത് ആക്ഷൻ ഫോഴ്സ് ഓൺലൈൻ രജിസ്ട്രേഷൻ | 8000 | 2 | 16000 |
| 7 | കേരളോത്സവം സംസ്ഥാനതല മത്സരം ലിസ്റ്റ് | 100 | 2 | 200 |
| 8 | ക്യാഷ് ട്രാൻസാക്ഷൻ വിവരം എൻട്രി | 500 | 2 | 1000 |
| 9 | പ്രളയ ദുരിതാശ്വാസ പ്രവർത്തനങ്ങളിൽ പങ്കെടുത്തവരുടെ ലിസ്റ്റ് | 1000 | 2 | 2000 |
| ആകെ | | | | 22880 |

<u>രജിസ്റ്ററുകൾ</u>

പട്ടിക 43

| ക്രമ നമ്പർ | രജിസ്റ്റർ | വാർഷിക എൻട്രി | ശരാശരി സമയം | ആകെ സമയം |
|---|---|---|---|---|
| 1 | അറ്റൻഡൻസ് രജിസ്റ്റർ | 36 | 1 | 36 |
| 2 | ക്യാഷ് ബുക്ക് | 200 | 2 | 400 |
| 3 | ലെഡ്ജർ | 200 | 2 | 400 |
| 4 | ചെക്ക് ഇഷ്യൂ രജിസ്റ്റർ | 350 | 5 | 1750 |
| 5 | പേഴ്സണൽ രജിസ്റ്റർ | 300 | 2 | 600 |
| 6 | ഇൻവേർഡ് രജിസ്റ്റർ | 300 | 2 | 600 |
| 7 | ഔട്ട് വേർഡ് രജിസ്റ്റർ | 200 | 2 | 400 |
| 8 | യൂത്ത് ക്ലബ്ബ് അഫിലിയേഷൻ രജിസ്റ്റർ | 50 | 5 | 250 |
| 9 | യുവ ക്ലബ്ബ് രജിസ്റ്റർ | 25 | 5 | 125 |
| 10 | സ്റ്റോക്ക് രജിസ്റ്റർ | 10 | 5 | 50 |
| 11 | യുവശക്തി ടി.എ. രജിസ്റ്റർ | 400 | 2 | 800 |
| 12 | യുവശക്തി അഡ്വാൻസ് രജിസ്റ്റർ | 50 | 2 | 100 |
| 13 | യുവശക്തി കോ-ഓർഡിനേറ്റേഴ്സ് രജിസ്റ്റർ രജിസ്റ്റർ | 100 | 2 | 200 |
| 14 | ഓഫീസ് എക്സ്പെൻസ് രജിസ്റ്റർ | 200 | 5 | 1000 |
| 15 | പ്രോഗ്രാം രജിസ്റ്റർ | 30 | 5 | 150 |
| 16 | യുവശക്തി ഓണറേറിയം രജിസ്റ്റർ | 250 | 5 | 1250 |
| 17 | ലോക്കൽ ഡെലിവറി രജിസ്റ്റർ | 20 | 2 | 40 |
| 18 | കാഷ്വൽ ലീവ് രജിസ്റ്റർ | 60 | 2 | 120 |
| ആകെ | | | | 8271 |

ഔട്ട്സൈഡ് ഡ്യൂട്ടി

പട്ടിക 44

| ക്രമ നമ്പർ | രജിസ്റ്റർ | വാർഷിക എൻട്രി | ശരാശരി സമയം | ആകെ സമയം |
|---|---|---|---|---|
| 1 | പ്രോഗ്രാമുകളുമായി ബന്ധപ്പെട്ട് ജില്ലയിലെ വിവിധ കേന്ദ്രങ്ങളിലേക്ക് യാത്ര | 25 | 120 | 3000 |
| 2 | മീറ്റിംഗുകളിൽ പങ്കെടുക്കൽ | 30 | 180 | 5400 |
| | ആകെ | | | 8400 |

ജോലിഭാരം അപഗ്രഥനം (സംക്ഷിപ്തം)

പട്ടിക 45

| ക്രമ നമ്പർ | ജോലിയുടെ സ്വഭാവം | ആവശ്യമായ സമയം (മിനിട്ടിൽ) |
|---|---|---|
| 1 | പതിവ് ജോലികൾ | 970 |
| 2 | ഫയലിതര ജോലികൾ | 4850 |
| 3 | ഫയൽ ജോലികൾ | 12750 |
| 4 | കണ്ടിൻജന്റ് ചെലവുകൾ/പർച്ചേസ് | 1740 |
| 5 | പ്രോഗ്രാം ജോലികൾ | 10460 |
| 6 | ഡേറ്റാ എൻട്രി ജോലികൾ | 22880 |
| 7 | രജിസ്റ്ററുകളുടെ പരിപാലനം | 8271 |
| 8 | ഔട്ട്സൈഡ് ഡ്യൂട്ടി | 8400 |
| | | 70321 (1172 Hrs) |

ക്ലാർക്ക് കം ഡാറ്റാ എൻട്രി ഓപ്പറേറ്റർ തസ്തികയിലെ ജീവനക്കാരന്റെ ചുമതലകൾ നിർവ്വഹിക്കുന്നതിന് ആവശ്യമായ വാർഷിക മനുഷ്യപ്രയത്ന മണിക്കൂറുകൾ

1347( including 15% fatigue allowance) എന്ന് കണക്കാക്കിയിരിക്കുന്നു.

മാൻ പവർ ഇൻഡക്സ് = $\frac{\text{വാർഷിക മനുഷ്യ പ്രയത്ന മണിക്കൂറുകൾ}}{\text{വാർഷിക സ്റ്റാൻഡേർഡ് മനുഷ്യപ്രയത്ന മണിക്കൂറുകൾ}}$

$$= \frac{1347}{1700} = .8$$

ആവശ്യമായ ക്ലാർക്ക് കം ഡേറ്റ എൻട്രി ഓപ്പറേറ്റർ-1. ഒരു സർക്കാർ ജീവനക്കാരൻ ഒരു വർഷം 1700 മണിക്കൂർ ജോലിചെയ്യണമെന്നതാണ് അടിസ്ഥാന തത്വം. ഇവിടെ ക്ലാർക്ക് കം ഡേറ്റ എൻട്രി ഓപ്പറേറ്റർ തസ്തികയിലെ ജോലിഭാര അപഗ്രഥനം നടത്തിയതിൽ മനുഷ്യപ്രയത്ന മണിക്കൂർ 1347 ആണ്. എന്നാൽ ഓരോ വർഷവും ബോർഡ് നൂതനമായ പരിപാടികൾ നടപ്പിലാക്കുകയും അത്തരം പരിപാടികളുടെ സംഘാടന സ്വഭാവവും കാലയളവും വ്യത്യസ്തമായിരിക്കുകയും ചെയ്യുമ്പോൾ ജില്ലാ യുവജന കേന്ദ്രത്തിന്റെ ജോലിഭാരവും വ്യത്യാസപ്പെടുന്നതാണ്. ജില്ലാ യുവജന കേന്ദ്രം ഓഫീസിന്റെ ജോലിഭാരത്തിന്റെ ഒരു പ്രധാന പങ്ക് വഹിക്കുന്നത് ക്ലാർക്ക് കം ഡേറ്റ എൻട്രി ഓപ്പറേറ്റർ ആണ്. ബോർഡ് പ്രോഗ്രാമുകളുടെ എണ്ണം വർദ്ധിപ്പിക്കുകയും പ്രവർത്തനം വിപുലീകരിക്കുകയും ചെയ്യേണ്ടതുണ്ട്

## 8.6 ഓഫീസ് അറ്റൻഡന്റ്

ജില്ലാ യുവജനകേന്ദ്രം ഓഫീസ് യഥാസമയം തുറക്കുകയും അടയ്ക്കുകയും ചെയ്യുക. വിവിധ ഓഫീസ് ആവശ്യങ്ങൾക്കായി ഇലക്ട്രിസിറ്റി ഓഫീസ്, പോസ്റ്റ് ഓഫീസ്, ബാങ്ക് എന്നിവിടങ്ങളിൽ പോകുക, ഓഫീസിന്റെ പ്രവർത്തനങ്ങളെ സഹായിക്കുക, ജില്ലാ ഓഫീസിന്റെ ആഭിമുഖ്യത്തിൽ നടക്കുന്ന ജില്ല/സംസ്ഥാന തല പരിപാടികളുടെ സംഘാടനവുമായി ബന്ധപ്പെട്ട് ജില്ലാ ഓഫീസറെ സഹായിക്കുക. പരിപാടികളുടെ അറിയിപ്പ്, ലഘുലേഖകൾ എന്നിവ ഓഫീസുകളിലും ബന്ധപ്പെട്ടവരിലും എത്തിക്കുക, തുടങ്ങിയ ജോലികൾ ജില്ലാ യുവജന കേന്ദ്രങ്ങളിലെ ഓഫീസ് അറ്റൻഡന്റുമാർ നിർവ്വഹിക്കുന്നു. ആയതിനാൽ എല്ലാ ജില്ലാ യുവജന കേന്ദ്രങ്ങളിലും ഓഫീസ് അറ്റൻഡന്റുമാരുടെ തസ്തികകൾ അനിവാര്യമാണ്.

**ദേശീയ സാഹസിക അക്കാഡമികൾ**

**8.7 സാഹസിക അക്കാഡമികളിലെ ജീവനക്കാരുടെ നില**

പട്ടിക 46

| ക്രമനമ്പർ | തസ്തിക | എണ്ണം |
|---|---|---|
| 1 | സ്പെഷ്യൽ ഓഫീസർ | 2 |
| 2 | ഓഫീസ് അറ്റൻഡന്റ് | 2 |

സ്പെഷ്യൽ ഓഫീസർ തസ്തിക -1 ഒഴിഞ്ഞു കിടക്കുന്നു .ഓഫീസ് അറ്റൻഡന്റ് തസ്തികയിൽ ദിവസവേതനാടിസ്ഥാനത്തിൽ നിയമനം നടത്തിയിട്ടുണ്ട്

**8.8 സ്പെഷ്യൽ ഓഫീസർ**

സംസ്ഥാന യുവജനക്ഷേമ ബോർഡിന് കീഴിൽ രണ്ട് ദേശീയ സാഹസിക അക്കാഡമികൾ പ്രവർത്തിച്ചു വരുന്നു. അക്കാഡമികളുടെ പ്രവർത്തന ചുമതല വഹിക്കുന്നത് സ്പെഷ്യൽ ഓഫീസറാണ്.

പ്രവർത്തനങ്ങൾ

1) സാഹസിക അക്കാഡമി മുഖേന യുവാക്കളിൽ സാഹസിക മനോഭാവം വളർത്തുക എന്ന ലക്ഷ്യത്തോടെ സാഹസിക പരിശീലന പരിപാടികൾ സംഘടിപ്പിക്കൽ

2) അഡ്വഞ്ചർ കാർണിവൽ, ബീച്ച് ഫെസ്റ്റ്, സാഹസിക ട്രക്കിംഗ്, മൗണ്ടനേറിംഗ്, റിവർ ക്രോസിംഗ്, ആർച്ചറി പരിശീലനം, പാരാഗ്ലൈഡിംഗ് പരിശീലനം, സാഹസിക ഫോട്ടോഗ്രഫി അവാർഡ് തുടങ്ങിയ പരിപാടികൾ സംഘടിപ്പിക്കുകയും മേൽ നോട്ടം വഹിക്കുകയും ചെയ്യുക.

3) വാർഷിക പദ്ധതിയിൽ ഉഴ്പ്പെടുത്തുന്നതിനായി മേൽപറഞ്ഞ പരിപാടികൾക്ക് പ്രൊജക്ട് തയ്യാറാക്കി ബോർഡിൽ സമർപ്പിക്കുക

4) ദൈനംദിന ഓഫീസ് പ്രവർത്തനങ്ങൾ നിർവ്വഹിക്കൽ.

യുവജന ക്ഷേമ ബോർഡിൽ സ്പെഷ്യൽ ഓഫീസറുടെ 2 തസ്തികകൾ സർക്കാർ സൃഷ്ടിച്ചിട്ടുണ്ട്. ഈ തസ്തികകളിൽ കരാർ വ്യവസ്ഥയിൽ ആണ് നിലവിൽ നിയമനം നടത്തിയിട്ടുള്ളത് .

**8.9 ഓഫീസ് അറ്റൻഡന്റ് (സാഹസിക അക്കാദമി.)**

സാഹസിക പരിപാടികൾ/ ക്യാമ്പുകൾ സംഘടിപ്പിക്കൽ, മറ്റ് വകുപ്പുകളിൽ നിന്നുള്ള അനുമതി നേടൽ, പരിപാടികളിൽ പങ്കെടുക്കുന്നവരുടെ തെരെഞ്ഞെടുപ്പ്, പരിശീലനാർത്ഥികൾക്ക് ആവശ്യമായ ഉപകരണങ്ങൾ, മരുന്ന്, ഭക്ഷണം എന്നിവ വാങ്ങൾ, താമസ സൌകര്യം ഒരുക്കൽ തുടങ്ങിയ പ്രവർത്തനങ്ങളിൽ സ്പെഷ്യൽ ഓഫീസറെ സഹായിക്കുന്നതിന് ഒരു ഓഫീസ് അറ്റൻഡന്റ് തസ്തികയുടെ സേവനം

ആവശ്യമുള്ളതായി പഠന സംഘം വിലയിരുത്തുന്നു.

## 8.10 നൈറ്റ് വാച്ചർ

വിനോദ സഞ്ചാര കേന്ദ്രമായ മൂന്നാറിനടുത്ത് സ്ഥിതിചെയ്യുന്ന ദേവികുളം ദേശീയ സാഹസിക അക്കാഡമിയുടെ സുരക്ഷയ്ക്കായി ദിവസ വേതനാടിസ്ഥാനത്തിൽ ഒരു വാച്ച്മാനെ നിലവിൽ നിയോഗിച്ചിട്ടുണ്ട്. വിലപിടിപ്പുള്ള സാഹസിക ഉപകരണങ്ങൾ, പരിശീലനാർത്ഥികൾക്ക് താമസത്തിനായുള്ള ഡോർമെറ്ററികൾ(27 കിടക്കകൾ) ഗസ്റ്റ് റൂം, കമ്പ്യൂട്ടർ ഉൾപ്പടെയുള്ള മറ്റ് സാധന സാമഗ്രികൾ എന്നിവ സംരക്ഷിക്കുന്നതിനും പരിപാലിക്കുന്നതിനും ഒരു നൈറ്റ് വാച്ച്മാന്റെ സേവനം ആവശ്യമാണ്. അതിനാൽ ഒരു നൈറ്റ് വാച്ച്മാൻ തസ്തിക ദേവികുളം ദേശീയ സാഹസിക അക്കാഡമിയിൽ പുതുതായി സൃഷ്ടിക്കാവുന്നതാണ്.

## അദ്ധ്യായം - 9

## അധിക തസ്തികകളുടെ ആവശ്യകത

**9.1** 11/07/2016, 20/07/2016 എന്നീ തീയതികളിലെ ഇ 1 - 3498/16/YWS നമ്പർ കത്ത് പ്രകാരം മെമ്പർ സെക്രട്ടറി സർക്കാരിൽ സമർപ്പിച്ച കരട് റെഗുലേഷൻസ് പ്രകാരം പുതുതായി സൃഷ്ടിക്കണമെന്നാവശ്യപ്പെട്ട 80 അധിക തസ്തികകളുടെ ലിസ്റ്റ് ചുവടെ ചേർക്കുന്നു.

പട്ടിക -47

| ക്രമ നമ്പർ | തസ്തിക | എണ്ണം |
|---|---|---|
| 1 | റിസർച്ച് കോ- ഓർഡിനേറ്റർ | 1 |
| 2 | റിസർച്ച് അസ്സോസിയേറ്റ് | 1 |
| 3 | ജൂനിയർ സൂപ്രണ്ട് | 1 |
| 4 | ഹെഡ് ക്ലാർക്ക് | 1 |
| 5 | ഗ്രാഫിക് ഡിസൈനർ | 1 |
| 6 | പ്രോഗ്രാം കോ- ഓർഡിനേറ്റർ | 2 |
| 7 | യു.ഡി ക്ലാർക്ക് | 1 |
| 8 | എൽ.ഡി ക്ലാർക്ക് | 29 |
| 9 | ക്ലാർക്ക് കം ഡാറ്റാ എൻട്രി ഓപ്പറേറ്റർ | 17 |
| 10 | ലൈബ്രറി കം റിസപ്ഷനിസ്റ്റ് | 1 |
| 11 | ഡ്രൈവർ | 3 |
| 12 | ഓഫീസ് അറ്റൻഡന്റ് | 18 |
| 13 | സ്വീപ്പർ കം ക്ലീനർ | 1 |
| 14 | സീനിയർ ഗ്രേഡ് ടൈപ്പിസ്റ്റ് | 1 |
| 15 | യു.ഡി.ടൈപ്പിസ്റ്റ് | 1 |
| 16 | എൽ.ഡി.ടൈപ്പിസ്റ്റ് | 1 |
| | **ആകെ** | **80** |

### 9.1 (1) ശ്രദ്ധിക്കപ്പെടേണ്ട വസ്തുതകൾ

1. മെമ്പർ സെക്രട്ടറി സർക്കാരിൽ സമർപ്പിച്ച കരട് റെഗുലേഷൻസ് സംബന്ധിച്ച റിപ്പോർട്ടിൽ പുതിയ തസ്തികകൾ സൃഷ്ടിക്കുന്നതുമായി ബന്ധപ്പെട്ട് താഴെപ്പറയുന്ന അടിസ്ഥാനപരമായ വസ്തുതകൾ ഉൾക്കൊള്ളിച്ചിട്ടില്ല.

a. അധിക തസ്തികകളിൽ നിക്ഷിപ്തമായ ചുമതലകൾ

b. അധിക തസ്തികകൾ സൃഷ്ടിക്കപ്പെടാനുണ്ടായ സാഹചര്യം

c. യുവജനക്ഷേമ ബോർഡിൽ അധിക തസ്തികകളുടെ ആവശ്യകത

d. യുവജനക്ഷേമ ബോർഡിന്റെ പ്രവർത്തനങ്ങളിൽ ഉണ്ടായ മാറ്റം (പ്രവർത്തന വിപുലീകരണം)

### 9.2 റിസർച്ച് കോ-ഓർഡിനേറ്റർ / റിസർച്ച് അസോസിയേറ്റ്

കേരള സംസ്ഥാന യുവജനക്ഷേമ ബോർഡിന്റെ കീഴിൽ യുവജന പഠന ഗവേഷണ കേന്ദ്രം പ്രവർത്തിച്ചിരുന്ന സമയത്ത് അതിന്റെ പ്രധാന ചുമതല വഹിച്ചിരുന്നത് റിസർച്ച് കോ-ഓർഡിനേറ്റർ ആയിരുന്നു. യുവാക്കളുടെ സർവ്വേ നടത്തി യുവാക്കൾ അഭിമുഖീകരിക്കുന്ന പ്രധാന പ്രശ്നങ്ങൾ മനസ്സിലാക്കി റിപ്പോർട്ട് ചെയ്യുകയും ആയതിന്റെ അടിസ്ഥാനത്തിൽ അവ ദൂരീകരിക്കുന്നതിന് വിവിധ മേഖലകളിൽ പ്രാവീണ്യമുള്ള ഫാക്കൽറ്റികളെ കണ്ടെത്തി പിരശീലനം നൽകുന്ന ജോലിയായിരുന്നു റിസർച്ച് കോ-ഓർഡിനേറ്റർ നിർവ്വിഹിച്ചിരുന്നത്. റിസർച്ച് കോ-ഓർഡിനേറ്ററെ സഹായിക്കുന്ന ചുമതലയായിരുന്നു റിസർച്ച് അസോസിയേറ്റിന്റേത്. നിലവിൽ യുവജന പഠന ഗവേഷണ കേന്ദ്രം ബോർഡിൽ പ്രവർത്തിക്കാത്തതിനാൽ റിസർച്ച് കോ-ഓർഡിനേറ്റർ. റിസർച്ച് അസോസിയേറ്റ് എന്നീ തസ്തികകൾ ബോർഡിൽ സൃഷ്ടിക്കേണ്ടതില്ല എന്ന് പഠന സംഘം ശുപാർശ ചെയ്യുന്നു.

### 9.3 ജൂനിയർ സൂപ്രണ്ട് / ഹെഡ് ക്ലാർക്ക്

ബോർഡിൽ ആസ്ഥാന ഓഫീസിൽ ക്ലറിക്കൽ വിഭാഗത്തിൽ 2 ക്ലാർക്ക്, 2 ക്ലാർക്ക് കം ഡേറ്റ എൻട്രി ഓപ്പറേറ്റർ തസ്തികകൾ തസ്തികകൾ ആവശ്യമാണെന്ന് കണ്ടെത്തിയതിന്റെ അടിസ്ഥാനത്തിൽ ടി സ്റ്റാഫിന് ഏൽപ്പിക്കപ്പെട്ടിരിക്കുന്ന ജോലികളിൽ മേൽനോട്ടം വഹിക്കുന്നതും അവർ തയ്യാറാക്കുന്ന കുറിപ്പുകൾ, കത്തുകൾ, അക്കൗണ്ടുകൾ എന്നിവകളുടെ കൃത്യത നിയമങ്ങളുടേയും ചട്ടങ്ങളുടേയും അടിസ്ഥാനത്തിൽ പരിശോധിച്ച് ഉറപ്പ് വരുത്തി ഉയർന്ന ഉദ്യോഗസ്ഥർക്ക് സമർപ്പിക്കുന്നതും ഒരു സൂപ്പർവൈസറി തസ്തിക സൃഷ്ടിക്കേണ്ടത് ആവശ്യമായി കാണുന്നു. ആയതിനാൽ ആസ്ഥാന ഓഫീസിന്റെ സുഗമമായ പ്രവർത്തനത്തിനായി ഒരു ഹെഡ് ക്ലാർക്കിന്റെ തസ്തിക സൃഷ്ടിക്കാവുന്നതാണെന്ന് ശുപാർശ ചെയ്യുന്നു.ഈ തസ്തികയ്ക്ക് 27800 -59400 എന്ന ശമ്പള സ്കെയിൽ നൽകാവുന്നതാണ്

## 9.4 ഗ്രാഫിക് ഡിസൈനർ

യുവജനക്ഷേമ ബോർഡ് നടപ്പിലാക്കുന്ന വിവധ പ്രോഗ്രാമുകളുടെ ബ്രോഷർ, പോസ്റ്റർ, നോട്ടീസ്, സർട്ടിഫിക്കറ്റ്, പാംലെറ്റ്, ബോർഡ്, നവമാധ്യമ ഗ്രൂപ്പുകളിലേക്കുള്ള ക്ലിപ്പിംഗ്സുകൾ, ബോർഡ് പ്രസിദ്ധീകരിക്കുന്ന മാസികയുടെ ലേ ഔട്ട് & ഡിസൈനിംഗ് തുടങ്ങിയ ജോലികൾ നിർവ്വഹിച്ച് ബോർഡിന്റെ സുഗമമായ പ്രവർത്തനത്തിന് ഒരു ഗ്രാഫിക് ഡിസൈനറുടെ തസ്തിക ആവശ്യമാണെന്ന് പഠന സംഘം കണ്ടെത്തിയിട്ടുണ്ട്. അതിനാൽ ഒരു ഗ്രാഫിക് ഡിസൈനറുടെ തസ്തിക സൃഷ്ടിക്കാവുന്നതാണ്.ഈ തസ്തികയ്ക്ക് 29200-62400 എന്ന ശമ്പള സ്കെയിൽ നൽകാവുന്നതാണ്

## 9.5 പ്രോഗ്രാം കോ-ഓർഡിനേറ്റർ

കേരളോത്സവം പോലുള്ള ബോർഡിന്റെ ബൃഹത്തായ പരിപാടികൾ സംസ്ഥാന / ജില്ല / ഗ്രാമ തലങ്ങളിൽ സംഘടിപ്പിക്കുന്നവയാണ്. ഇത്തരം പരിപാടികൾ സമയബന്ധിതമായും കാര്യക്ഷമമായും നടപ്പിലാക്കുന്നതിന് ജനപ്രതിനിധികളുടേയും ഉദ്യോഗസ്ഥരുടേയും യുവ ക്ലബ്ബുകളുടേയും യൂത്ത് കോ-ഓർഡിനേറ്റർമാരുടേയും മറ്റും പങ്കാളിത്തം ഉറപ്പാക്കേണ്ടതുണ്ട്. പരിപാടികളുമായി ബന്ധപ്പെട്ട് യോഗങ്ങൾ, സമ്മേളനങ്ങൾ എന്നിവ സംഘടിപ്പിക്കേണ്ടതുണ്ട്. ഇത്തരം കാര്യങ്ങൾ നിർവ്വഹിച്ച് ബോർഡിന്റെ പ്രവർത്തനം സുഗമമാക്കുന്നതിന് ഒരു പ്രോഗ്രാം കോ-ഓർഡിനേറ്റർ ആവശ്യമാണ്. അതിനാൽ ഒരു പ്രോഗ്രാം കോ-ഓർഡിനേറ്റർ തസ്തിക സൃഷ്ടിക്കാവുന്നതാണ്.ഈ തസ്തികയ്ക്ക് 25200-54000 എന്ന ശമ്പള സ്കെയിൽ നൽകാവുന്നതാണ്

## 9.6 ക്ലാർക്ക് / ക്ലാർക്ക് കം ഡേറ്റ എൻട്രി ഓപ്പറേറ്റർ

ബോർഡിന്റെ ആസ്ഥാന ഓഫീസിലെ ക്ലറിക്കൽ തസ്തികകളിലെ ജോലിഭാര അപഗ്രഥനം നടത്തിയതിന്റെ അടിസ്ഥാത്തിൽ ക്ലറിക്കൽ ജോലികൾ നിർവ്വഹിക്കാൻ 4 തസ്തികകൾ ആവശ്യമാണ്. 'ക്ലാർക്ക് കം ഡേറ്റ എൻട്രി ഓപ്പറേറ്റർ' എന്ന തസ്തികയാണ് സർക്കാർ ബോർഡിന് അനുവദിച്ചിട്ടുള്ളത്. നിലവിൽ ആസ്ഥാന ഓഫീസിർ 6 ജിവനക്കാർ ക്ലാർക്ക് തസ്തികയിലും 2 ജിവനക്കാർ ക്ലാർക്ക് കം ഡേറ്റ എൻട്രി ഓപ്പറേറ്റർ തസ്തികയിലും കരാർ അടിസ്ഥാനത്തിൽ ജോലി നോക്കുന്നു. കേന്ദ്ര ഓഫീസിലെ ക്ലറിക്കൽ ജോലിഭാരം അപഗ്രഥനം നടത്തിയതിൽ ടി ഓഫീസിൽ 2 ക്ലാർക്ക് തസ്തികകളും 2 ക്ലാർക്ക് കം ഡേറ്റ എൻട്രി ഓപ്പറേറ്റർ തസ്തികകളും ചുവടെ പറയും വിധം ജോലി വിഭജനം നടത്തി അനുവദിക്കാവുന്നതാണ്.

## 9.6(1) ക്ലാർക്ക്

(1) ഹെഡ് ഓഫീസ് / ജില്ലാ യുവജന കേന്ദ്രങ്ങൾ / സാഹസിക അക്കാദമികൾ എന്നിവിടങ്ങളിടെ ജീവനക്കാരുടെ സേവന സംബന്ധമായ കാര്യങ്ങൾ.

(2) ഓഫീസ് വാഹനങ്ങൾ / ഹൗസ് കീപ്പിംഗ്, സ്റ്റഷനറി, സ്റ്റോക്ക്, ഫർണിച്ചർ

അറ്റകുറ്റപ്പണികൾ.

(3) നിയമസഭ സംബന്ധമായ കാര്യങ്ങൾ / വാർഷിക ഭരണ റിപ്പോർട്ട് തയ്യാറാക്കൽ.

(4) അക്കൗണ്ട് / ബഡ്ജറ്റ് / ഫണ്ട് അലോട്ട്മെന്റ് / ബാങ്ക് / ട്രഷറി വിഷയങ്ങൾ.

(5) ബോർഡ് ചെയർമാൻ / മെമ്പർ എന്നിവരുടെ ടി.എ., മറ്റ് അലവൻസുകൾ.

(6) മറ്റ് എസ്റ്റാബ്ലിഷ്മെന്റ് ജോലികൾ.

മേൽ വിവരിച്ച ജോലികൾ നിർവ്വഹിക്കുന്നതിനും സ്ഥാപനത്തിന്റെ സുഗമമായ പ്രവർത്തനത്തിനും 2 ക്ലാർക്ക് തസ്തികകൾ ബോർഡിന്റെ ആസ്ഥാന ഓഫീസിൽ സൃഷ്ടിക്കാവുന്നതാണ്. ഈ തസ്തികയിലേക്ക് നേരിട്ട് നിയമനം നടത്താവുന്നതാണ്. ക്ലാർക്ക് — സീനിയർ ക്ലാർക്ക് തസ്തികകളുടെ അനുപാതം 1:1 എന്ന് കണക്കാക്കേണ്ടതാണ്.ഈ തസ്തികയ്ക്ക് 19000-43600 എന്ന ശമ്പള സ്കെയിൽ നൽകാവുന്നതാണ്

## 9.6(2) ക്ലാർക്ക് കം ഡേറ്റ എൻട്രി ഓപ്പറേറ്റർ

(1) ബോർഡ് / എക്സിക്യൂട്ടീവ് കമ്മിറ്റി മിറ്റിംഗുകളുമായി ബന്ധപ്പെട്ട ജോലികൾ നിർവ്വഹിക്കുക.

(2) പ്രോജക്റ്റുകളുമായി ബന്ധപ്പെട്ട ഫയലുകൾ / രജിസ്റ്ററുകൾ കൈകാര്യം ചെയ്യുക.

(3) പ്രോഗ്രാമുകളുമായി ബന്ധപ്പെട്ട അക്കൗണ്ടുകൾ /ഡാറ്റാ എൻട്രി വർക്കുകൾ / ടൈപ്പ് റൈറ്റിംഗ് ജോലികൾ.

(4) യുവജനകാര്യ വകുപ്പ്, ജില്ലാ യുവജന ഓഫീസുകൾ, തദ്ദേശ സ്വയംഭരണ സ്ഥാവനങ്ങൾ എന്നിവയുമായി പ്രോഗ്രാം / പദ്ധതികൾ സംബന്ധിച്ച് ഫയൽ ജോലികൾ.

മേൽ പരാമർശിച്ചിട്ടുള്ള ജോലികൾ നിർവഹിക്കുന്നതിന് ആസ്ഥാന ഓഫീസിൽ 2 ക്ലാർക്ക് കം ഡാറ്റാ എൻട്രി ഓപ്പറേറ്റർ തസ്തികകൾ ആവശ്യമാണ്

ജില്ലാ യുവജന കേന്ദ്രങ്ങളിലെ ക്ലാർക്ക് കം ഡേറ്റ എൻട്രി ഓപ്പറേറ്റർ തസ്തികയിലെ ജോലിഭാര അപഗ്രഥനം അദ്ധ്യായം 8- ൽ നൽകിയിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ 14 ജില്ലാ യുവജന കേന്ദ്രങ്ങളിൽ ഓരോ ക്ലാർക്ക് കം ഡേറ്റ എൻട്രി ഓപ്പറേറ്റർ തസ്തിക അനുവദിക്കാവുന്നതാണ്. സ്ഥാന കയറ്റത്തിനുള്ള അവസരങ്ങൾ ലഭ്യമാക്കുന്നതിനായി 1:1 അനുപാതത്തിൽ പകുതി ക്ലാർക്ക് കം ഡേറ്റ എൻട്രി ഓപ്പറേറ്റർ തസ്തികകളെ സീനിയർ ക്ലാർക്ക് കം ഡേറ്റ എൻട്രി ഓപ്പറേറ്റർ എന്നി നാമകരണം ചെയ്യുന്നതിന്റെ പ്രായോഗികത ബോർഡ് പരിശോധിക്കേണ്ടതാണ്. യുവജനക്ഷേമ ബോർഡിൽ സർക്കാർ 2 ക്ലാർക്ക് കം ഡേറ്റ എൻട്രി ഓപ്പറേറ്റർ തസ്തിക സൃഷ്ടിച്ചിട്ടുള്ളതിനാൽ അതിന് പുറമേ 14 തസ്തികകൾ കൂടി പുതുതായി സൃഷ്ടിക്കാവുന്നതാണ്.ഈ തസ്തികയ്ക്ക് 18000-41500 എന്ന ശമ്പള സ്കെയിൽ നൽകാവുന്നതാണ്

## 9.7 ഡ്രൈവർ

യുവജനക്ഷേമ ബോർഡിൽ ഒരു അംഗീകൃത ഡ്രൈവർ തസ്തികയാണ് ഉള്ളത്. ബോർഡിന്റെ വൈസ് ചെയ്യമാൻ, മെമ്പർ സെക്രട്ടറി എന്നിവർക്കാണ് വാഹനം അനുവദിച്ചിട്ടുള്ളത്. നിലവിൽ ദിവസ വേതന വ്യവസ്ഥയിൽ ഡ്രൈവർമാരെ നിയമിച്ചിരിക്കുന്നു. ഓഫീസ് ആവശ്യങ്ങൾക്കായി കരാർ അടിസ്ഥാനത്തിൽ വാടകയക്കെടുത്ത് ഒരു വാഹനം കൂടി ഉപയോഗിക്കുന്നു. രണ്ട് വാഹനങ്ങൾ അനുവദിച്ചിട്ടുള്ളതിനാൽ നിലവിലെ അംഗീകൃത തസ്തികയ്ക്ക് പുറമെ ഒരു ഡ്രൈവർ തസ്തിക കൂടി അനുവദിക്കാവുന്നതാണ്. ബോർഡിന്റെ വിവിധ പരിപാടികൾ സംഘടിപ്പിക്കുന്നതിന്റെ ഭാഗമായുള്ള യാത്രകൾക്ക് ഓഫീസ് ജീവനക്കാർക്ക് വാഹനം ആവശ്യമാണെന്നതിനാൽ കരാർ വ്യവസ്ഥയിൽ വാഹനം വാടകയ്ക്കെടുത്ത് ഉപയോഗിക്കുന്ന നിലവിലെ രീതി തുടരാവുന്നതാണ്. ഒരു ഡ്രൈവർ തസ്തിക സൃഷ്ടിക്കുന്നതിന് പഠന സംഘം ശുപാർശ ചെയ്യുന്നു. ഈ തസ്തികയ്ക്ക് 18000-41500 എന്ന ശമ്പള സ്കെയിൽ നൽകാവുന്നതാണ്

## 9.8 ഓഫീസ് അറ്റൻഡന്റ്

കേന്ദ്ര ഓഫീസ് കൃത്യ സമയങ്ങളിൽ തുറക്കുക, അടയ്ക്കുക, ബാങ്ക്, പോസ്റ്റ് ഓഫീസ് ജോലികൾ നിർവ്വഹിക്കുക, പരിപാടികളുടെ ഭാഗമായി വിവിധ ഓഫീസുകളിൽ തപാലുകൾ എത്തിക്കുക, തപാൽ എൻട്രി, ഡെസ്പാച്ച് ജോലികൾ ചെയ്യുക, വിവിധ സെക്ഷനുകളിലെ ജോലികൾ നിർവ്വഹിക്കുക, വൈസ് ചെയർമാൻ, മെമ്പർ സെക്രട്ടറി തുടങ്ങിയവരെ അനുഗമിക്കുക, മിറ്റിംഗുകളുമായി ബന്ധപ്പെട്ട ജോലികൾ നിർവ്വഹിക്കുന്നതിന് കേന്ദ്ര ഓഫീസിൽ 2 ഓഫീസ് അറ്റൻഡന്റ് തസ്തികകൾ ആവശ്യമാണ്, ജില്ലാ യുവജന കേന്ദ്രങ്ങൾ തുറക്കുക, അടയ്ക്കുക, ബാങ്ക്, പോസ്റ്റാ ഓഫീസ് ജോലികൾ നിർവ്വഹിക്കുക, ജില്ലാ തലത്തിൽ നടക്കുന്ന പരിപാടികളുടെ ഭാഗമായി വിവിധ ഓഫീസികളിൽ തപാലുകൾ / നോട്ടീസുകൾ എത്തിക്കുക, പരിപാടിയുടെ വിജയത്തിനായി ജില്ലാ യൂത്ത് ഇൻഫർമേഷൻ ഓഫീസറുടെ നിർദ്ദേശങ്ങൾ അനുസരിച് പ്രവർത്തിക്കുക തുടങ്ങിയ ജോലികൾ നിർവ്വഹിക്കുന്നതിന് ജില്ലാ യുവജന കേന്ദ്രങ്ങളിൽ ഓരോ ഓഫീസ് അറ്റൻഡന്റ് തസ്തിക ആവശ്യമാണ്. അതുപോലെ ബോർഡിന്റെ ദേവികുളം, കണ്ണൂർ എന്നിവടങ്ങളിലെ ദേശീയ സാഹസിക അക്കാഡമികളുടെ സുഗമമായ പ്രവർത്തനത്തിനും ഓരോ ഓഫീസ് അറ്റൻഡന്റ് തസ്തിക അനിവാര്യമാണ്. അതിനാൽ ബോർഡിൽ ഇതിനകം സർക്കാർ അനുവദിച്ച ഒരു ഓഫീസ് അറ്റൻഡന്റ് തസ്തികക്ക് പുറമേ 17 ഓഫീസ് അറ്റൻഡന്റ് തസ്കികകൾ കൂടി പുതതായി സൃഷ്ടിക്കാവുന്നതാണ് ഈ തസ്തികയ്ക്ക് 16500-35700 എന്ന ശമ്പള സ്കെയിൽ നൽകാവുന്നതാണ്

## 9.9 എൽ.ഡി ടൈപ്പിസ്റ്റ്/യു.ഡി ടൈപ്പിസ്റ്റ്

യുവജനക്ഷേമ ബോർഡിൽ എൽ.ഡി ടൈപ്പിസ്റ്റിന്റെ ഒരു അംഗീകൃത തസ്തികയാണുള്ളത്. ടി തസ്തികയിൽ സർക്കാർ സ്ഥിര നിയമനം നടത്തിയിട്ടുണ്ട്.ആസ്ഥാന ഓഫീസിലെ ടൈപ്പിംഗ് ജോലികൾ നിർവ്വഹിക്കുന്നത് എൽ.ഡി.ടൈപ്പിസ്റ്റാണ്. ആസ്ഥാന ഓഫീസിലെ ടൈപ്പിംഗ് ജോലികൾ ക്ലാർക്ക് കം ഡാറ്റാ എൻട്രി ഓപ്പറേറ്റർമാർ കൂടി നിർവ്വഹിക്കുന്നതിനാൽ പുതുതായി എൽ.ഡി.ടൈപ്പിസ്റ്റ്/യു,ഡി ടൈപ്പിസ്റ്റ് തസ്തികകൾ സൃഷ്ടിക്കേണ്ടതില്ല എന്ന് പഠന സംഘം വിലയിരുത്തുന്നു.നിലവിലെ എൽ.ഡി ടൈപ്പിസ്റ്റ് തസ്തിക നില നിർത്താവുന്നതാണെന്ന് ശുപാർശ ചെയ്യുന്നു.

## 9.10 നൈറ്റ് വാച്ച്മാൻ

ബോർഡിന്റെ കേന്ദ്ര ഓഫീസിൽ നൈറ്റാവാച്ച്മാൻ അംഗീകൃന തസ്തികയിൽ കരാർ അടിസ്ഥാനത്തിൽ ഒരു ജീവനക്കാരൻ ജോലി നോക്കുന്നു. കേന്ദ്ര ഓഫീസിന്റെ പ്രവർത്തനത്തിന് ഒരു നൈറ്റ് വാച്ച്മാൻ തസ്തിക ആവശ്യമാണ്. നിലവിലെ തസ്തിക നിലനിർത്താവുന്നതാണ്. അതോടൊപ്പം ദേവികുളം ദേശീയ സാഹസിക അക്കാഡനിയുടെ സുരക്ഷയ്ക്കായി ഒരു നൈറ്റ് വാച്ച്മാനെ നിയമിക്കേണ്ട അത്യാവശ്യമാണെന്ന് കണ്ടെത്തിയിട്ടുള്ളതിനാൽ ഒരു നൈറ്റ് മാച്ച്മാൻ തസ്തിക ദേവികുളത്ത് സ്ഥിതി ചെയ്യുന്ന ദേശീയ സാഹസിക അക്കാഡമിയിൽ സൃഷ്ടിക്കാവുന്നതാണ്. ഈ തസ്തികയ്ക്ക് 16500-35700 എന്ന ശമ്പള സ്കെയിൽ നൽകാവുന്നതാണ്

## 9.11 പാർട്ട് ടൈം സ്വീപ്പർ

ബോർഡിന്റെ കേന്ദ്ര ഓഫീസിൽ കരാർ അടിസ്ഥാനത്തിൽ ഒരു പാർട്ട് ടൈം സ്വീപ്പർ ജോലി നോക്കുന്നു. യുവജന ക്ഷേമ ബോർഡിൽ 1 പാർട്ട് ടൈം സ്വീപ്പർ തസ്തികയാണ് അംഗീകൃതമായിട്ടുള്ളത്. ആഫീസിലെ സുഗമമായ പ്രവർത്തനത്തിന് ടി തസ്തിക ആവശ്യമാണ്. അതിനാൽ ടി തസ്തിക നിലനിർത്താവുന്നതാണ്.

**9.12 മറ്റ് തസ്തികകളായ ലൈബ്രറി കം റിസപ്ഷനിസ്റ്റ്, സീനിയൽ ഗ്രേഡ് ടൈപ്പിസ്റ്റ്, സ്വീപ്പർ കം ക്ലീനർ** എന്നീ തസ്തികകൾ നിലവിലുള്ള സാഹചര്യത്തിൽ യുവജനക്ഷേമ ബോർഡിന്റെ സുഗമമായ പ്രവർത്തനത്തിന് അവശ്യം വേണ്ടുന്ന തസ്തികകളല്ല എന്ന് പഠന സംഘം വിലയിരുത്തുന്നു. അതിനാൽ ടി തസ്തികകൾ സൃഷ്ടിക്കേണ്ടതില്ല എന്ന് ശുപാർശ ചെയ്യുന്നു.

**9.13 മുകളിൽ വിവരിച്ച ജോലിഭാര അപഗ്രഥന പ്രകാരം യുവജനക്ഷേമ ബോർഡിൽ ആവശ്യമായ തസ്തികകൾ ചുവടെ ടേബിളിൽ സൂചിപ്പിക്കുന്നു.**

പട്ടിക - 48

| ക്രമ നമ്പർ | തസ്തിക | എണ്ണം |
|---|---|---|
| 1 | മെമ്പർ സെക്രട്ടറി | 1 |
| 2 | ഡെപ്യൂട്ടി ഡയറക്ടർ | 1 |
| 3 | ഫിനാൻസ് ഓഫീസർ | 1 |
| 4 | പ്രോജക്ട് ഓഫീസർ | 1 |
| 5 | സ്പെഷ്യൽ ഓഫീസർ | 2 |
| 6 | സീനിയർ സൂപ്രണ്ട് | 1 |
| 7 | ജില്ലാ യൂത്ത് പ്രോഗ്രാം ഓഫീസർ | 14 |
| 8 | ജൂനിയർ പ്രോഗ്രാമർ | 1 |
| 9 | പ്രോഗ്രാം കോ ഓർഡിനേറ്റർ | 1 |
| 10 | ഗ്രാഫിക് ഡിസൈനർ | 1 |
| 9 | ഹെഡ് ക്ലാർക്ക് | 1 |
| 10 | ക്ലർക്ക് | 2 |
| 11 | ക്ലർക്ക് കം ഡാറ്റാ എൻട്രി ഓപ്പറേറ്റർ | 16 |
| 11 | എൽ.ഡി.ടൈപ്പിസ്റ്റ് | 1 |
| 12 | ഡ്രൈവർ | 2 |
| 13 | പ്യൂൺ | 18 |
| 14 | പാർട്ട് ടൈം സ്വീപ്പർ | 1 |
| 15 | നൈറ്റ് വാച്ച്മാൻ | 2 |
| | **ആകെ** | **67** |

## 9.13 (1) കേന്ദ്ര ആഫീസ്

പട്ടിക - 49

| ക്രമ നമ്പർ | തസ്തിക | എണ്ണം |
|---|---|---|
| 1 | മെമ്പർ സെക്രട്ടറി | 1 |
| 2 | ഡെപ്യൂട്ടി ഡയറക്ടർ | 1 |
| 3 | ഫിനാൻസ് ഓഫീസർ | 1 |
| 4 | പ്രോജക്റ്റ് ഓഫീസർ | 1 |
| 5 | സീനിയർ സൂപ്രണ്ട് | 1 |
| 6 | ജൂനിയർ പ്രോഗ്രാമർ | 1 |
| 7 | ഗ്രാഫിക് ഡിസൈനർ | 1 |
| 8 | ഹെഡ് ക്ലാർക്ക് | 1 |
| 9 | പ്രോഗ്രാം കോ ഓർഡിനേറ്റർ | 1 |
| 10 | ക്ലർക്ക് | 2 |
| 11 | ക്ലർക്ക് കം ഡാറ്റാ എൻട്രി ഓപ്പറേറ്റർ | 2 |
| 9 | എൽ.ഡി.ടൈപ്പിസ്റ്റ് | 1 |
| 10 | ഡ്രൈവർ | 2 |
| 11 | പ്യൂൺ | 2 |
| 12 | പാർട്ട് ടൈം സ്വീപ്പർ | 1 |
| 13 | നൈറ്റ് വാച്ച്മാൻ | 1 |
| | **ആകെ** | **20** |

## 9.13 (2) ജില്ല യുവജനക്ഷേമ ഓഫീസ്

പട്ടിക - 50

| ക്രമ നമ്പർ | തസ്തിക | എണ്ണം |
|---|---|---|
| 1 | യൂത്ത് പ്രോഗ്രാം ഓഫീസർ | 14 |
| 2 | ക്ലർക്ക് / സീനിയർ ക്ലർക്ക് കം ഡാറ്റാ എൻടി ഓപ്പറേറ്റർ | 14 |
| 3 | ഓഫീസ് അറ്റൻഡന്റ് | 14 |
| | **ആകെ** | **42** |

## 9.13 (3) സാഹസിക അക്കാദമി

പട്ടിക - 51

| ക്രമ നമ്പർ | തസ്തിക | എണ്ണം |
|---|---|---|
| 1 | സ്പെഷ്യൽ ഓഫീസർ | 2 |
| 2 | ഓഫീസ് അറ്റൻഡന്റ് | 2 |
| 3 | നൈറ്റ് വാച്ച്മാൻ | 1 |
| | **ആകെ** | **5** |

## 9.13 (4) നിലവിലുള്ള അംഗീകൃത തസ്തികകൾക്ക് പുറമെ അധികമായി സൃഷ്ടിക്കപ്പെടേണ്ട തസ്തികകൾ ചുവടെ കൊടുക്കുന്നു.

പട്ടിക - 52

| ക്രമ നമ്പർ | തസ്തിക | എണ്ണം |
|---|---|---|
| 1 | ഗ്രാഫിക് ഡിസൈനർ | 1 |
| 2 | ഹെഡ് ക്ലാർക്ക് | 1 |
| 3 | പ്രോഗ്രാം കോ ഓർഡിനേറ്റർ | 1 |
| 4 | ക്ലർക്ക് | 2 |

| | | |
|---|---|---|
| 5 | ക്ലർക്ക് കം ഡാറ്റാ എൻട്രി ഓപ്പറേറ്റർ | 14 |
| 6 | ഡ്രൈവർ | 1 |
| 7 | ഓഫീസ് അറ്റൻഡന്റ് | 17 |
| 8 | നൈറ്റ് വാച്ച്മാൻ | 1 |
| | **ആകെ** | **38** |

–

# അദ്ധ്യായം 10

## അഭിലഷണീയ പ്രോഗ്രാമുകൾ

### 10.1 ആമുഖം

മെമ്മോറാണ്ടം & ആർട്ടിക്കിൾസ് ഓഫ് അസോസിയേഷൻ അദ്ധ്യായം IV ഐറ്റം 16-ൽ ക്ഷേമ-വികസന പ്രവർത്തനങ്ങളെക്കുറിച്ച് പ്രതിപാദിക്കുന്നു. ഇതിൻ പ്രകാരം, മെമ്മോറാണ്ടം ഓഫ് അസോസിയേഷനിൽ പ്രതിപാദിക്കുന്ന ഉദ്ദേശ്യ ലക്ഷ്യങ്ങളുടെ സാക്ഷാത്ക്കരണത്തിനായി ക്ഷേമ-വികസനപദ്ധതികൾ ആവിഷ്കരിക്കേണ്ടതും ഈ പദ്ധതികൾ നടപ്പിലാക്കാനുദ്ദേശിക്കുന്ന സാമ്പത്തിക വർഷത്തിന്റെ തൊട്ട് മുമ്പത്തെ സാമ്പത്തിക വർഷത്തിന്റെ അവസാനപാദത്തിൽ തന്നെ ആസൂത്രണം ചെയ്യേണ്ടതുമാണ്. കേരള സംസ്ഥാന യുവജനക്ഷേമ ബോർഡിന്റെ ക്ഷേമ-വികസന പ്രവർത്തനങ്ങളിൽ താഴെപ്പറയുന്ന പ്രോഗ്രാമുകൾ ഉൾപ്പെടുത്തേണ്ടതാണ്.

### 10.2 ശേഷി വർദ്ധിപ്പിക്കൽ (Capacity Building Programmes)

ഓരോ പ്രാദേശിക മേഖലയിലെയും യുവജനങ്ങളെ പങ്കെടുപ്പിച്ചുകൊണ്ട് അവരുടെ കഴിവുകളെ മെച്ചപ്പെടുത്തുന്നതിനും, ആത്മവിശ്വാസം നൽകുന്നതിനും ശേഷി വർദ്ധിപ്പിക്കൽ പരിപാടികൾ നടത്തേണ്ടതാണ്. ഇത്തരം പ്രോഗ്രാമുകൾ പ്രാദേശിക ചുറ്റുപാടിൽ വച്ചുതന്നെ നടത്തുന്നത് ഗ്രാമീണ മേഖലകളിലെ യുവജനങ്ങളുടെ പങ്കാളിത്തം വർദ്ധിപ്പിക്കാൻ സഹായിക്കും.

**10.3 നൈപുണ്യ പരിശീലനവും മാർഗ്ഗനിർദ്ദേശവും** - ഓരോ ജില്ലയിലെയും മികവ് പുലർത്തുന്ന യൂത്ത് ക്ലബ്ബുകളിൽ നിന്നും തെരഞ്ഞെടുക്കപ്പെടുന്ന ക്ലബ്ബ് അംഗങ്ങൾക്ക് കേരള അക്കാഡമി ഓഫ് സ്കിൽ എക്സലൻസ് (KASE) അഡിഷണൽ സ്കിൽ അക്യുസിഷൻ പ്രോഗ്രാം (ASAP) എന്നിവയുമായി സഹകരിച്ച് നൈപുണ്യ പരിശീലനം നൽകേണ്ടതാണ്. **സർക്കാർ ഏജൻസികൾ നടത്തുന്ന നൈപുണ്യ വികസന കോഴ്സുകളിൽ പങ്കെടുക്കുന്ന യൂത്ത് ക്ലബ് അംഗങ്ങൾക്ക് ഫീസ് ഇളവ് നൽകുന്ന കാര്യം യുവജന കാര്യ വകുപ്പ് വ്യവസായ, തൊഴിൽ തുടങ്ങിയ വകുപ്പുകളുമായി കൂടിയാലോചിച്ച് തീരുമാനമെടുക്കേണ്ടതാണ്.** യുവജനങ്ങളെ യൂത്ത് ക്ലബ്ബുകളിലേക്ക് ആകർഷിക്കുന്നതിനായി സഹായിക്കുന്ന വിഷയങ്ങളിൽ സർക്കാർ നയപരമായ തീരുമാനമെടുക്കേണ്ടതാണ്.

### 10.4 തൊഴിൽ പരിശീലനം

സർക്കാർ / സ്വകാര്യ ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ടുകളുമായി ചേർന്ന് യുവജന ക്ഷേമ ബോർഡ് യുവതക്കായി തൊഴിൽ പരിശീലന പരിപാടികൾ സംഘടിപ്പിക്കേണ്ടതാണ്.

### 10.5 സംരംഭകത്വം

സംരംഭകത്വ അവസരങ്ങളെക്കുറിച്ചുള്ള അറിവില്ലായ്മ, പ്രോത്സാഹനത്തിന്റെ അഭാവം എന്നിവയാണ് സംരംഭകത്വം നേരിടുന്ന അടിസ്ഥാന പ്രശ്നങ്ങൾ. സംരഭകത്വത്തിൽ

വിജയിച്ച വ്യക്തികളെ യുവജനങ്ങൾക്ക് പരിചയപ്പെടുത്തുകയും അവർക്ക് പ്രചോദനം നൽകുകയും ചെയ്യുക. സംരഭകത്വത്തിന് അനുയോജ്യമായ സാഹചര്യം സൃഷ്ടിക്കുന്നതിനായി സമാന മേഖലയിൽ പ്രവർത്തിക്കുന്ന ഏജൻസികളുമായി ചേർന്ന് ബോർഡ് പ്രവർത്തിക്കേണ്ടതാണ്.

## 10.6 വിദ്യാഭ്യാസം

- വിവിധ വിഷയങ്ങളെ സംബന്ധിച്ച് സെമിനാറുകൾ , ചർച്ചകൾ നടത്തുക.
- യൂത്ത് ക്ലബ്ബുകൾ വഴി, ക്വിസ്, സാഹിത്യ മൽസരങ്ങൾ സംഘടിപ്പിക്കുക.
- പ്രാദേശിക മേഖലകളിൽ നിന്നും വിവിധ പരീക്ഷകളിൽ ഉന്നത വിജയം കരസ്ഥമാക്കുന്നവരെ ആദരിക്കുക.
- യുവജനങ്ങൾ അഭിമുഖീകരിക്കുന്ന മാനസിക സംഘർഷങ്ങൾ ഉണ്ടാക്കുന്ന പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിനായി ജില്ലാ മാനസികാരോഗ്യ കേന്ദ്രങ്ങളുമായി സഹകരിച്ച് മാസംതോറും ജില്ലാ തലത്തിൽ കൗൺസിലിംഗ് നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.
- യുവത്വപരിപോഷണവുമായി ബന്ധപ്പെട്ട ഉന്നത വിദ്യാഭ്യാസതലങ്ങളിൽ രൂപീകരിച്ചിട്ടുള്ള സമിതികളിൽ യുവജനക്ഷേമ ബോർഡിന്റെ പ്രതിനിധിയെ ഉൾപ്പെടുത്തുന്ന കാര്യം ഉന്നത വിദ്യാഭ്യാസ വകുപ്പുമായി ആലോചിച്ച് തീരുമാനമെടുക്കേണ്ടതാണ്.

## 10.7 നാടൻ കലകളുടെ പരിപോഷണം

നാടൻ കലകളുടെ പരിപോഷണത്തിനായി നാടൻ കലാരൂപങ്ങളെയും വിവിധ സംസ്ഥാനങ്ങളിലെ കലാരൂപങ്ങളെയും പുതുതലമുറയ്ക്ക് പരിചയപ്പെടുത്തേണ്ടതാണ്. വിസ്മൃതിയിലാണ്ടിരിക്കുന്ന നാടൻ കലാരൂപങ്ങൾ കണ്ടെത്തി യുവക്ലബ്ബുകൾ വഴി ഇത്തരം കലാരൂപങ്ങൾ പുനരുജ്ജീവിപ്പിക്കുവാനും ആധുനിക മുഖം നൽകുവാനും ബോർഡിന് കഴിയണം.

1. നാടൻ കലകളുടെ പുനരുജ്ജീവനം - സംഗീത വാദ്യോപകരണങ്ങൾ ക്ലബ്ബുകൾക്ക് നൽകുവാൻ കഴിയണം.
2. നാടൻ കലകളിൽ പ്രാവീണ്യം നേടുന്നതിനായി അവസരം നൽകുക.
3. നാടൻ കലകളുടെ അവതരണത്തിനായി വേദികൾ ഒരുക്കുക. ടൂറിസം മേഖലകളിൽ 'യുവജനക്ഷേമ ബോർഡ് സ്പോൺസേർഡ്' എന്ന ലേബലിൽ പ്രോഗ്രാമുകൾ അവതരിപ്പിക്കുവാൻ ക്ലബ്ബുകൾക്ക് അവസരം നൽകുക.
4. ടൂറിസം മേഖലകളിൽ ക്ലബ്ബുകളുടെ പ്രവർത്തനം ഊർജ്ജിതപ്പെടുത്തുക.
5. ടൂറിസം മേഖലകളിലെ പരിസ്ഥിതി മലിനീകരണം തടയുന്നതിനായുള്ള പ്രവർത്തനങ്ങളിൽ എർപ്പെടാൻ ക്ലബ്ബുകളെ സജ്ജരാക്കുക.

## 6. 10.8 കായിക വികസനം

കായിക വികസനവുമായി ബന്ധപ്പെട്ട് യൂത്ത് വെൽഫയർ ബോർഡ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായി ചേർന്ന് പ്രവർത്തിക്കേണ്ടതാണ്. അടിസ്ഥാന സൗകര്യങ്ങളുടെ അഭാവമാണ് കായിക വികസനത്തിന് നേരിടുന്ന ഏറ്റവും വലിയ വെല്ലുവിളി. അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കാതെ യുവജനങ്ങളെ സ്പോർട്സിലേക്ക് ആകർഷിക്കാൻ കഴിയുകയില്ല. *ഓരോ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയും അധികാര പരിധിയിൽ ഒരു കളിസ്ഥലമെങ്കിലും നിർമ്മിക്കണ്ടതിന്റെ ആവശ്യകത യുവജന കാര്യ വകുപ്പ് വിലയിരുത്തേണ്ടതാണ്.*

## 10.9 സാമൂഹ്യ വികസന പരിപാടികൾ

- യുവതയുമായി ബന്ധപ്പെട്ട് സമകാലിക കേരളം അഭിമുഖീകരിക്കുന്ന മദ്യപാനം, മയക്കുമരുന്ന് ഉപയോഗം, പുകവലി, സ്ത്രീധനം എന്നിവയുമായി ബന്ധപ്പെട്ട് ബോധവൽക്കരണ ക്യാമ്പയിനുകൾ സംഘടിപ്പിക്കുക.

- അനഭിലഷണീയമായ പ്രവൃത്തികളിൽ ഏർപ്പെടുന്നതിൽ നിന്നും യുവതയെ നിരുത്സാഹപ്പെടുത്തുന്നതിനുവേണ്ടി പദ്ധതികൾ ആവിഷ്ക്കരിക്കേണ്ടതാണ്. ലഹരി ഉപയോഗവും വിപണനവുമായി ബന്ധപ്പെട്ട കുറ്റകൃത്യങ്ങളിൽ ഉൾപ്പെട്ട 35 വയസ്സിൽ താഴെ പ്രായമുള്ള യുവാക്കളുടെ ഡാറ്റ Excise/Police വകുപ്പുകളുടെ സഹായത്തോടെ ബോർഡ് ശേഖരിക്കേണ്ടതാണ്. ഇത്തരം കേസുകൾ കൂടുതലായി റിപ്പോർട്ട് ചെയ്യപ്പെടുന്ന പ്രദേശങ്ങൾ കേന്ദ്രീകരിച്ച് ആശാസ്യമല്ലാത്ത പ്രവൃത്തികൾ തടയുന്നതിനുള്ള പ്രവർത്തനങ്ങൾ നടത്തേണ്ടതാണ്.

- ലഹരിപദാർത്ഥങ്ങളുടെ ദുരുപയോഗം തടയുന്നതിനായി എക്സൈസ് വകുപ്പുമായി ചേർന്ന് ലഹരിവിരുദ്ധ ക്യാമ്പയിൻ സംഘടിപ്പിക്കുക.

- ലഹരി ദുരുപയോഗം പോലെതന്നെ യുവാക്കളിലെ മറ്റ് കുറ്റകൃത്യങ്ങളെ സംബന്ധിച്ച് വിവരശേഖരണം നടത്തേണ്ടതും ഇത്തരം കുറ്റകൃത്യങ്ങളെ പ്രതിരോധിക്കാൻ ബോർഡിന് ചെയ്യാൻ കഴിയുന്ന സാദ്ധ്യമായ മാർഗ്ഗങ്ങൾ അപഗ്രഥനം ചെയ്യേണ്ടതുമാണ്.

- സ്കൂൾ/കോളേജുകളിൽ ഡിപ്പാർട്ട്മെന്റ് തലത്തിൽ ലഹരി ദുരുപയോഗം തടയുന്നതിന് സെൽ രൂപീകരിക്കേണ്ടതാണ്. ഇതിനായി പൊതുവിദ്യാഭ്യാസ വകുപ്പ്, ഉന്നത വിദ്യാഭ്യാസ വകുപ്പ് എന്നിവയുമായി യുവജനകാര്യവകുപ്പ് ചർച്ചചെയ്യേണ്ടതാണ്. ഇത്തരത്തിൽ രൂപീകരിക്കുന്ന സെല്ലിന് പര്യാപ്തമായ പരിപാടികൾ ബോർഡ് ആവിഷ്ക്കരിക്കേണ്ടതും മാർഗ്ഗനിർദ്ദേശങ്ങൾ നൽകുകയും ചെയ്യണം.

## 10.10 അതിജീവന ശേഷി വികസനം

ജീവന് ഭീഷണി ഉയർത്തുന്ന സാഹചര്യങ്ങളെ അതിജീവിക്കുന്നതിനുള്ള പരിശീലന സംവിധാനം യുവതക്കായി ആവിഷ്ക്കരിക്കേണ്ടതാണ്. ഇത്തരം പരിശീലനങ്ങൾ, ഫയർ

ഫോഴ്സ്, ജലവിഭവ വകുപ്പുകളുടെ സഹായത്തോടെ നടത്തുന്ന കാര്യം വകുപ്പ് പരിഗണിക്കേണ്ടതാണ്.

## 10.11 കൃഷി

- കൃഷി വകുപ്പുമായി സഹകരിച്ച് യൂത്ത് ക്ലബ്ബുകൾ വഴി വിത്തുകൾ, തൈകൾ എന്നിവ ഗ്രാമീണ പ്രദേശങ്ങളിൽ വിതരണം ചെയ്യാനും, സ്കൂൾ, കോളേജ്, സർക്കാർ സ്ഥാപനങ്ങൾ, അനുയോജ്യമായ പൊതു സ്ഥലങ്ങൾ എന്നിവിടങ്ങളിൽ വൃക്ഷത്തൈകൾ വച്ചു പിടിപ്പിച്ച് സംരക്ഷിക്കുന്നതിന് ആക്കം കൂട്ടുന്ന നിരന്തരമായ പ്രവർത്തനങ്ങൾ യൂത്ത് വെൽഫെയർ ബോർഡ് നടത്തേണ്ടതാണ്.

- യുവ കർഷകരെ ആദരിക്കുകയും അവരുടെ നേട്ടങ്ങൾ യുവത മാഗസിൻ/ഔദ്യോഗിക വെബ് സൈറ്റ് എന്നിവയിയുടെ പ്രചരിപ്പിക്കുന്നതിനുള്ള നടപടികൾ ബോർഡ് സ്വീകരിക്കണം.

- കൃഷി അധിഷ്ഠിത സംരഭകത്വത്തിൽ വിജയിച്ച വ്യക്തികളെ പരിചയപ്പെടുത്തുകയും കാർഷിക മേഖലയിൽ ഗവേഷണം ചെയ്യുന്ന വിദഗ്ധരെയും, കൃഷി വകുപ്പ് അധികൃതരെയും പങ്കെടുപ്പിച്ച് കൃഷിയുടെ സാദ്ധ്യതകളെക്കുറിച്ച് യുവജനങ്ങളെ ബോധവാൻമാരാക്കുവാൻ പ്രോഗ്രാമുകൾ സംഘടിപ്പിക്കണം.

## 10.12 ദുരന്ത നിവാരണം

ദുരന്ത നിവാരണമായി ബന്ധപ്പെട്ട് ഫയർ ഫോഴ്സുമായി സഹകരിച്ച് ഓരോ യൂത്ത് ക്ലബ്ബിൽ നിന്നും 5 പേർക്ക് വീതം വിദഗ്ധ പരിശീലനം നൽകേണ്ടതാണ്. സർക്കാർ ജീവനക്കാർക്കായി സംഘടിപ്പിക്കുന്ന സിവിൽ സർവീസ് ഗയിംസ്, കായിക മീറ്റുകൾ എന്നിവയിൽ ജീവനക്കാരിൽ നിന്നും മികച്ച പ്രാതിനിധ്യമാണുള്ളത്. ആയതിനാൽ സർക്കാർ സേവന മേഖലയിൽ നിന്നും യുവാക്കളായ ജീവനക്കാരെ ഉൾപ്പെടുത്തി ഇത്തരത്തിലുള്ള പരിശീലനം നൽകാൻ കഴിയുമോ എന്നത് വിലയിരുത്തേണ്ടതാണ്.

## 10.13 ആരോഗ്യം

രക്തദാന/അവയവദാന ക്യാമ്പയിനുകൾ, ശുചിത്വയജ്ഞങ്ങൾ സംഘടിപ്പിക്കുക. കേരളത്തിലെ യുവതയിലെ മരണനിരക്കിൽ ഏറ്റവും പ്രധാനപ്പെട്ട കാരണങ്ങൾ റോഡപകടങ്ങളും ആത്മഹത്യകളുമാണ്. മാനസിക പ്രശ്നങ്ങളാണ് പ്രധാനമായും ആത്മഹത്യയിലേക്ക് നയിക്കുന്നത്. ആരോഗ്യവകുപ്പുമായി ചേർന്ന് യുവജനങ്ങൾക്ക് പ്രാദേശിക തലത്തിൽ കൗൺസിലിംഗ് നൽകുന്നകാര്യം പരിശോധിക്കേണ്ടതാണ്.

## 10.14 പ്രകൃതി സംരക്ഷണം

പ്രകൃതി സംരക്ഷണ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്ന ക്ലബ്ബുകൾക്ക് ഇൻസെന്റീവ് നൽകണം. നദീതടങ്ങൾ, തീരപ്രദേശങ്ങൾ തുടങ്ങിയവയുടെ ശുചീകരണം പരിസ്ഥിതി ദിനത്തിൽ മാത്രം ചെയ്യുന്ന പ്രവൃത്തിയായി ചുരുങ്ങാതിരിക്കുവാൻ ശ്രദ്ധ പുലർത്തേണ്ടതാണ്. കൂടാതെ പരിസ്ഥിതി ദിനം, വനദിനം, ജലദിനം, ഭൗമദിനം എന്നിവ

ക്ലബ്ബ് തലത്തിൽ ആചരിക്കുക.

### 10.15 റോഡ് സുരക്ഷ

പോലീസ്, മോട്ടോർ വെഹിക്കിൾ വകുപ്പുകളുടെ സഹകരണത്തോടെ റോഡ് സുരക്ഷ സംബന്ധിച്ച് ബോധവൽക്കരണം, സെമിനാറുകൾ/ക്ലാസ്സുകൾ സംഘടിപ്പിക്കുക, അശ്രദ്ധ, അതിവേഗം എന്നിവ മൂലമുണ്ടാകുന്ന അപകടങ്ങളെ സംബന്ധിച്ച് ഡോക്യുമെന്ററി തയ്യാറാക്കുക.

# അധ്യായം 11

## കണ്ടെത്തലുകളും ശുപാർശകളും

### 11.1 ആമുഖം

ഭാവി വെല്ലുവിളികളെ നേരിടാൻ പര്യാപ്തമായ ആരോഗ്യപൂർണ്ണമായ യുവസമൂഹത്തെ വാർത്തെടുക്കുകയും, പാർശ്വവൽക്കരിക്കപ്പെട്ട യുവത്വത്തിന് നീതിപൂർവ്വമായ തുല്യ അവസരം ലഭ്യമാക്കാനും സർവ്വോപരി കേരളത്തിന്റെ സാമ്പത്തിക വളർച്ചയ്ക്ക് മഹത്തായ സംഭാവനകൾ നൽകാൻ കഴിയുന്ന ചാലക ശക്തിയായി യുവതയെ രൂപപ്പെടുത്തിയെടുക്കാനും കേരള സംസ്ഥാന യുവജനക്ഷേമ ബോർഡിന് കഴിയണം. അവസരങ്ങൾ ലഭ്യമാക്കിയാൽ മാത്രമേ ചലനാത്മകവും, കഴിവുറ്റതുമായ യുവതയെ സൃഷ്ടിക്കുവാൻ കഴിയൂ. ഇത്തരത്തിൽ യുവതയെ രൂപപ്പെടുത്തുന്നതിന് പര്യാപ്തമായ അവസരങ്ങൾ ലഭ്യമാക്കാൻ സംസ്ഥാന യുവജനക്ഷേമ ബോർഡ് തയ്യാറാകണം.

സൂപ്പർവൈസറി, ക്ലറിക്കൽ, ലാസ്റ്റ്ഗ്രേഡ്, പാർട്ട് ടൈം കണ്ടിൻജന്റ് എന്നീ വിഭാഗങ്ങളിലായി 29 അംഗീകൃത തസ്തികകളാണ് നിലവിൽ യുവജനക്ഷേമ ബോർഡിലുള്ളത്. ഇതു കൂടാതെ 80 തസ്തികകൾ കൂടി ഉൾപ്പെടുത്തിക്കൊണ്ടുള്ള കരട് റഗുലേഷനാണ് ബോർഡ് സർക്കാരിന്റെ അംഗീകാരത്തിനായി സമർപ്പിച്ചത്. പുതുതായി സൃഷ്ടിക്കുന്നതിനായി കണ്ടെത്തിയ തസ്തികകളുടെ ആവശ്യകത ബോർഡിന്റെ പ്രവർത്തന നിലവാരവുമായി താരതമ്യം ചെയ്ത് സാധുത വിലയിരുത്തുകയാണ് പഠനത്തിലൂടെ ലക്ഷ്യമിടുന്നത്. യുവജനക്ഷേമ ബോർഡിന്റെ സുഗമമായ പ്രവർത്തനത്തിന് മെമ്മോറാണ്ടം & ആർട്ടിക്കിൾസ് ഓഫ് അസോസിയേഷൻ, കേരള യുവജനനയം, ദേശീയ യുവജനനയം എന്നിവയിൽ പ്രതിപാദിക്കുന്ന വിധം സമഗ്രമായ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിന് പര്യാപ്തമായ ജീവനക്കാരുടെ എണ്ണമാണ് പഠനത്തിലൂടെ നിർണ്ണയിച്ചിരിക്കുന്നത്. സംസ്ഥാന യുവജനക്ഷേമ ബോർഡിന്റെ സുഗമമായ പ്രവർത്തനത്തിന് പര്യാപ്തമായ **അവശ്യ തസ്തികളുടെ എണ്ണം നിർണ്ണയിച്ചതിന്റെ സംക്ഷിപ്തം** ചുവടെ പട്ടികയിൽ ചേർക്കുന്നു.

പട്ടിക - 53

| ക്രമ നമ്പർ | തസ്തിക | എണ്ണം |
|---|---|---|
| 1 | മെമ്പർ സെക്രട്ടറി | 1 (അന്യത്രസേവനം) |
| 2 | ഡെപ്യൂട്ടി ഡയറക്ടർ | 1 (അന്യത്രസേവനം) |
| 3 | ഫിനാൻസ് ഓഫീസർ | 1 (അന്യത്രസേവനം) |
| 4 | പ്രോജക്ട് ഓഫീസർ | 1 |
| 5 | സ്പെഷ്യൽ ഓഫീസർ | 2 |
| 6 | സീനിയർ സൂപ്രണ്ട് | 1 (അന്യത്രസേവനം) |
| 7 | ജില്ലാ യൂത്ത് പ്രോഗ്രാം ഓഫീസർ | 14 |
| 8 | ജൂനിയർ പ്രോഗ്രാമർ | 1 |
| 9 | ഗ്രാഫിക് ഡിസൈനർ | 1 |
| 10 | ഹെഡ് ക്ലാർക്ക് | 1 |
| 11 | പ്രോഗ്രാം കോ -ഓർഡിനേറ്റർ | 1 |
| 12 | ക്ലർക്ക് | 2 |
| 13 | ക്ലർക്ക് കം ഡാറ്റാ എൻട്രി ഓപ്പറേറ്റർ | 16 |
| 14 | എൽ.ഡി.ടൈപ്പിസ്റ്റ് | 1 |
| 15 | ഡ്രൈവർ | 2 |
| 16 | പ്യൂൺ | 18 |
| 17 | പാർട്ട് ടൈം സ്വീപ്പർ | 1 |
| 18 | നൈറ്റ് വാച്ച്മാൻ | 2 |
| | **ആകെ** | **67** |

## 11.2 കേന്ദ്ര ആഫീസ്

പട്ടിക - 54

| ക്രമ നമ്പർ | തസ്തിക | എണ്ണം |
|---|---|---|
| 1 | മെമ്പർ സെക്രട്ടറി | 1 (അന്യത്രസേവനം) |
| 2 | ഡെപ്യൂട്ടി ഡയറക്ടർ | 1 (അന്യത്രസേവനം) |
| 3 | ഫിനാൻസ് ഓഫീസർ | 1 (അന്യത്രസേവനം) |
| 4 | പ്രോജക്ട് ഓഫീസർ | 1 |
| 5 | സീനിയർ സൂപ്രണ്ട് | 1 (അന്യത്രസേവനം) |
| 6 | ജൂനിയർ പ്രോഗ്രാമർ | 1 |
| 7 | ഗ്രാഫിക് ഡിസൈനർ | 1 |
| 8 | ഹെഡ് ക്ലാർക്ക് | 1 |
| 9 | പ്രോഗ്രാം കോ -ഓർഡിനേറ്റർ | 1 |
| 10 | ക്ലാർക്ക് | 2 |
| 11 | ക്ലർക്ക് കം ഡാറ്റാ എൻട്രി ഓപ്പറേറ്റർ | 2 |
| 9 | എൽ.ഡി.ടൈപ്പിസ്റ്റ് | 1 |
| 10 | ഡ്രൈവർ | 2 |
| 11 | പ്യൂൺ | 2 |
| 12 | പാർട്ട് ടൈം സ്വീപ്പർ | 1 |
| 13 | നൈറ്റ് വാച്ച്മാൻ | 1 |
| | **ആകെ** | **20** |

## 11.3 ജില്ല യുവജനക്ഷേമ ഓഫീസ് (14 എണ്ണം)

പട്ടിക - 55

| ക്രമ നമ്പർ | തസ്തിക | എണ്ണം |
|---|---|---|
| 1 | യൂത്ത് പ്രോഗ്രാം ഓഫീസർ | 14 |
| 2 | ക്ലർക്ക്/ സീനിയർ ക്ലർക്ക് കം ഡാറ്റാ എൻട്രി ഓപ്പറേറ്റർ | 14 |
| 3 | ഓഫീസ് അറ്റൻഡന്റ് | 14 |
| | **ആകെ** | **42** |

## 11.4 സാഹസിക അക്കാദമി

പട്ടിക -56

| ക്രമ നമ്പർ | തസ്തിക | എണ്ണം |
|---|---|---|
| 1 | സ്പെഷ്യൽ ഓഫീസർ | 2 |
| 2 | ഓഫീസ് അറ്റൻഡന്റ് | 2 |
| 3 | നൈറ്റ് വാച്ച്മാൻ | 1 |
| | **ആകെ** | **5** |

## 11.5 ശുപാർശകൾ

**1.സംസ്ഥാന യുവജന ബോർഡിന്റെ റൂൾസ് ആൻഡ് റെഗുലേഷൻസിൽ ജീവനക്കാരുടെ വിഭാഗത്തിൽ സർക്കാർ സൃഷ്ടിച്ചിട്ടുള്ള 29 തസ്തികകൾക്ക് പുറമേ ചുവടെ പറയുന്ന അധിക തസ്തികകൾ പുതുതായി ഉൾപ്പെടുത്തണമെന്ന് ശുപാർശ ചെയ്യുന്നു**

**അധികമായി സൃഷ്ടിക്കപ്പെടേണ്ട തസ്തികകൾ**

പട്ടിക - 57

| ക്രമ നമ്പർ | തസ്തിക | എണ്ണം |
|---|---|---|
| 1 | ഗ്രാഫിക് ഡിസൈനർ | 1 |
| 2 | ഹെഡ് ക്ലർക്ക് | 1 |
| 3 | പ്രോഗ്രാം കോ -ഓർഡിനേറ്റർ | 1 |
| 4 | ക്ലാർക്ക് | 2 |
| 5 | ക്ലർക്ക് കം ഡാറ്റാ എൻട്രി ഓപ്പറേറ്റർ | 14 |
| 6 | ഡ്രൈവർ | 1 |
| 7 | ഓഫീസ് അറ്റൻഡന്റ് | 17 |
| 8 | നൈറ്റ് വാച്ച്മാൻ | 1 |
| | **ആകെ** | **38** |

2. യുവജന ക്ഷേമ ബോർഡ് ദൈനംദിന കാര്യങ്ങൾ നിർവ്വഹിക്കുന്നതിനും യുവജന ക്ഷേമ പദ്ധതികൾ / പരിപാടികൾ നടപ്പിലാക്കുന്നതിനും കരാർ അടിസ്ഥാനത്തിലും ദിവസ വേതനാടിസ്ഥാനത്തിലും നിയമിതരായ താൽക്കാലിക ജീവനക്കാരെയാണ് ആശ്രയിച്ചുവരുന്നത്.ബോർഡിന് കീഴിലുള്ള ഓഫീസുകളിൽ 5 വർഷം മുതൽ 15 വർഷം വരെ സേവനമനുഷ്ഠിച്ചുവരുന്ന താൽക്കാലിക / കരാർ ജീവനക്കാരാണ് ഉള്ളത് .ഇവരുടെ അനുഭവ സമ്പത്ത് ഉപയോഗിച്ചാണ് നിലവിൽ പരിപാടികൾ സംഘടിപ്പിച്ചുവരുന്നത് .ഇവരിൽ ഭൂരിപക്ഷം ജീവനക്കാർക്കും ഇനി മറ്റൊരു ജോലിക്ക് അപേക്ഷിക്കാനുള്ള പ്രായപരിധിയും കഴിഞ്ഞവരാണ്. ഇവരുടെ വിദ്യാഭ്യാസ യോഗ്യത , സേവന കാലയളവ്, മറ്റ് ജോലികൾക്ക് അപേക്ഷിക്കാൻ കഴിയാത്ത സാഹചര്യം എന്നിവ പരിഗണിച്ച് നിലവിലുള്ള സർക്കാർ ഉത്തരവുകളുടെയും ബന്ധപ്പെട്ട സുപ്രീം കോടതി വിധിയുടെയും അടിസ്ഥാനത്തിൽ **ഇവരെ ബോർഡിൽ**

**സ്ഥിരപ്പെടുത്തണമെന്ന ആവശ്യത്തിന്മേൽ ബോർഡ് / ഭരണ വകുപ്പ് ഉചിതമായ തീരുമാനം കൈക്കൊള്ളേണ്ടതാണ്.**

3. യുവജന ക്ഷേമ ബോർഡിൽ 3 അംഗീകൃത തസ്തികകളിൽ സർക്കാർ സ്ഥിര നിയമനങ്ങൾ നടത്തിയിട്ടുണ്ട് . മൂന്ന് ജീവനക്കാരാണ് സ്ഥിര ജീവനക്കാരായി ബോർഡിലുള്ളത് . ഒമ്പതാം ശമ്പള പരിഷ്കരണം പ്രകാരമുള്ള ശമ്പളമാണ് ഇവർക്ക് ലഭിച്ചുവരുന്നത് .**പത്താം ശമ്പള പരിഷ്കരണം പ്രകാരമുള്ള ശമ്പളവും ആനുകൂല്യങ്ങളും ലഭ്യമാക്കുന്നതിനുള്ള നടപടികൾ ബോർഡ് അടിയന്തിരമായി സ്വീകരിക്കേണ്ടതാണ്**

**പ്രോഗ്രാമുകൾ**

4.യൂത്ത് വെൽഫെയർ ബോർഡിന്റെ പ്രോഗ്രാമുകൾ പ്രധാനമായും താഴെപ്പറയുന്ന തലങ്ങളിലുള്ളവയാണ്.

വ്യക്തിവികസന പരിപാടികൾ.
സാമൂഹ്യ വികസന പരിപാടികൾ
ബോധവൽക്കരണ പരിപാടികൾ
വിദ്യാഭ്യാസ പരിപാടികൾ
ആരോഗ്യം, ശുചിത്വം
കൃഷി സംബന്ധമായ പരിപാടികൾ
തൊഴിൽ, വരുമാനം സൃഷ്ടിക്കൽ
ദുരന്തനിവാരണ പരിപാടികൾ
പരിസ്ഥിതി സംരക്ഷണ പരിപാടികൾ

മേൽ വിവരിച്ച തലങ്ങളിലുള്ള പ്രോഗ്രാമുകൾ ക്ലബ്ബ് തലത്തിലും (തെരഞ്ഞെടുത്ത ക്ലബ്ബുകൾ), പഞ്ചായത്ത്/നഗരസഭ തലത്തിലും നിർബന്ധമായും നടത്തപ്പെടേണ്ടതാണ്.

**5.** പ്രോഗ്രാമുകളുടെ എണ്ണം നിശ്ചയിക്കുന്നതിന് താഴെപ്പറയുന്ന ഘടകങ്ങളുടെ അടിസ്ഥാനത്തിലായിരിക്കണം:

| ക്രമ നമ്പർ | ഘടകങ്ങൾ |
|---|---|
| i | പ്രോഗ്രാമിന്റെ കാലദൈർഘ്യം |
| ii | ജില്ല അടിസ്ഥാനത്തിൽ പ്രോഗ്രാം നടത്തപ്പെടുന്ന തദ്ദേശസ്വയംഭരണ മേഖല / ക്ലബ്ബുകളുടെ എണ്ണം |
| iii | ഓരോ പ്രോഗ്രാം നടത്തിപ്പിനായും പ്രോഗ്രാം ഓഫീസർക്ക് ആവശ്യമായ ഫീൽഡ് സന്ദർശനങ്ങളുടെ എണ്ണം |
| iv | പ്രോഗ്രാമിന് മുന്നോടിയായി തദ്ദേശസ്വയംഭരണസ്ഥാപന അധികൃതർ, എൻ. ജി. ഒ കൾ, സാമൂഹ്യ സാംസ്കാരിക പ്രവർത്തകർ തുടങ്ങിയവരുമായി വേണ്ടിവരുന്ന ചർച്ചകൾ, മീറ്റിംഗുകൾ എന്നിവയുടെ ഏകദേശ എണ്ണം |

**6.** ചുവടെചേർക്കുന്ന ദിനാചരണങ്ങൾ ക്ലബ്ബ് തലത്തിലും (തെരഞ്ഞെടുത്ത ക്ലബ്ബുകൾ), പഞ്ചായത്ത്/ നഗരസഭ തലത്തിലും നിർബന്ധമായും നടത്തപ്പെടേണ്ടതാണ്.

1. ജനുവരി 12 - ദേശീയ യുവജനദിനം
2. മാർച്ച് 8 - അന്താരാഷ്ട്ര വനിതാദിനം
3. മാർച്ച് 21 - വനദിനം
4. എപ്രിൽ 7 - ലോകാരോഗ്യദിനം
5. മെയ് 31 - ലഹരി വിരുദ്ധ ദിനം
6. ജൂൺ 5 - പരിസ്ഥിതി ദിനം
7. ആഗസ്റ്റ് 29 - ദേശീയ കായികദിനം.
8. ഡിസംബർ 1 - എയ്ഡ്സ് ദിനം

**7.** യൂത്ത് ക്ലബ്ബുകൾ യുവജനക്ഷേമ ബോർഡ് മുഖാന്തിരം പ്രോഗ്രാമുകൾ അവതരിപ്പിക്കുമ്പോൾ ബന്ധപ്പെട്ട പ്രോഗ്രാം ഓഫീസർ, യൂത്ത് കോ - ഓർഡിനേറ്റർ എന്നിവരുടെ സാന്നിദ്ധ്യം നിർബന്ധമായും ഉണ്ടായിരിക്കേണ്ടതാണ്.

**8** ബോർഡിന്റെ പ്രോഗ്രാമുകൾ നടപ്പിലാക്കുന്നതിനായി കൃത്യമായ ആക്ഷൻ പ്ലാൻ ഉണ്ടായിരിക്കേണ്ടതും ആക്ഷൻ പ്ലാനിൽ താഴെ പറയുന്നവ ഉൾപ്പെടുത്തേണ്ടതുമാണ്.

a) ഓരോ പ്രോഗ്രാമിന്റെയും വിവിധ ഇനങ്ങളിൽ , ചെലവഴിക്കാവുന്ന പരമാവധി തുക നിശ്ചയിച്ചുകൊണ്ട് ചെലവഴിക്കുന്ന തുകയ്ക്ക് നിയന്ത്രണം ഏർപ്പെടുത്തണം.

b) ഓരോ പ്രോഗ്രാമിനും നിശ്ചിത എണ്ണം ഗുണഭോക്താക്കളെ പങ്കെടുപ്പിക്കണം എന്ന കർശന നിർദ്ദേശം യൂത്ത് പ്രോഗ്രാം ഓഫീസർക്ക് നൽകണം.

**കേരളോത്സവം**

**9** കേരളോത്സവത്തിൽ പങ്കെടുക്കുന്ന ഓരോ യുവതയേയും അവർ വസിക്കുന്ന പ്രദേശത്തെ യൂത്ത് ക്ലബ്ബുകളുമായി ബന്ധിപ്പിച്ചുകൊണ്ട് മത്സരാർത്ഥികളെ യൂത്ത് ക്ലബ്ബുകളുടെ ഭാഗമാക്കണം.

**10** കേരളോത്സവത്തിൽ പ്രാതിനിധ്യം വർദ്ധിപ്പിക്കുന്നതിനായി നിശ്ചിത എണ്ണം മത്സരാർത്ഥികളെ പങ്കെടുപ്പിക്കുന്ന യൂത്ത് ക്ലബ്ബുകൾക്ക് പ്രൈസ് മണി

ഏർപ്പെടുത്തണം.

11 ഗ്രാമ/നഗര പ്രദേശങ്ങളിലെ വിവിധ കഴിവുകളുള്ള യുവജനങ്ങളെ കേരളോത്സവത്തിൽ പങ്കെടുപ്പിക്കുന്നതിലേക്കായി, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി ചേർന്ന് കേരളോത്സവത്തിന്റെ പ്രചാരണം ശക്തമാക്കണം

**പ്രോഗ്രാം നിർവ്വഹണം**

**12.** യുവജനക്ഷേമ ബോർഡ് മുഖാന്തിരം നടത്തപ്പെടുന്ന പ്രോഗ്രാമുകളുടെ പ്രസക്തഭാഗങ്ങൾ ഉൾക്കൊള്ളിച്ചുള്ള വീഡിയോ ക്ലിപ്പുകൾ പ്രോഗ്രാമിന്റെ വിജയം വിലയിരുത്തുന്നതിനായി നിർബന്ധമാക്കണം. വിഡിയോ ക്ലിപ്പുകൾ അപ്-ലോഡ് ചെയ്യുന്നതിനായി കേന്ദ്ര ഓഫീസ് തലത്തിൽ ഒരു സോഷ്യൽ മീഡിയ പ്ലാറ്റ്ഫോം ആരംഭിക്കണം.

**13.** ഓരോ പ്രോഗ്രാമിന്റെയും പങ്കാളികളുടെ / ഗുണഭോക്താക്കളുടെ കൃത്യമായ വിവരങ്ങൾ ജില്ലാ ഓഫീസിൽ സൂക്ഷിക്കണം.

**14.** കേന്ദ്രാധിഷ്ഠിത പ്രോഗ്രാം ആസൂത്രണത്തിലുപരിയായി യൂത്ത് പ്രോഗ്രാം ഓഫീസർമാരുടെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ നിശ്ചിത എണ്ണം പ്രോഗ്രാമുകൾ ഓരോ ജില്ലയിലെയും നടത്തേണ്ടതാണ്.

**ജില്ലാ യൂത്ത് പ്രോഗ്രാം ഓഫീസർ**

**15.** ജില്ലാ യൂത്ത് പ്രോഗ്രാം ഓഫീസറുടെ കർത്തവ്യങ്ങളും ചുമതലകളും താഴെപ്പറയും പ്രകാരം പുനർനിർവ്വചിക്കേണ്ടതാണ്.

പട്ടിക - 58

| ക്രമ നമ്പർ | ചുമതല |
|---|---|
| 1 | വിവിധ സർക്കാർ വകുപ്പുകളുടെയും, ഏജൻസികളുടെയും യുവജനശാക്തീകരണ പദ്ധതികളെക്കുറിച്ചുള്ള വിവരങ്ങൾ ശേഖരിക്കുകയും അത് യുവജനങ്ങളിലേക്ക് എത്തിക്കുകയും ചെയ്യുക |
| 2 | യുവതയുമായി ബന്ധപ്പെട്ട തൊഴിൽ അവസരങ്ങൾ, ആരോഗ്യ പദ്ധതികൾ, കൃഷി സംബന്ധമായ പദ്ധതികൾ എന്നിവയെക്കുറിച്ച് അറിവ് നൽകുക. |
| 3 | യൂത്ത് ക്ലബ്ബുകളെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമയി ലിങ്ക് ചെയ്യുന്ന കണ്ണിയായി പ്രവർത്തിക്കുക. |

| | |
|---|---|
| 4 | ആശയ വിനിമയം, പ്രശ്ന പരിഹാരം, വ്യക്തി ബന്ധങ്ങൾ രൂപപ്പെടുത്തൽ എന്നിവയിൽ യുവതയ്ക്ക് പരിശീലനം നൽകുക. |
| 5 | യുവതയുമായി ബന്ധപ്പെട്ട് തദ്ദേശ സ്വയംഭരണ വകുപ്പ്, സാമൂഹ്യ നീതി വകുപ്പ്, പട്ടികജാതി പട്ടിക വർഗ്ഗ വകുപ്പ് തുടങ്ങിയ വകുപ്പുകൾ ആവിഷ്കരിക്കുന്ന പദ്ധതികളുടെ വിവിധ ഘട്ടങ്ങളിൽ യുവജനക്ഷേമ ബോർഡിന്റെ പങ്കാളിത്തം ഉറപ്പുവരുത്തുന്നതിനായുള്ള നടപടികൾ സ്വീകരിക്കുക |
| 6 | അടിസ്ഥാന സൗകര്യങ്ങളുടെ അഭാവം മൂലം പ്രതിസന്ധി നേരിടുന്ന യൂത്ത് ക്ലബ്ബുകൾക്ക് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കി നൽകാൻ ശ്രമിക്കുക. |
| 7 | ഓരോ യൂത്ത് ക്ലബ്ബുകളുടേയും പ്രവർത്തനത്തെക്കുറിച്ച് വ്യക്തമായ അവബോധം ഫീൽഡ് വിസിറ്റിലൂടെ പ്രോഗ്രാം ഓഫീസർമാർ നേടേണ്ടതാണ്. |
| 8 | യൂത്ത് ക്ലബ്ബുകളുടെ ശക്തിയും, ദൗർബല്യവും മനസ്സിലാക്കി ഏത് മേഖലയിൽ (ശാസ്ത്രം, സാഹിത്യം, കല, കായികം etc.) ആണ് മികച്ച പ്രവർത്തനം കാഴ്ചവയ്ക്കാൻ കഴിയുന്നത് എന്ന ബോദ്ധ്യത്തിന്റെ അടിസ്ഥാനത്തിൽ പ്രോഗ്രാമുകൾ സെലക്ടീവായി ക്ലബ്ബുകൾക്ക് നൽകേണ്ടതാണ്. |

## സാഹസിക അക്കാദമി

**16.** താഴെപ്പറയുന്ന കാരണങ്ങൾ മുൻനിർത്തി സാഹസിക അക്കാദമിയുടെ പ്രവർത്തനം പൂർണ്ണമായി യൂത്ത് ക്ലബ്ബ് അധിഷ്ഠിതമായി നടത്തേണ്ടതാണ്.

- യൂത്ത് ക്ലബ്ബ് അംഗങ്ങൾക്ക് പ്രചോദനം നൽകുന്നതിനും ക്ലബ്ബുകളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനും സൗജന്യമായി നടത്തപ്പെടുന്ന സാഹസിക പരിപാടികൾ ഉപകരിക്കും.
- യൂത്ത് ക്ലബ്ബുകളുമായി ബന്ധപ്പെടുത്തുന്നത് യുവജനങ്ങളുടെ പങ്കാളിത്തം വർദ്ധിപ്പിക്കുകയും പ്രോഗ്രാമുകളുടെ ഫലപ്രാപ്തി വിലയിരുത്താൻ സാധിക്കുകയും ചെയ്യുന്നു.
- യൂത്ത് ക്ലബ്ബുകളുടെ പുതുതായുള്ള രൂപീകരണത്തിനും നിലവിലുള്ള ക്ലബ്ബുകളെ ഊർജ്ജസ്വലമാക്കാനും സാഹസിക പരിപാടികൾക്ക് സാധിക്കും.
- ബോർഡ് രൂപീകരിച്ചിട്ടുള്ള വോളണ്ടറി യൂത്ത് ആക്ഷൻ ഫോഴ്സിനെ

ശക്തിപ്പെടുത്താൻ സാഹസിക പരിശീലന പരിപാടികളിലൂടെ സാധിക്കും.

**17.** സാഹസിക പരിപാടികൾ എല്ലാ ജില്ലകളിലേയും തെരഞ്ഞെടുക്കപ്പെട്ട ടൂറിസം കേന്ദ്രങ്ങളിൽ വച്ച് നടത്തുന്ന കാര്യം ബോർഡ് പരിഗണിക്കണം.

**18.** മുഴപ്പിലങ്ങാട് ബീച്ചിനോട് ചേർന്നാണ് യുവജന ക്ഷേമ ബോർഡിന്റെ കീഴിലുള്ള കണ്ണൂരിലെ മുഴപ്പിലങ്ങാട് സാഹസിക അക്കാദമി പ്രവർത്തിക്കുന്നത് .സാഹസിക അക്കാദമി പ്രവർത്തിക്കുന്ന കെട്ടിടം ബലക്ഷയം മൂലം അപകടാവസ്ഥയിലാണ്. CRZ III പരിധിയിലുള്ള കെട്ടിടമായതിനാൽ അക്കാദമിയുടെ സുഗമമായ പ്രവർത്തനത്തിന് പുതിയ സ്ഥലം കണ്ടെത്തണം.

19. ടൂറിസം വകുപ്പ്, കായിക വകുപ്പ്, ഫയർ & റെസ്ക്യൂ വകുപ്പുകളുമായി ചേർന്ന് സംയുക്തമായി സാഹസിക പരിപാടികൾ ആസൂത്രണം ചെയ്യേണ്ടതാണ്. ഇതിനായി സാഹസിക അക്കാഡമിയുടെ ജില്ലാതല മാനേജിംഗ് കമ്മിറ്റി പ്രസ്തുത വകുപ്പുകളുടെ ജില്ലാതല മേധാവികളോടൊപ്പം തുറമുഖ വകുപ്പ് ജില്ലാ മേധാവി, ജില്ലയുടെ ചുമതലയുള്ള ബോർഡ് അംഗം എന്നിവരെ ഉൾപ്പെടുത്തി പുന:സംഘടിപ്പിക്കേണ്ടതാണ്.

**20.** 4 കിലോമീറ്റർ ദൂരത്തിൽ വ്യാപിച്ചുകിടക്കുന്ന ഡ്രൈവ് -ഇൻ-ബീച്ചാണ് മുഴപ്പിലങ്ങാട് ബീച്ച്. ടൂറിസത്തിന് വളരെയധികം സാദ്ധ്യതയുള്ള ബീച്ചിനെ പ്രയോജനപ്പെടുത്തേണ്ടത് അനിവാര്യമാണ്. സാഹസിക അക്കാദമിയെ ശക്തിപ്പെടുത്തി ടൂറിസം പ്രൊമോട്ട് ചെയ്യുന്നതും സാഹസിക കായിക പരിപാടികൾ സ്ഥിരമായി നൽകാൻ കഴിയുന്നതുമായ ഏജൻസിയായും അക്കാദമിയെ മാറ്റിയെടുക്കണം.

**21.** യുവജനങ്ങളെ ടൂറിസം മേഖലയുമായി ബന്ധിപ്പിക്കേണ്ടത് അനിവാര്യമാണ്. യൂത്ത് ക്ലബ്ബ് അംഗങ്ങൾക്ക് വിദഗ്ധ പരിശീലനം നൽകുകയും സാഹസിക ടൂറിസവുമായി ബന്ധപ്പെട്ട പദ്ധതികളിൽ പങ്കെടുപ്പിക്കുകയും ചെയ്തുകൊണ്ട് പുതിയ തൊഴിൽ സാദ്ധ്യതകൾ യുവജനങ്ങൾക്കായി സൃഷ്ടിക്കുന്നതിനുള്ള മാർഗ്ഗങ്ങൾ ബോർഡ് ആവിഷ്കരിക്കണം. വിദഗ്ധ പരിശീലനം നേടിയ യൂത്ത് ക്ലബ്ബ് അംഗങ്ങളെ അക്കാദമിയുടെ ട്രെയിനിംഗ് പരിപാടികളിൽ ഇൻസ്ട്രക്ടർമാരായി നിയമിച്ചുകൊണ്ട് യുവാക്കൾക്ക് വരുമാനമാർഗ്ഗത്തിന് വഴി തുറക്കാൻ ബോർഡിന് സാധിക്കും. ഈ വിഷയത്തിൽ ബോർഡ് ഉചിതമായ തീരുമാനം കൈക്കൊള്ളേണ്ടതാണ്.

**22.** സാഹസിക കായിക വിനോദങ്ങൾ സൗജന്യമായി നൽകുന്നത് യൂത്ത് ക്ലബ്ബുകൾക്ക് മാത്രമായി പരിമിതപ്പെടുത്തണം.

**23.** ട്രോമാ കെയർ, പ്രഥമ ശുശ്രൂഷ എന്നിവയിൽ പരിശീലനം എല്ലാ യൂത്ത് ക്ലബ്ബ് അംഗങ്ങൾക്കും നൽകേണ്ടതാണ്.

**യൂത്ത് കോ- ഓർഡിനേറ്റർ (പഞ്ചായത്ത് / നഗരസഭ)**

**24.** പഞ്ചായത്തിലെ യുവജനങ്ങളെക്കുറിച്ചും അവരുടെ ആവശ്യകതയെക്കുറിച്ചും

വിവരശേഖരണം നടത്തുകയും പുതിയ യൂത്ത് ക്ലബ്ബുകൾ ആരംഭിക്കുന്നതിനുള്ള സാദ്ധ്യതകളെക്കുറിച്ചും ബോർഡിനെ അറിയിക്കുക എന്നതാണ് കോ-ഓർഡിനേറ്റർമാരുടെ ചുമതല. എന്നാൽ കോ-ഓർഡിനേറ്റർമാരുടെ പ്രവർത്തനം ആശാവഹമല്ല. യൂത്ത് ക്ലബ്ബുകളുടെ ശോചനീയാവസ്ഥ യൂത്ത് കോ-ഓർഡിനേറ്റർമാരുടെ പ്രവർത്തനം ശക്തിപ്പെടുത്തേണ്ട ആവശ്യകതയിലേക്ക് വിരൽചൂണ്ടുന്നു.

**ജില്ലാ യൂത്ത് കോ-ഓർഡിനേറ്റർ**

**25.** നിലവിലെ സാഹചര്യത്തിൽ ജില്ലാ യൂത്ത് കോ-ഓർഡിനേറ്റർമാർക്ക് വ്യക്തമായതും കാര്യമാത്രപ്രസക്തവുമായ ചുമതലകളോ കർത്തവ്യങ്ങളോ നിർവ്വഹിക്കാനില്ല. അദ്ധ്യായം 7 ൽ വിവരിക്കുന്ന വിവിധതലങ്ങളിലുള്ള പ്രോഗ്രാമുകൾ യൂത്ത് ക്ലബ്ബ് തലത്തിലും തദ്ദേശസ്വയംഭരണ തലത്തിലും നടത്തിയാൽ മാത്രമേ യുവജനക്ഷേമ ബോർഡിന്റെ പ്രവർത്തനം അർത്ഥപൂർണ്ണമാവുകയുള്ളൂ. കേരളോത്സവം പോലെയുള്ള പ്രോഗ്രാമുകൾ ജനകീയമാക്കേണ്ടത് അത്യാവശ്യമാണ്. ഈ വസ്തുതകൾ മുൻനിർത്തി യൂത്ത് വെൽഫെയർ ബോർഡിന്റെ പദ്ധതി നടത്തിപ്പിൽ നേരിട്ട് ഭാഗഭാക്കാകാൻ സോഷിയോളജി /സോഷ്യൽ വർക്ക് എന്നിവയിൽ ബിരുദാനന്തര ബിരുദം കരസ്ഥമാക്കിയ യുവതീ യുവാക്കൾക്ക് അവസരം നൽകുന്ന കാര്യം ബോർഡ് പരിഗണിക്കേണ്ടതാണ് .

**യുവതാ മാഗസിൻ**

**26.** താഴെ പറയുന്ന രീതിയിൽ യുവതാ മാഗസിൻ പരിഷ്കരിക്കേണ്ടതാണ്.

A. യുവതാ മാഗസിൻ വരിക്കാർ 'യൂത്ത് ക്ലബ്ബുകൾ' ആണെന്ന വസ്തുത മുൻനിർത്തി മികച്ച പ്രവർത്തനം കാഴ്ചവയ്ക്കുന്ന യൂത്ത് ക്ലബ്ബുകളെക്കുറിച്ചും അവർ നടപ്പിലാക്കുന്ന പരിപാടികളെക്കുറിച്ചും പ്രതിപാദിക്കുന്ന ഫീച്ചറുകൾ ഉൾപ്പെടുത്തേണ്ടതാണ്.

B. യുവജനക്ഷേമ ബോർഡിന്റെ മാസം തോറുമുള്ള പ്രവർത്തന റിപ്പോർട്ട് (ജില്ല തിരിച്ച്) മാഗസിനിൽ ഉൾപ്പെടുത്തേണ്ടതാണ്. യൂത്ത് ക്ലബ്ബിന്റെ ഭാവിപദ്ധതികളെക്കുറിച്ച് മാഗസീനിലൂടെ യുവതയ്ക്ക് അറിവ് നൽകേണ്ടതാണ്.

C. യൂത്ത് ക്ലബ്ബ് അംഗങ്ങളുടെയും യൂത്ത് ക്ലബ്ബിന്റെ ഭാഗഭാക്കാകുന്ന വ്യക്തികളുടെയും ലേഖനങ്ങൾ മാഗസിനിൽ ഉൾപ്പെടുത്തേണ്ടതാണ്.

D. യുവാക്കളുടെ ആശയം പ്രചരിപ്പിക്കുന്നതിനും അവരുടെ നേട്ടങ്ങൾ യുവതയെ അറിയിക്കുന്നതിനുമായി യുവതാ മാഗസിൻ പ്രയോജനപ്പെടുത്തേണ്ടതാണ്.

**യൂത്ത് ക്ലബ്ബ്**

27 കേരളത്തിലെ യൂത്ത് ക്ലബ്ബുകളുടെ ഫലപ്രദമായ പ്രവർത്തനത്തെ പ്രതികൂലമായി ബാധിക്കുന്ന ഘടകങ്ങളായ അടിസ്ഥാന സൗകര്യങ്ങളുടെ അഭാവം, സാമ്പത്തിക ഉറവിടങ്ങളുടെ അഭാവം, പ്രോത്സാഹനത്തിന്റെ അഭാവം, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും നേരിടുന്ന അവഗണന, യുവതയുടെ പങ്കാളിത്തത്തിന്റെ അഭാവം എന്നിവ പരിഹരിച്ചുകൊണ്ട് അധ്യായം 5- ൽ പ്രതിപാദിച്ചിരിക്കുന്നവിധം യൂത്ത് ക്ലബ്ബുകളെ പുനരുജ്ജീവിപ്പിക്കേണ്ടതാണ്.

**മാതൃക യൂത്ത് ക്ലബ്ബ്**

28 യൂത്ത് ക്ലബ്ബുകളുടെ ശോചനീയാവസ്ഥക്ക് പരിഹാരം കാണാനും, പ്രവർത്തനത്തിന് പുതിയ ദിശാ ബോധം നൽകാനും, പ്രവർത്തനം കാര്യക്ഷമമാക്കാനും യൂത്ത് ക്ലബ്ബുകൾക്ക് പ്രവർത്തന മാതൃകയായി സംസ്ഥാനത്തെ എല്ലാ പഞ്ചായത്ത്/ മുൻസിപ്പാലിറ്റി/ കോർപ്പറേഷനുകളിലും യുവജനകാര്യ വകുപ്പിന്റേയും, തദ്ദേശസ്വയംഭരണ വകുപ്പിന്റേയും സംയുക്ത സംരംഭമായി മോഡൽ യൂത്ത് ക്ലബ്ബുകൾ ആരംഭിക്കണം.

**യുവ ക്ലബ്ബ്**

**29.** ആദിവാസി മേഖലകളിൽ യുവ ക്ലബ്ബുകൾ ആരംഭിക്കുന്നതിനായി സ്ഥലസൗകര്യം ലഭ്യമാക്കുന്ന കാര്യം യുവജനകാര്യ വകുപ്പ്, പട്ടികജാതി പട്ടിക വർഗ്ഗ വികസന വകുപ്പുമായി ആലോചിച്ച് തീരുമാനമെടുക്കേണ്ടതാണ്.

**30.** ആധുനിക വാദ്യോപകരണങ്ങളിൽ പട്ടികജാതി/പട്ടികവർഗ്ഗ യുവതയ്ക്ക് പരിശീലനം ലഭ്യമാക്കാൻ ബോർഡ് നടപടികൾ സ്വീകരിക്കേണ്ടതാണ്.

**31.** സമീപകാലത്തുണ്ടായ വെള്ളപ്പൊക്കത്തിൽ പല യുവ ക്ലബ്ബുകൾക്കും നാശനഷ്ടങ്ങൾ ഉണ്ടായിട്ടുണ്ട്. ഇത് പരിഹരിക്കുന്നതിന് തക്കതായ നടപടികൾ ബോർഡിന്റെ ഭാഗത്തുനിന്നും സ്വീകരിക്കേണ്ടത് അത്യന്താപേക്ഷിതമാണ്.

**അഭിലഷണീയ പ്രോഗ്രാമുകൾ**

**32.** അഭിലഷണീയ പ്രോഗ്രാമുകൾ എന്ന അധ്യായത്തിലെ (അധ്യായം 9) ശേഷി വർദ്ധിപ്പിക്കൽ, നൈപുണ്യ പരിശീലനവും മാർഗ്ഗനിർദ്ദേശവും, തൊഴിൽ പരിശീലനം, വിദ്യാഭ്യാസം, നാടൻ കലകളുടെ പരിപോഷണം, കായിക വികസനം, സാമൂഹ്യ വികസന പരിപാടികൾ, അതിജീവന ശേഷി വികസനം, കൃഷി, ദുരന്ത നിവാരണം, ആരോഗ്യം, പ്രകൃതി സംരക്ഷണം, റോഡ് സുരക്ഷ എന്നീ തലക്കെട്ടുകളിൽ വിവരിച്ചിരിക്കുന്ന പ്രോഗ്രാമുകൾ, പ്രസ്തുത തലക്കെട്ടുകളിൽ വിവരിച്ചിരിക്കുന്ന

മാർഗ്ഗങ്ങളിലൂടെ നടത്തപ്പെടേണ്ടതാണ്.

**പ്ലാനിംഗ് & ആഡിറ്റ് വിംഗ്**

**33.** മെമ്പർ സെക്രട്ടറിയുടെ മേൽനോട്ടത്തിൽ ഡെപ്യൂട്ടി ഡയറക്ടർ, ഫിനാൻസ് ഓഫീസർ, പ്രോജക്ട് ഓഫീസർ, സീനിയർ സൂപ്രണ്ട് എന്നിവരടങ്ങിയ പ്ലാനിംഗ് & ആഡിറ്റ് വിംഗ് രൂപീകരിക്കേണ്ടതാണ്. യുവജനക്ഷേമ ബോർഡിന്റെ പദ്ധതികൾ സമൂഹത്തിൽ ഉദ്ദേശിച്ച രീതിയിൽ മാറ്റങ്ങൾ സൃഷ്ടിക്കുന്നുണ്ട് എന്ന് ഉറപ്പ് വരുത്താനും, പദ്ധതികൾ സമയബന്ധിതമായി ആസൂത്രണം ചെയ്യുന്നതിനും, ജില്ലാ യുവജനക്ഷേമ കേന്ദ്രങ്ങളുടെ പ്രവർത്തനം വിലയിരുത്തുന്നതിനും, ഫണ്ട് വിനിയോഗം മോണിറ്റർ ചെയ്യുന്നതിനും പ്ലാനിംഗ് & ആഡിറ്റ് വിംഗ് അത്യന്താപേക്ഷിതമാണ്. പ്ലാനിംഗ് & ആഡിറ്റ് വിംഗിന്റെ പ്രവർത്തനത്തിനായി ഒരു ചട്ടക്കൂട്(structural framework) തയ്യാറാക്കേണ്ടതാണ്. ഓരോ ത്രൈമാസത്തിലും പ്ലാനിംഗ് & ആഡിറ്റ് വിംഗ് പ്രവർത്തന പുരോഗതി റിപ്പോർട്ട് സർക്കാരിന് സമർപ്പിക്കേണ്ടതാണ്.

**മറ്റ് നിർദ്ദേശങ്ങൾ**

യുവജനക്ഷേമ ബോർഡ് മാനുവൽ

**34.** യുവജനക്ഷേമ ബോർഡിലെ വിവിധ തസ്തികകളിലെ ചുമതലകൾ നിർദ്ദേശിച്ചുകൊണ്ടും, ചുമതലകൾ നിർവ്വഹിക്കേണ്ട രീതികളും വിശദമാക്കിക്കൊണ്ട് മാനുവൽ തയ്യാറാക്കണം.

ആശയങ്ങൾ സ്വീകരിക്കുന്നത്

**35.** യൂത്ത് ക്ലബ്ബുകളിൽ നിന്നും ആശയങ്ങൾ സ്വീകരിക്കുന്നതിന് വളരെയധികം പ്രാധാന്യം നൽകണം. അവരുടെ ആശയങ്ങൾക്കനുസൃതമായി പദ്ധതികൾ ആവിഷ്കരിക്കാൻ ബോർഡ് തയ്യാറാവണം.

**36.** ക്ലബ്ബ് തലത്തിലെ പ്രോഗ്രാമുകളുമായി ബന്ധപ്പെട്ട പർച്ചേസ്, മറ്റ് ചെലവുകൾ എന്നിവ പ്രോഗ്രാം ഓഫീസർമാർ നേരിട്ട് നടത്തേണ്ടതാണ്.

**37.** യൂത്ത്/ യുവ ക്ലബ്ബുകൾ പ്രോഗ്രാമുകൾ സംഘടിപ്പിക്കുന്നത് പ്രോഗ്രാം ഓഫീസർമാരുടെ/ യൂത്ത് വെൽഫെയർ കോ - ഓർഡിനേറ്ററുടെ/ യൂത്ത് കോ - ഓർഡിനേറ്ററുടെ സാന്നിദ്ധ്യത്തിലാണ് എന്ന് ഉറപ്പുവരുത്തണം. ഇത് സംബന്ധിച്ച് ബോർഡ് ഉത്തരവുകൾ പുറപ്പെടുവിക്കേണ്ടതാണ്.

യുവത പ്രാതിനിധ്യം

**38.** പ്രോഗ്രാമുകളിൽ യുവതയുടെ പരമാവധി പ്രാതിനിധ്യം ഉറപ്പാക്കാൻ പ്രോഗ്രാം ഓഫീസർമാർക്ക് കഴിയണം. പ്രാതിനിധ്യം സംബന്ധിച്ച കൃത്യമായ വിവരങ്ങൾ റെക്കോഡ് ചെയ്യപ്പെടേണ്ടതും പ്രോഗ്രാമിന്റെ ഗുണഫലം ബോർഡ്

വിലയിരുത്തേണ്ടതുമാണ്.

കോർ - കോംപിറ്റൻസി ഗ്രൂപ്പുകൾ

**39.** ഉന്നത വിദ്യാഭ്യാസ യോഗ്യതകൾ നേടിയിട്ടുള്ള യൂത്ത് ക്ലബ് അംഗങ്ങളെ ചേർത്ത് കൊണ്ട് കോർ കോംപ്റ്റൻസി ഗ്രൂപ്പുകൾ തുടങ്ങുക. ഉദാ. കൃഷിയുമായി ബന്ധപ്പെട്ട ഓർഗാനിക് ഫാമിംഗ് സംബന്ധിച്ച് കർഷകർക്ക് അറിവ് പകർന്ന് നൽകാൻ സാധിക്കും.

**40.** യൂത്ത് ക്ലബ്ബുകളിലെ അംഗങ്ങളെ ഉൾപ്പെടുത്തി വിഭിന്ന മേഖലകളിലെ വിദഗ്ധ ഗ്രൂപ്പുകൾ രൂപീകരിക്കുക.

ഗ്രാമീണ ഗവേഷകർ

**41.** ഗ്രാമീണ ഗവേഷകരെ മോഡൽ യൂത്ത് ക്ലബ്ബുകളുമായി ബന്ധിപ്പിക്കുക. ഗ്രാമീണ ഗവേഷകരുടെ കണ്ടെത്തലുകൾ യുവാക്കൾക്ക് പരിചയപ്പെടുത്തിനൽകുന്നത് വഴി യുവതയെ പ്രചോദിപ്പിക്കുവാൻ ഇതിനു കഴിയും.

എലൈറ്റ് ഗ്രൂപ്പ്

**42.** കലാ, കായിക, ശാസ്ത്ര, സാഹിത്യ വിഷയങ്ങളിൽ തിളക്കമാർന്ന നേട്ടം കാഴ്ചവയ്ക്കുന്ന യൂത്ത് ക്ലബ്ബ് അംഗങ്ങളെ ഉൾപ്പെടുത്തി ജില്ലാതലത്തിൽ എലൈറ്റ് ഗ്രൂപ്പ് രൂപീകരിക്കേണ്ടതാണ്.

യൂത്ത് ക്ലബ്ബ് അവാർഡ്

**43.** കലാ, കായിക, ശാസ്ത്ര, സാഹിത്യ, സന്നദ്ധ പ്രവർത്തനം തുടങ്ങി ഓരോ മേഖലകളിലും മികച്ച പ്രവർത്തനം കാഴ്ചവയ്ക്കുന്ന യൂത്ത് ക്ലബ്ബുകൾക്ക് ജില്ലാതലത്തിലും പഞ്ചായത്ത്/നഗര തലങ്ങളിലും ഏറ്റവും മികച്ച യൂത്ത് ക്ലബ്ബ് (Best Youth Club for Arts/ Literature/ Sports/ Voluntary Service) എന്ന പേരിൽ അവാർഡ് ഏർപ്പെടുത്തേണ്ടതാണ്.

സംസ്ഥാനതല സമിതി

**44.** യൂത്ത് ക്ലബ്ബുകളുടെ പ്രവർത്തനം വിലയിരുത്തുന്നതിനായി സംസ്ഥാനതലത്തിൽ ഒരു സമിതി രൂപീകരിക്കേണ്ടതാണ്. വർഷത്തിൽ രണ്ട് തവണയെങ്കിലും സമിതി യോഗം ചേരേണ്ടതാണ്.

ഫെലോഷിപ്പ്

**45.** സോഷ്യൽ വർക്കിൽ പി.എച്ച്.ഡി പ്രോഗ്രാം (യുവജനവികസനം) ചെയ്യുന്ന മിടുക്കരായ ഗവേഷണ വിദ്യാർത്ഥികൾക്ക് ഫെലോഷിപ്പ് നൽകുന്ന കാര്യം ബോർഡ് പരിഗണിക്കണം.

കേരളോത്സവം

**46.** ഭിന്നശേഷി വിഭാഗത്തിൽപ്പെട്ടവർ, ഭാഷാ ന്യൂനപക്ഷങ്ങൾ എന്നിവർക്കായി കേരളോത്സവത്തിൽ മത്സരങ്ങൾ ഏർപ്പെടുത്തണം.

<u>ജില്ല പഞ്ചായത്ത്</u>

**47.** ചില ജില്ലാ പഞ്ചായത്തുകൾ തങ്ങളുടെ വാർഷിക പദ്ധതികളിൽ യൂത്ത് ക്ലബ്ബുകൾക്ക് ധനസഹായം ഏർപ്പെടുത്തിയ സാഹചര്യത്തിൽ, എല്ലാ ജില്ലാ പഞ്ചായത്തുകളുടെയും വാർഷിക പദ്ധതികളിൽ യൂത്ത് ക്ലബ്ബുകൾക്ക് ധനസഹായം ഉൾപ്പെടുത്തുന്നത് സംബന്ധിച്ച വിഷയം യുവജനകാര്യ വകുപ്പ് തദ്ദേശസ്വയംഭരണ വകുപ്പുമായി ചർച്ച ചെയ്ത് തീരുമാനമെടുക്കേണ്ടതാണ്.

<u>തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ</u>

**48.** തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ തങ്ങളുടെ വാർഷിക പദ്ധതികളിൽ യുവജനക്ഷേമ പദ്ധതികൾ ഉൾപ്പെടുത്താത്ത സാഹചര്യം നിലനിൽക്കുന്നു. വാർഷിക പദ്ധതികളിൽ യുവജനക്ഷേമ പദ്ധതികൾ നിർബന്ധമാക്കുന്നതിനായി യുവജനകാര്യ വകുപ്പ് തദ്ദേശസ്വയംഭരണ വകുപ്പുമായി ചർച്ച ചെയ്യേണ്ടതാണ്.

## <u>ഉപസംഹാരം</u>

കേരള സംസ്ഥാന യുവജനക്ഷേമ ബോർഡിന്റെ പ്രവർത്തനങ്ങൾ ഈ റിപ്പോർട്ടിൽ പ്രതിപാദിക്കും പ്രകാരം വിപുലപ്പെടുത്തുന്നതിന് നിലവിൽ അനുവദിച്ച് വരുന്ന ഗ്രാന്റ് ഇൻ എയ്ഡ് തികച്ചും പര്യാപ്തമാണ്. സേവനതത്പരവും, സൗഹാർദ്ദപരവുമായ മനോഭാവം ജീവനക്കാരിൽ സൃഷ്ടിക്കുന്നതോടൊപ്പം 100 ശതമാനം കർമ്മനിരതമായ സ്ഥാപനമായി ഉയർന്നാൽ മാത്രമെ കേരളീയസമൂഹത്തിൽ അനുഭവവേദ്യമായ പരിവർത്തനം സൃഷ്ടിക്കാൻ യുവജനക്ഷേമ ബോർഡിന് സാധിക്കുകയുള്ളൂ.

# കൃതജ്ഞത

ഈ പ്രവൃത്തി പഠനം വിജയകരമായി പൂർത്തിയാക്കുന്നതിന് പൂർണ്ണ സഹകരണം നൽകിയ കേരള സംസ്ഥാന യുവജന ക്ഷേമ ബോർഡിലെ അധികാരികളോടും ജീവനക്കാരോടും ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പിനുള്ള അകമഴിഞ്ഞ നന്ദി രേഖപ്പെടുത്തുന്നു .

(ഒപ്പ്)
കെ.ഗോപാലകൃഷ്ണ ഭട്ട്
സെക്രട്ടറി
ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പ്

തിരുവനന്തപുരം
തീയതി 15/02/2020

# അനുബന്ധ സൂചിക

| ക്രമ നമ്പർ | വിവരം |
|---|---|
| അനുബന്ധം - I | സംസ്ഥാന യുവജന ക്ഷേമ ബോർഡിൽ കരാർ അടിസ്ഥാനത്തിൽ പ്രവർത്തിക്കുന്ന ജീവനക്കാരുടെ വിവരങ്ങൾ |
| അനുബന്ധം - II | സംസ്ഥാന യുവജന ക്ഷേമ ബോർഡിൽ സ്ഥിര നിയമനം ലഭിച്ചവരുടെ വിവരങ്ങൾ |
| അനുബന്ധം - III | സംസ്ഥാന യുവജന ക്ഷേമ ബോർഡി ൽ പുതുതായി സൃഷ്ടിക്കുന്ന തസ്തികകളുടെ ഒരു വർഷത്തെ ശമ്പള ഇനത്തി ലുള്ള സാമ്പത്തിക ചെലവ് |
| അനുബന്ധം - IV | സംസ്ഥാന യുവജന ക്ഷേമ ബോർഡിന്റെ സംഘടനാ ചാർട്ട് |

## അനുബന്ധം I

സംസ്ഥാന യുവജനക്ഷേമ ബോർഡിൽ കരാർ അടിസ്ഥാനത്തിൽ പ്രവർത്തിക്കുന്ന ജീവനക്കാരുടെ വിവരങ്ങൾ (01-12-2018 പ്രകാരം)

| **ക്രമ നമ്പർ** | **പേര്** | **തസ്തിക** | **പ്രവേശിച്ച തീയതി** | **സമാഹൃത വേതനം (പ്രതിമാസം)** |
|---|---|---|---|---|
| 1 | പ്രണീത.പി | സ്പെഷ്യൽ ഓഫീസർ | 14/03/2006 മുതൽ ദിവസവേതനം (ക്ലാർക്ക് ) 11/03/2010 മുതൽ കരാർ (സ്പെഷ്യൽ ഓഫീസർ) | 36,600/- |
| 2 | റിനിമോൾ.എൽ | ജൂനിയർ പ്രോഗ്രാമർ | 01/11/2007 മുതൽ ദിവസവേതനം 01/04/2011 മുതൽ കരാർ | 36,600/- |
| 3 | ശങ്കർ.എം.എസ് | ജില്ലാ യൂത്ത് പ്രോഗ്രാം ഓഫീസർ | 22/10/2003 മുതൽ ദിവസവേതനം 19/04/2013 മുതൽ കരാർ | 35,700/- |
| 4 | ഉദയകുമാരി.എസ് | ജില്ലാ യൂത്ത് പ്രോഗ്രാം ഓഫീസർ | 22/10/2003 മുതൽ ദിവസവേതനം 19/04/2013 മുതൽ കരാർ | 35,700/- |
| 5 | ബീന.എസ്.ബി | ജില്ലാ യൂത്ത് പ്രോഗ്രാം ഓഫീസർ | 06/11/2003 മുതൽ ദിവസവേതനം 19/04/2013 മുതൽ കരാർ | 35,700/- |
| 6 | ശ്രീലേഖ ആർ | ജില്ലാ യൂത്ത് പ്രോഗ്രാം ഓഫീസർ | 22/10/2003 മുതൽ ദിവസവേതനം 19/04/2013 മുതൽ കരാർ | 35,700/- |

| | | | | |
|---|---|---|---|---|
| 7 | ചന്ദ്രീകാദേവി .ആർ.എസ് | ജില്ലാ യൂത്ത് പ്രോഗ്രാം ഓഫീസർ | 06/11/2003 മുതൽ ദിവസവേതനം 19/04/2013 മുതൽ കരാർ | 35,700/- |
| 8 | ലൈജു.ടി.എസ് | ജില്ലാ യൂത്ത് പ്രോഗ്രാം ഓഫീസർ | 22/10/2003 മുതൽ ദിവസവേതനം 19/04/2013 മുതൽ കരാർ | 35,700/- |
| 9 | ബിന്ദു.വി.എസ് | ജില്ലാ യൂത്ത് പ്രോഗ്രാം ഓഫീസർ | 22/10/2003 മുതൽ ദിവസവേതനം 19/04/2013 മുതൽ കരാർ | 35,700/ |
| 10 | ശ്രീകല.പി.ആർ | ജില്ലാ യൂത്ത് പ്രോഗ്രാം ഓഫീസർ | 22/10/2003 മുതൽ ദിവസവേതനം 19/04/2013 മുതൽ കരാർ | 35,700/- |
| 11 | ഷീജ.ബി | ജില്ലാ യൂത്ത് പ്രോഗ്രാം ഓഫീസർ | 26/11/2003 മുതൽ ദിവസവേതനം 19/04/2013 മുതൽ കരാർ | 35,700/- |
| 12 | സബിത.സി.ടി | ജില്ലാ യൂത്ത് പ്രോഗ്രാം ഓഫീസർ | 02/01/2010 മുതൽ ദിവസവേതനം 0312/2013 മുതൽ കൺസോളിഡേറ്റഡ് 17/03/2018 മുതൽ കരാർ | 35,700/- |
| 13 | വിനോദൻ പൂത്തിയിൽ | ജില്ലാ യൂത്ത് പ്രോഗ്രാം ഓഫീസർ | 12/06/2008 മുതൽ കരാർ | 35,700/- |
| 14 | ഷിലാസ്.പി.എസ് | ജില്ലാ യൂത്ത് പ്രോഗ്രാം ഓഫീസർ | 22/10/2003 മുതൽ ദിവസ വേതനം 19/04/2013 മുതൽ കരാർ | 35,700/- |
| 15 | പ്രദീപ് കുമാർ.ജെ | ജില്ലാ യൂത്ത് പ്രോഗ്രാം | 22/10/2003 മുതൽ ദിവസ വേതനം | 35,700/- |

| | | | | |
|---|---|---|---|---|
| | | ഓഫീസർ | 19/04/2013 മുതൽ കരാർ | |
| 16 | പ്രസീത.കെ | ജില്ലാ യൂത്ത് പ്രോഗ്രാം ഓഫീസർ | 28/12/2009 മുതൽ ദിവസ വേതനം 01/04/2011 മുതൽ കരാർ | 35,700/- |
| 17 | ജയപ്രകാശ്.വി.ജെ | ക്ലാർക്ക് | 12/11/2001 മുതൽ ദിവസ വേതനം 01/04/2011 മുതൽ കരാർ | 20,760/- |
| 18 | ഡൈഡസ്റ്റോൺ .എൽ.പി | ക്ലാർക്ക് | 10/1/2007 മുതൽ ദിവസ വേതനം 01/04/2011 മുതൽ കരാർ | 20,760/- |
| 19 | സതീഷ് കുമാർ.എസ്.വി | ക്ലാർക്ക് | 20/10/2007 മുതൽ ദിവസ വേതനം 01/04/2011 മുതൽ കരാർ | 20,760/- |
| 20 | മഹേഷ്.എം.ബി | ക്ലാർക്ക് | 28/07/2010 മുതൽ ദിവസ വേതനം 01/04/2011 മുതൽ കരാർ | 20,760/- |
| 21 | ജയപ്രകാശ്.സി | ക്ലാർക്ക് | 21/01/2008 മുതൽ ദിവസ വേതനം 01/04/2011 മുതൽ കരാർ | 20,760/- |
| 22 | സുചിത്ര.പി | ക്ലാർക്ക് | 03/03/2006 മുതൽ ദിവസ വേതനം 01/04/2011 മുതൽ കരാർ | 20,760/- |
| 23 | സീജ.എൽ | ക്ലാർക്ക് | 24/07/2010 മുതൽ ദിവസ വേതനം 01/04/2011 മുതൽ കരാർ | 20,760/- |

| | | | | |
|---|---|---|---|---|
| 24 | സതീശൻ.കെ.ജി | ക്ലാർക്ക് | 07/11/2001 മുതൽ ദിവസ വേതനം 01/04/2011 മുതൽ കരാർ | 20,760/- |
| 25 | ഹസീനസലാം | ക്ലാർക്ക് | 02/05/2008 മുതൽ ദിവസ വേതനം 01/03/2005 മുതൽ കരാർ | 20,760/- |
| 26 | ബിന്ദുലേഖ.ആർ .എസ് | ക്ലാർക്ക് കം ഡാറ്റാ എൻട്രി ഓപ്പറേറ്റർ | 15/03/2006 മുതൽ ദിവസ വേതനം 01/04/2011 മുതൽ കരാർ | 20,760/- |
| 27 | ജയശ്രീ.എസ് | ക്ലാർക്ക് കം ഡാറ്റാ എൻട്രി ഓപ്പറേറ്റർ | 01/08/2007 മുതൽ ദിവസ വേതനം 01/04/2011 മുതൽ കരാർ | 20,760/- |
| 28 | ജിജി.ജി.എസ് | ക്ലാർക്ക് കം ഡാറ്റാ എൻട്രി ഓപ്പറേറ്റർ | 17/05/2008 മുതൽ ദിവസ വേതനം 01/03/2015 മുതൽ കരാർ | 20,760/- |
| 29 | ബിന്ദു വിശ്വനാഥൻ | ക്ലാർക്ക് കം ഡാറ്റാ എൻട്രി ഓപ്പറേറ്റർ | 01/03/2006 മുതൽ ദിവസ വേതനം 10/03/2015 മുതൽ കരാർ | 20,760/- |
| 30 | ഷീബ.കെ.പി | ക്ലാർക്ക് കം ഡാറ്റാ എൻട്രി ഓപ്പറേറ്റർ | 15/12/2009 മുതൽ ദിവസ വേതനം 01/03/2015 മുതൽ കരാർ | 20,760/- |
| 31 | പ്രിയ.കെ.ജി | ക്ലാർക്ക് കം ഡാറ്റാ എൻട്രി ഓപ്പറേറ്റർ | 01/03/2006 മുതൽ ദിവസ വേതനം 01/03/2015 മുതൽ കരാർ | 20,760/- |
| 32 | ശ്രീജിത്ത്.സി | ക്ലാർക്ക് കം ഡാറ്റാ എൻട്രി ഓപ്പറേറ്റർ | 02/05/2008 മുതൽ ദിവസ വേതനം 01/03/2015 മുതൽ | 20,760/- |

| | | | | |
|---|---|---|---|---|
| | | | കരാർ | |
| 33 | വിജോമ ചുള്ളേരി | ക്ലാർക്ക് കം ഡാറ്റാ എൻട്രി ഓപ്പറേറ്റർ | 01/12/2009 മുതൽ ദിവസ വേതനം 01/03/2015 മുതൽ കരാർ | 20,760/- |
| 34 | ബിന്ദു.ഡി.ആർ | പ്യൂൺ | 11/02/2008 മുതൽ ദിവസ വേതനം 01/04/2011 മുതൽ കരാർ | 18,030/- |
| 35 | ഗോപകുമാർ.ടി.വി | പ്യൂൺ | 26/08/2009 മുതൽ ദിവസ വേതനം 01/03/2015 മുതൽ കരാർ | 18,030/- |
| 36 | ദിലീപ് കുമാർ.പി | പ്യൂൺ | 06/07/2009 മുതൽ ദിവസ വേതനം 01/03/2015 മുതൽ കരാർ | 18,030/- |
| 37 | പുഷ്പജ.എ | പ്യൂൺ | 06/02/2009 മുതൽ ദിവസ വേതനം 01/03/2015 മുതൽ കരാർ | 18,030/- |
| 38 | പ്രസന്ന.കെ | പ്യൂൺ | 19/12/2010 മുതൽ ദിവസ വേതനം 01/03/2015 മുതൽ കരാർ | 18,030/- |
| 39 | ശശിധരൻ.ഇ | പ്യൂൺ | 06/02/2009 മുതൽ ദിവസ വേതനം 01/03/2015 മുതൽ കരാർ | 18,030/- |
| 40 | ചിത്രകുമാർ.എം.വി | പ്യൂൺ | 11/05/2010 മുതൽ ദിവസ വേതനം 01/03/2015 മുതൽ കരാർ | 18,030/- |
| 41 | സദാനന്ദ.എസ് | പ്യൂൺ | 01/01/2010 മുതൽ | 18,030/- |

| | | | | |
|---|---|---|---|---|
| | | | ദിവസ വേതനം 01/03/2015 മുതൽ കരാർ | |
| 42 | ബാബുമോൻ.എ | നൈറ്റ് വാച്ചർ | 10/08/2010 മുതൽ ദിവസ വേതനം 01/04/2011 മുതൽ കരാർ 19/04/2013 മുതൽ ദിവസവേതനം 03/12/2013 മുതൽ കരാർ | 18030/- |
| 43 | രമണി.വി | പാർട്ട് ടൈം സ്വീപ്പർ | 01/01/2008 മുതൽ ദിവസ വേതനം 01/04/2011 മുതൽ കരാർ 19/04/2013 മുതൽ ദിവസ വേതനം 03/12/2013 മുതൽ കരാർ | 8200/- |

## അനുബന്ധം II

സംസ്ഥാന യുവജനക്ഷേമ ബോർഡിലെ സ്ഥിരം ജീവനക്കാർ

| ക്രമ നമ്പർ | പേര് | തസ്തിക | നിയമനം നൽകിയ സർക്കാർ ഉത്തരവ് | ശമ്പള സ്കെയിൽ |
|---|---|---|---|---|
| 1 | സുനിത.എൽ | എൽ.ഡി.ടൈപ്പിസ്റ്റ് | സ.ഉ(സാധാ) നം.447/98/പൊവിവ തീയതി 3/2/1998 | 9190-15780 |
| 2 | പ്രിയ.ആർ | ക്ലാർക്ക് കം ഡാറ്റാ എൻട്രി ഓപ്പറേറ്റർ | സ,ഉ(എം.എസ്) നം.12/12/ക.യു.വ തീയതി 17/05/2012 | 9190-15780 |
| 3 | ധർമ്മദാസ്. | പ്യൂൺ | സ,ഉ(എം.എസ്) ന ം.194/02/പൊ.വി.വ തീയതി 06/07/2010 | 8500-13210 |

## അനുബന്ധം III

## സംസ്ഥാന യുവജനക്ഷേമ ബോർഡിൽ പുതുതായി സൃഷ്ടിക്കുന്ന തസ്തികകളുടെ ഒരു വർഷത്തെ ശമ്പള ഇനത്തിലുള്ള സാമ്പത്തിക ചെലവ്

| ക്രമ നമ്പർ | തസ്തികയുടെ പേര് | എണ്ണം | ശമ്പള സ്കെയിൽ | ഒരു വർഷത്തിൽ ശമ്പള ഇനത്തിലുള്ള ചെലവ്<br>(അടിസ്ഥാന ശമ്പളം + 20% ഡി.എ) |
|---|---|---|---|---|
| 1 | ഗ്രാഫിക് ഡിസൈനർ | 1 | 29200 - 62400 | (29200+5840) X1X12 = 420480 |
| 2. | ഹെഡ് ക്ലാർക്ക് | 1 | 27800 - 59420 | (27800+5560) X1X12 = 40320 |
| 3 | പ്രോഗ്രാം കോ-ഓർഡിനേറ്റർ | 1 | 25200 - 54000 | (25200+5040) X1X12 = 362880 |
| 4 | ക്ലാർക്ക് | 2 | 19000 - 43600 | (19000+3800) X2X12 = 547200 |
| 5 | ക്ലാർക്ക് കം ഡേറ്റാ എൻട്രി ഓപ്പറേറ്റർ | 14 | 18000 - 41500 | (18000+3600) X14X12 = 3628800 |
| 6 | ഡ്രൈവർ | 1 | 18000 - 41500 | (18000+3600) X1X12 = 259200 |
| 7 | പ്യൂൺ | 17 | 16500 - 35700 | (16500+3300) X17X12 = 4039200 |
| 8 | നൈറ്റ് വാച്ചർ | 1 | 16500 - 35700 | (16500+3300) X1X12 = 237600 |
| | | | **Total** | **98,95,680** |